# ദളം

**കേളി യു കെ പ്രസിദ്ധീകരണം 2025**



**കഥ**
**കവിത**
**അനുഭവം**
**അന്വേഷണം**
**ഓർമ്മക്കുറിപ്പ്**



കേളി UK
കേരളപ്പിറവി - 2025
SWAYAM
PROPERTY SERVICES LTD
www.swayam.co.uk
neil
travel & tours ltd
0208 548 1210
ദൃശ്യകല
MAUK
അവതരിപ്പിക്കുന്ന നാടകം
Theyyam
തെയ്യം
RAJAN KIZHAKKANELA
VIJAYAN KADAMBERY , PRANAVAM MADHU, A.G. KULAMADA
JOI GOPI, SUBHASH KUMAR, SREEVALSALAN, SAMBASIVAN
SASI S KULAMADA
അണിയറ ശില്പികൾ
2025 നവംബർ 1 -ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണി മുതൽ
സ്ഥലം : Ripple Centre, Ripple Road, Barking 1G 11 7PB



# എഡിറ്റോറിയൽ

നാടകത്തിന്റെ ചരിത്രം അന്വേഷിക്കുമ്പോൾ പലപ്പോഴും അതു ചെന്നെത്തിനിൽക്കുന്നത് പുരാതന ഗ്രീക്കിലെ ഉർവ്വരതയുടെ അധിദേവതയായ ഡിയോണിസസിന്റെ പ്രീതിക്കായി അവതരിപ്പിക്കപ്പെട്ട ആവിഷ്കാരങ്ങളിലാണ്. ഡിയോണിസസ് ഉത്സവങ്ങളുടെയും, തീയേറ്ററിന്റെയും കൂടി ദേവതയാണ്. യവന സംസ്കാരത്തിന്റെ പിൻതുടർച്ചപോലെ റോമാസാമ്രാജ്യം നാടകത്തെയും മറ്റു കലാവിഷ്കാരങ്ങളെയും വളർത്തി. ഗംഭീരമായ ആംഫി തീയേറ്ററുകൾ ജനസഞ്ചയത്തെ ആഹ്ലാദിപ്പിച്ചു. ഗുഹാഭിത്തികളിൽ കോറിയിട്ട മൃഗരൂപങ്ങൾ മുതൽ കല മനുഷ്യന്റെ വളർച്ചയുടെ ഭാഗമായിരുന്നു എന്നതാണ് അടിവരയിട്ടു പറയേണ്ടത്.

ഇവിടെ ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ ഏറിയ സമയവും അദ്ധ്വാനവും സമർപ്പിച്ചിരിക്കുന്നത് കലാപ്രവർത്തനങ്ങൾക്കു വേണ്ടിയാണ്. പ്രവാസത്തിന്റെ പ്രതികൂലമായ സാഹചര്യങ്ങളിൽ ഇതൊരു വെല്ലുവിളിയാണ്. ഒരു വശത്തു കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളും മറുവശത്തു കലാപ്രവർത്തനത്തിന്റെ ഉൾവിളിയും. ഇതു രണ്ടും കൂടി ഒന്നിച്ചു കൊണ്ടുപോകുന്നത് ശ്രമകരമായ അഭ്യാസം തന്നെയാണ്. ആ ബാലൻസിങ് ആക്ട് ആണ് ശശി എസ് കുളമട എന്ന കലാപ്രവർത്തകനെ വ്യത്യസ്തനാക്കുന്നത്. ശക്തവും വിശാലവുമായ സൗഹൃദമാണ് എന്നും അദ്ദേഹത്തിന്റെ കരുത്ത്.

മലയാളി കുടിയേറ്റ ചരിത്രത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന കിഴക്കൻ ലണ്ടനിലെ മലയാളി കലാസാംസ്കാരിക സംഘടനകളിലെ കലാപ്രവർത്തനങ്ങളുടെ നിത്യസാന്നിധ്യമായി ഇന്നും തുടരുന്ന ശശി എസ് കുളമട ഇതിനോടകം അനേകം നാടകങ്ങൾ സംവിധാനം ചെയ്യുകയും, അതിലേറെ നാടകങ്ങളിൽ അഭിനയിക്കുകയും ചെയ്തു കഴിഞ്ഞു. 2008ൽ അദ്ദേഹം തന്റെ അടുത്ത ചില സുഹൃത്തുക്കളുമായി ചേർന്നുകൊണ്ട് സ്വതന്ത്ര സംരംഭമായി 'കൈരളി സാംസ്കാരിക വേദി'ക്കു തുടക്കം കുറിച്ചു. ഒരു വസന്തത്തിനു ശേഷം അതു 'കേളി' ആയി പരിണമിച്ചു. അടിസ്ഥാനപരമായ കലാകാരന്റെ സ്വാതന്ത്ര്യം അനുഭവിക്കാൻ തനിക്കു പൂർണ്ണ നിയന്ത്രണമുള്ള ഒരു തട്ടകത്തിൽ സാധിക്കും എന്ന വിശ്വാസമായിരുന്നു ഇതിനു പിന്നിൽ. വലിയ സംഘടനകൾ പ്രശസ്തരെ സ്റ്റേജിൽ എത്തിക്കാൻ ശ്രമിക്കുമ്പോൾ, പ്രാഗൽഭ്യമുള്ള പലരും വെറും കാഴ്ചക്കാർ മാത്രമായി മാറാറുണ്ട്. ഇങ്ങനെയുള്ളവരെക്കൂടി കൈ പിടിച്ചു അരങ്ങിലെത്തിക്കാൻ ശശി ശ്രമിച്ചു എന്നതാണ് മുമ്പ് സൂചിപ്പിച്ച 'സ്വാതന്ത്ര്യ'ത്തിന്റെ ഒരു ലക്ഷ്യപ്രാപ്തി. 2008 മുതൽ കേരളപ്പിറവിയോടനുബന്ധിച്ചു കേളിയുടെ സ്റ്റേജ് ഷോകൾ നടന്നു വരുന്നു. മലയാളികൾക്കിടയിലെ പ്രഗത്ഭരായ കലാസാംസ്കാരിക സാഹിത്യ പ്രവർത്തകർക്ക് 'കേളി പുരസ്കാരം' നൽകിവരുന്നു. ഒന്നാം കുടിയേറ്റകാലത്തെ പ്രഗത്ഭ ചിത്രകാരനും, കലാപ്രവർത്തകനുമായിരുന്ന ശിവാനന്ദൻ കണ്വാശ്രമത്ത്-ന്റെ പേരിൽ ഏർപ്പെടുത്തിയ പുരസ്കാരവും ഇതോടൊപ്പം നൽകിവരുന്നു.

2025 നവംബറിൽ കേളിയുടെ മറ്റൊരു സംരംഭമായി 'ദളം' പുറത്തിറങ്ങുകയാണ്. ഓർമ്മക്കുറിപ്പുകൾ, കഥകൾ, കവിതകൾ എന്നിവയോടൊപ്പം കേളിയുടെ സമ്പൂർണ്ണ ചരിത്രം, ചിത്രങ്ങൾ സഹിതം, ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അക്കാരണത്താൽ ഇതൊരു ചരിത്രരേഖകൂടിയാണ്. അതുകൊണ്ടുതന്നെ 'ദളം' ഒരുക്കൂട്ടാൻ സാധിച്ചതിൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്. ദളത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എഴുത്തുകാർക്കും, അണിയറ പ്രവർത്തകരായ കരുണാകരൻ പേരാമ്പ്ര, അഭിലാഷ് എന്നിവർക്കും, എഡിറ്റോറിയൽ അംഗങ്ങൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഇനി ദളം നിങ്ങളിലേക്ക്.



**പ്രിയവ്രതൻ**
ചീഫ് എഡിറ്റർ



# ഒരു സ്വപ്നം
# വിരിയുമ്പോലെ...

സ്വപ്നങ്ങൾ വിതച്ചമണ്ണിൽ, സൗഹൃദത്തിന്റെ മുളപ്പുകൾ വളർന്ന്, കലയുടെ നിറങ്ങൾ ചേർന്ന് വിരിഞ്ഞ പൂവാണ് 'ദളം'.

സൗഹൃദങ്ങളുടെ കരുത്തിൽ, കലയും സംസ്കാരവും ഒരുമിച്ച് കലർന്നൊരു വേദിയായി 'കേളി' ജനിച്ചു. വർഷങ്ങളായി അനവധി കലാപ്രവർത്തകരുടെ കലാപ്രകടനങ്ങൾ കേളിയുടെ വേദി അലങ്കരിച്ചിരിക്കുന്നു.

കേരളത്തിന്റെ ജന്മദിനമായ കേരളപ്പിറവി ദിനമാണ് കേളിയുടെ പ്രധാന ആഘോഷം. കവിയും സാംസ്കാരിക പ്രവർത്തകനുമായ പ്രിയവ്രതൻ നൽകിയ പ്രചോദനമാണ് ദളം വിരിയാൻ കാരണമായത്.

കലയുടെ ഗന്ധവും സൗഹൃദത്തിന്റെ സൗന്ദര്യവും നിറഞ്ഞ ഈ 'ദളം' ഇനി ഓരോ വർഷവും കൂടുതൽ പ്രശോഭിക്കട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം
ശശി എസ്. കുളമട

# ആശംസ



**രാജൻ കിഴക്കനേല**

അനവധി ദളങ്ങൾ ചേരുമ്പോൾ
ഒരു പൂവ്..!
അനവധി പൂക്കൾ ചേരുമ്പോൾ
ഒരു പൂന്തോട്ടം...
അനവധി സുമനസ്സുകൾ
ഒന്നുചേരുമ്പോൾ
ഒരു പൂക്കാലം...!
ശുഭാശംസകളോടെ.



**സുരേഷ് ഗോപാൽ**
(സിനിമാ സംവിധായകൻ)

2025 കേരളപിറവി ദിനമായ നവംബർ ഒന്നിന് യു.കെ.മലയാളികളുടെ അഭിമാന മായ കലാ സാംസ്കാരിക സംഘടന 'കേളി യു.കെ'യുടെ ആദ്യ മാസിക 'ദളം' പ്രസിദ്ധീകരണം ആരംഭിയ്ക്കുന്നു. മലയാള സാഹിത്യ സാംസ്കാരിക ലോകത്തിന് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ 'ദളം ' മാസികയ്ക്ക് കഴിയുമെന്ന് ഉറച്ച വിശ്വാസമുണ്ട്. കാരണം അതിന്റെ പിന്നിൽ അത്രയും പ്രഗത്ഭ കരങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. വായനയുടെ, നവീന ചിന്തയുടെ ഒരു വസന്തകാലത്തിന് 'ദളം' മാസിക കാരണഭൂതമാകട്ടെയെന്ന് ആശംസിക്കുന്നതിനോടൊപ്പം ഒരു എളിയ കലാകാരനായ എന്റെ എല്ലാവിധ പിന്തുണയും പ്രാർത്ഥനയും.

# ഉള്ളടക്കം


ഹൃദയത്തിലേക്ക്
ഡാർട്ട് എറിയുന്ന വിധം 8
**ബീനാ റോയ്**

കൈരളി സാംസ്കാരികവേദിയിൽ
നിന്നും 'കേളി'യിലേക്ക് 9

ബ്രിട്ടനിലെ മലയാളി പ്രവാസത്തിന്റെ
അടയാളപ്പെടുത്തലുകൾ 12
**കല്ലമ്പലം അൻസാരി**

ആർട്ടിസ്റ്റ്: ശിവാനന്ദൻ കണ്വാശ്രമത് 15

'തെയ്യം' അണിയറവിശേഷങ്ങൾ 17
**ശശി. എസ്. കുളമട**

കൈരളി കേളി 22
**മോഹൻദാസ് പകൽക്കുറി**

ജീവിതത്തിൽ നിന്നു ചീന്തിയെടുത്ത
'നെയ്' എന്ന നാടകം 23
**മണമ്പൂർ സുരേഷ്**

എന്റെ നാടകാനുഭവങ്ങൾ 25
**കെ. നാരായണൻ**

കേളി പുരസ്കാരം നേടിയവർ 28

പ്രണയതീരം 29
**മുരളി മുകുന്ദൻ**

ഭാഗ്യലക്ഷ്മി 34
**ഡോ: പ്രിയ കെ.എസ്**

വിശുദ്ധയുടെ
സുവിശേഷ പുസ്തകം **39**
**സൗമ്യ രഞ്ജിത്ത്**

ആദ്യത്തെ മഞ്ഞ് അനുഭവിച്ചത്
എന്നാണ്? 40
**ഡോ. ഷാഫി മുത്തലിഫ്**















തീർത്ഥാടനം **43**
**അജിത് പാലിയത്ത്**

പുനർജ്ജനി 46
**രശ്മി പ്രകാശ്**

പത്രാസിലൊരു പുഞ്ചിരി 47
**ജോജി പോൾ**

ഇര 51
**വിജി സുഭാഷ്**

ഒരു മിഥുൻ ചക്രവർത്തി
ഫാൻബോയ്... 52
**ഡോ. ലാലു പിള്ള**

ഒരുവൾ 58
**ജിജി അനിൽ**

ദൈവം കണ്ണടയ്ക്കുന്ന
ചില നിമിഷങ്ങൾ 59
**ദിവ്യ റിനീഷ്**











| | |
|---|---|
| കേളി സഹായഹസ്തം | 64 |
| Word search<br>Nidhi Sasikumar | 64 |
| കേരളപ്പിറവി | 65–74 |
| വാർധക്യത്തിലെ ഏകാന്തത<br>സെമിനാർ | 75 |
| സ്മൃതിസന്ധ്യ | 76 |
| ഹർഷബാഷ്പം | 77 |
| വിദ്യാർത്ഥികളുടെ<br>സമഗ്ര വികസനത്തിൽ<br>അധ്യാപകരുടെ പങ്ക്<br>**കെ.സി. അശോക് കുമാർ** | 80 |
| എന്റെ ലണ്ടൻ സ്വപ്നം<br>**വി. മുരളീധരൻ** | 82 |





**എഡിറ്റോറിയൽ ബോർഡ്**

**പ്രിയവ്രതൻ (ചീഫ് എഡിറ്റർ)**

**ഫ്രെഡിൻ സേവ്യർ**

**സുഗേഷ് ഭാസ്കരൻ**

**ബൈജു ഗോപിനാഥൻ**

**കീർത്തി സോമരാജൻ**

**കെ. നാരായണൻ**





കവർ ഡിസൈൻ:
**ബാബു വാക**

https://keli.org.uk/





ബീനാ റോയ്

# ഹൃദയത്തിലേക്ക് ഡാർട്ട് എറിയുന്ന വിധം

അത്രയൊന്നും പരിചയമില്ലാത്ത ഒരാൾ
ഒരു പുതിയ കച്ചവടത്തിൽ
ഏർപ്പെടുന്നു.

പ്രേമത്തിൻ മോഹകോട്ടിങ്ങ് പുരട്ടി
തട്ടുകളിൽ നിരത്തിയ
പല നിറത്തിലുള്ള ഡാർട്ടുകൾ.

ഏറ്
കൈത്തഴക്കം വേണ്ട
പ്രവൃത്തിയാണ്.
ഏറുദൂരം
കൃത്യമായിരിക്കണം,
ലക്ഷ്യത്തിനായുള്ള
അക്ഷീണയത്നം വേണം.

അങ്ങിനെയൊരുനാൾ,
സമ്മാനം നേടുവാൻ ഉറച്ച്
എത്തിയ ഒരാളുടെ ഊഴം!

ഉന്നം കൃത്യം,
ഹൃദയത്തിന്റെ നാല് അറകളെ
വേർതിരിക്കുന്ന സെപ്റ്റം.
ധമനികളിലേക്ക് രക്തം
പകർന്ന്
ഹൃദയം വിശ്രമിക്കുന്ന ആ നിമിഷം.

ഒരു പ്രവൃത്തിക്ക്
തിരഞ്ഞെടുക്കുന്ന സമയമാണ്
അതിന്റെ ഭാവി നിശ്ചയിക്കുന്നത്
എന്ന് അറിയുന്ന കൗശലം.

സമ്മാനിതൻ
അടുത്ത ഫെയർഗ്രൗണ്ട്
തേടി നടക്കവേ,
ലക്ഷ്യത്തിൽ തറച്ച ഡാർട്ട്
വലിച്ചൂരാനാവാതെ,
ഏകസമ്പാദ്യമായ ഹൃദയവും പേറി
പാവം വ്യാപാരി!

# കൈരളി സാംസ്കാരിക വേദിയിൽ നിന്നും 'കേളി'യിലേക്ക്

വർഷം 2008...

യു.കെയിൽ സർഗപ്രതിഭകളായ ഒട്ടനവധി കലാപ്രവർത്തകർ വസിയ്ക്കുന്ന പ്രദേശമാണ് ഈസ്റ്റ് ഹാം. ധാരാളം സംഘടനകൾ ഉണ്ടെങ്കിലും എല്ലാവർക്കും അവരുടെ കഴിവുകൾ തെളിയിക്കുവാൻ അവസരം ലഭിയ്ക്കാറില്ല എന്നതാണ് സത്യം. സംഘടനകളെ കുറ്റംപറയുവാനും സാധിയ്ക്കില്ല, കാരണം നിശ്ചിതസമത്തിനുള്ളിൽ നിന്നുകൊണ്ട് വിവിധ പരിപാടികൾ തയ്യാറാക്കുമ്പോൾ പലർക്കും അവസരം നിഷേധിയ്ക്കപ്പെടുന്നത് സ്വാഭാവികം.

എന്തുകൊണ്ട് ഒരുകൂട്ടായ്മ ഉണ്ടാക്കി ഇങ്ങനെ അവസരം നിഷേധിയ്ക്കുന്നവർക്കും മറ്റും അവരുടെ കലാപരിപാടികളവതരിപ്പിയ്ക്കുവാൻ ഒരു വേദി ഒരുക്കിക്കൂടാ എന്ന ചിന്ത മനസ്സിൽ നാമ്പിട്ടത് ഈ സാഹചര്യത്തിലായിരുന്നു. പലരോടും ഇതിനെക്കുറിച്ചു പറഞ്ഞപ്പോൾ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ പിന്തിരിയാൻ തയ്യാറായില്ല. വലിയ ഒരു വേദി ഒരുക്കുന്നതിന് സാമ്പത്തികമുൾപ്പെടെ പലതും തടസമായി.

അപ്പോഴാണ് ഈസ്റ്റ്ഹാമിലുള്ള ശ്രീനാരായണ ഗുരുമിഷൻ ഹാളിനെക്കുറിച്ചു ഓർത്തത്. അവിടെ സാമാന്യം തരക്കേടില്ലാത്ത ഒരു സ്റ്റേജ്





ഉണ്ട്, വാടകയും കുറവാണ്. നൂറ്റിയമ്പതോളം ആൾക്കാരെ ഉൾക്കൊള്ളാനും കഴിയും. പിന്നെ മറ്റൊന്നും ആലോചിച്ചില്ല. എന്റെ കലാപ്രവർത്തനത്തെ എന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ള പ്രിയ സുഹൃത്തും ക്രോയിഡോൺ നിവാസിയുമായ ശ്രീ. എസ്. ജെ. ഹാരിസിനോട് ഇതിനെക്കുറിച്ചു സംസാരിയ്ക്കുകയും ഹാരിസ് പൂർണപിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. മറ്റ് സുഹൃത്തുക്കളായ ജെ. ആർ, ഫ്രെഡിൻ സേവ്യർ, കീർത്തി സോമരാജൻ, സുഭാഷ്, ബിനോയ് എന്നിവർ ഒപ്പം കൂടിയപ്പോൾ കൂടുതൽ കരുത്തായി. അങ്ങനെ കേരളാഹൗസിൽ ഒരു യോഗം വിളിച്ചുകൂട്ടുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കൈരളി സാംസ്കാരികവേദി എന്ന് കൂട്ടായ്മയ്ക്ക് പേര് നൽകി. എല്ലാവർഷവും കേരളപ്പിറവി ആഘോഷം സംഘടിപ്പിയ്ക്കുക എന്നതായിരുന്നു തീരുമാനം. കലാപരിപാടികൾ അവതരിപ്പിയ്ക്കുന്നവർക്കു പ്രോത്സാഹനസമ്മാനമായി 'കേളീ പുരസ്കാരം' ഏർപ്പെടുത്തി.

സിംഗപ്പൂരിലും, ലണ്ടനിലും കലാരംഗത്ത് നിറഞ്ഞുനിന്നിരുന്ന ഒരു അതുല്യകലാപ്രതിഭയായിരുന്നു ആർട്ടിസ്റ്റ് ശിവാനന്ദൻ കണ്വാശ്രമത്. നാടകകൃത്ത്, കവി, ഓട്ടൻതുള്ളൽ രചയിതാവ്, രംഗശില്പി, സർവ്വോപരി നല്ലൊരു ചിത്രകാരൻ എന്നീ നിലകളിൽ തന്റേതായ വ്യക്തിമുദ്രകൾ പതിപ്പിച്ചു കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയ അദ്ദേഹത്തിന്റെ പേരിൽ 'ആർട്ടിസ്റ്റ് ശിവാനന്ദൻ കണ്വാശ്രമത് അനുസ്മരണ പുരസ്കാര'വും ഏർപ്പെടുത്തി. (ബോധി യു.കെ പുരസ്കാരം സ്പോൺസർ ചെയ്തു.)

2008 നവംബർ 1 ന് എസ്. എൻ.ജി.എം ഹാളിൽ തിങ്ങി നിറഞ്ഞ സദസിനെ സാക്ഷിയാക്കി യു. കെയിലെ തലമുതിർന്ന കലാകാരന്മാരായ വെട്ടൂർ. ജി. കൃഷ്ണൻകുട്ടി, വില്ലൻ ഗോപി, രവി പിള്ള (ജെ. ആർ) എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു കൊണ്ട് കൈരളി സാംസ്കാരികവേദിയ്ക്ക് തുടക്കം കുറിച്ചു. വിവിധയിനം കലാപരിപാടികൾ കൊണ്ട് സമ്പുഷ്ടമായിരുന്നു വേദി. ശ്രീമാന്മാരായ വില്ലൻ ഗോപി, രവി പിള്ള എന്നിവർക്ക് ആദ്യ കേളീ പുരസ്കാരം സമ്മാനിച്ചു. ശ്രീ. വെട്ടൂർ. ജി. കൃഷ്







ണൻകുട്ടിയ്ക്ക് ആർട്ടിസ്റ്റ് ശിവാന്ദൻ കണ്വാശ്രമത് അനുസ്മരണ പുരസ്കാരവും നൽകി ആദരിച്ചു. വൈകിട്ട് 5 മണിക്ക് ആരംഭിച്ച പരിപാടി അവസാനിച്ചപ്പോൾ രാത്രി 11 മണി ആയിരുന്നു. മധു പിള്ള, രോഹണി ദയാനന്ദ് എന്നിവരായിരുന്നു അവതാരകർ. കലാപരിപാടികൾ അവതരിപ്പിയ്ക്കുവാൻ വന്ന ആർക്കും വേദി ലഭിയ്ക്കാതെ നിരാശപ്പെട്ട് തിരിച്ചുപോകേണ്ടിവന്നില്ല. പ്രവേശനം സൗജന്യമായിരുന്നു എന്നാൽ അഭ്യുദയകാംക്ഷികളായ ധാരാളം പേർ സംഭാവന നൽകി. സംഭാവനയായി ലഭിച്ചമുഴുവൻ തുകയും നാട്ടിൽ ആയിടയ്ക്ക് ഏഷ്യാനെറ്റ് ചാനലിൽ സംപ്രേഷണം ചെയ്തിരുന്ന 'കണ്ണാടി' എന്ന പരിപാടിയ്ക്ക്



*ശശി എസ്. കുളമട, ഹാരിസ്*

സംഭാവന നൽകി.

2009 മുതൽ കൈരളി സാംസ്കാരിക വേദി 'കേളി' എന്നാക്കി മാറ്റി. സുഹൃത്തുക്കളായ സുഗേഷ് ഭാസ്കരൻ, ബൈജു ഗോപിനാഥ് എന്നിവർ കൂടി ഞങ്ങളോടൊപ്പം ചേർന്നു. 2008 മുതൽ 2017 വരെ തുടർച്ചയായി കേളി കേരളപ്പിറവി ആഘോഷിയ്ക്കുകയുണ്ടായി. കേരളപ്പിറവിയാഘോഷത്തിന് പുറമേ 'വാർദ്ധക്യത്തിലെ ഏകാന്തത' (സംവാദം), 'സ്മൃതി സന്ധ്യ' (സംഗീതപരിപാടി) എന്നിവയും സംഘടിപ്പിയ്ക്കുകയുണ്ടായി. 2018 മുതൽ 2024 വരെ ചിലകാരണങ്ങളാൽ കേരളപ്പിറവി ആഘോഷിയ്ക്കുവാൻ കേളിക്ക് കഴിഞ്ഞില്ല. 2025 നവംബർ ഒന്നിനു കേളി വീണ്ടും കേരളപ്പിറവി ആഘോഷിയ്ക്കുന്നു. എം.എ.യു.കെയുടെ നാടകവിഭാഗമായ ദൃശ്യകലയുടെ ഏറ്റവും പുതിയ നാടകമായ 'തെയ്യം' നാടകവും ഉണ്ടായിരിയ്ക്കുന്നതാണ്. കേളിയുടെ ഉത്ഭവത്തെക്കുറിച്ചു പറഞ്ഞവാക്കുകൾ ഇവിടെ അവസാനിപ്പിയ്ക്കുമ്പോൾ അസ്‌ലം, വക്കം ജി സുരേഷ്കുമാർ, രവി ഉണ്ണിത്താൻ, സാംബശിവൻ, അജിത്, ജോയി, ബോണിഫെയ്സ്, ഗോമസ്, ശ്രീവത്സലൻ, പ്രകാശ്, ഷെറിൻ സത്യശീലൻ, സത്യകാമൻ സോമരാജൻ, രാജീവ് ആനന്ദൻ (ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിയ്ക്കണം) എന്നിവരെ ഓർക്കാതെ പോകുന്നത് ശരിയല്ല.

കേളിയുടെ എല്ലാ അഭ്യുദയകാംഷികൾക്കും ഒരിക്കൽക്കൂടി നന്ദി അറിയിക്കുന്നു.

സസ്നേഹം

കേളി പ്രവർത്തകർ.



കല്ലമ്പലം അൻസാരി

# ബ്രിട്ടനിലെ മലയാളി പ്രവാസത്തിന്റെ അടയാളപ്പെടുത്തലുകൾ



ഓർമ്മകൾ കാലപ്രവാഹത്തിന്റെ പിന്നിലേക്ക് പായുകയാണ്. നീന്തിക്കയറുകയല്ല, ഒഴുകിയെത്തുകയാണ്. ഗൃഹാതുരസ്മരണകൾക്ക് അങ്ങനെയൊരു ശക്തിയുണ്ട്. മരം കോച്ചുന്ന തണുപ്പ് അന്തരീക്ഷത്തെ അവ്യക്തമാക്കുന്നുവെങ്കിലും ഓർമ്മകൾക്ക് ബ്രിട്ടീഷ് സമ്മറിന്റെ തിളക്കം. ഏതാണ്ട് അഞ്ച് പതിറ്റാണ്ടുകൾക്കപ്പുറം മലയാളി ബ്രിട്ടനിൽ അവന്റെ തായ് വേര് ഉറപ്പിച്ച കാലം.

ബ്രിട്ടനിലേക്ക് മലയാളികൾ വ്യാപകമായി എത്തി തുടങ്ങിയ കാലം. ഇന്ന് അറുപത് കടന്നും അതിന്റെ പടിവാതിൽക്കലും ചെന്നുനിൽക്കുന്ന ബ്രിട്ടീഷ് മലയാളികൾ അന്നത്തെ കൗമാര-യൗവനയുക്തരും ആയിരുന്നു. അവർ ആദ്യമായി ബ്രിട്ടനിൽ വന്നിറങ്ങിയത് 80കളിലാണ്. പിന്നീട് അവരാണ് മലയാളിയെ ബ്രിട്ടനിലെ ഒരു സമൂഹമെന്ന നിലയിൽ അടയാളപ്പെടുത്തിയത്. അവർ വന്നെത്തിയത് അതിനു മുമ്പ് തെന്നിയും തെറിച്ചും കുടിയേറിയിരുന്ന ഒരു മുൻ തലമുറയുടെ അനന്തരാവകാശികൾ ആയിട്ടാണ്. ആ പഴയ തലമുറയാകട്ടെ തങ്ങളുടെ ഒരു നീണ്ട യാത്രയുടെ പര്യവസാനം കുറിച്ചതും ബ്രിട്ടനിൽ തന്നെ.

ഏതൊരു കുടിയേറ്റത്തിന്റെയും അടിസ്ഥാന കാരണം സാമ്പത്തികം തന്നെയാണ്. കേരളത്തിൽനിന്ന് ഗൾഫ് കുടിയേറ്റം തുടങ്ങുന്നതിന് മുമ്പ് ശ്രീലങ്ക, മലേഷ്യ, ബർമ്മ തുടങ്ങിയ രാജ്യങ്ങളിലേക്ക് ഒട്ടനവധി മലയാളികൾ ജീവിതവൃത്തിക്കായി ചെന്നെത്തിയിരുന്നു. മലേഷ്യ ബ്രിട്ടീഷ് കോളനിവാഴ്ചയിൽ നിന്ന് സ്വതന്ത്രമാകുന്നതിന് മുമ്പ് അതിന്റെ വാലറ്റത്തെ ഒരു ചെറുതുരുത്തായിരുന്നു സിംഗപ്പൂർ. നിറയെ ചതുപ്പ് നിലങ്ങളും, കണ്ടൽക്കാടുകളും ഉള്ള ഒരു ചെറിയ നാട്. അത് ഒരു തുറമുഖമായി വികസിപ്പിച്ചെടുത്തത് ബ്രിട്ടീഷു

കാർ ആയിരുന്നു. അങ്ങനെ തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുമ്പോൾ ചൈനക്കാരും ഇന്ത്യയിൽ നിന്ന് പ്രധാനമായി തമിഴരും മലയാളികളും ഒക്കെ സിംഗപ്പൂരിലേക്ക് കുടിയേറി. മലയാളികളെക്കാൾ എണ്ണത്തിലും സിംഗപ്പൂരിലെ തമിഴരാണ് അന്നും ഇന്നും മുന്നിൽ. സിംഗപ്പൂർ തുറമുഖം ബ്രിട്ടീഷ് സിംഹാസനത്തിന്റെ നാവിക കേന്ദ്രമായി വളർന്നു വികസിച്ചു. മലയാളികൾ നല്ലൊരു വിഭാഗം ക്രൗൺ സർവീസ് എന്നറിയപ്പെടുന്ന ഈ പോർട്ടിലെ തൊഴിലുകളിലാണ് ചെന്നെത്തിയത്. സാധാരണ തൊഴിലാളികളായിരുന്നു മിക്കവരും. പിന്നീടാണ് അവരുടെ ജീവിതത്തിലെ ചരിത്ര മുഹൂർത്തമായ ഒരു വഴിത്തിരിവ് സംഭവിക്കുന്നത്.

1959ലാണ് സിംഗപ്പൂർ ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നത്. ഒരു സ്വയംഭരണ കോളനിയായിട്ടാണ് സിംഗപ്പൂരിനെ നിലനിർത്തിയത്. ആ സമയത്ത് സിംഗപ്പൂരിൽ നിന്ന് ഒഴിയേണ്ട സ്ഥിതി ബ്രിട്ടീഷ് അധികാരികൾക്ക് വന്നുചേർന്നു. ഈ അവസരത്തിലാണ് ബ്രിട്ടീഷ് ക്രൗൺ സർവീസിൽ ജോലി ചെയ്തിരുന്ന എല്ലാപേർക്കും ബ്രിട്ടീഷ് പൗരത്വം കൊളോണിയൽ ഭരണകൂടം വാഗ്ദാനം ചെയ്തത്. അങ്ങനെയാണ് മലയാളികളിൽ നല്ലൊരു വിഭാഗം ബ്രിട്ടീഷ് പൗരത്വത്തിനായി രജിസ്റ്റർ ചെയ്തത്. 1963ൽ സിംഗപ്പൂരിനെ മലേഷ്യ തങ്ങളുടെ രാജ്യത്തിൽ ലയിപ്പിച്ചു. എന്നാൽ 1965ൽ സിംഗപ്പൂർ ഒരു സ്വതന്ത്ര പരമാധികാര രാജ്യമായി അംഗീകരിക്കപ്പെട്ടു. ഇതിനിടയിലാണ് കുടിയേറ്റ മലയാളികൾ തങ്ങളുടെ ബ്രിട്ടീഷ് പൗരത്വം ഉറപ്പിക്കുന്നത്. പിന്നീട് അവർ ഒന്നൊന്നായി ബ്രിട്ടനിലേക്ക് കുടിയേറി. പൗരത്വം രജിസ്റ്റർ ചെയ്തു ഇന്ത്യയിലേക്ക് തിരിച്ചുപോയ മലയാളികളും അൽപകാലത്തിനുള്ളിൽ ഇന്ത്യയിലെ ബ്രിട്ടീഷ് നയതന്ത്രസ്ഥാപനങ്ങൾ വഴി തങ്ങളുടെ പൗരത്വരേഖകൾ അപേക്ഷിച്ചു വാങ്ങി ബ്രിട്ടനിലേക്ക് എത്തി.

വെറും സാധാരണ തൊഴിലാളികളായിരുന്ന സിംഗപ്പൂർ മലയാളിക്ക് ബ്രിട്ടീഷ് ജീവിതം കടുത്ത വെല്ലുവിളി തന്നെയായിരുന്നു. മഞ്ഞു പൊഴിയുന്ന മരവിച്ച രാത്രികളും പകലുകളും, തിരിയാത്ത ഇംഗ്ലീഷ് ഭാഷയും, വ്യത്യസ്തമായ സംസ്കാരവും, പാരമ്പര്യങ്ങളും, അപരിചിതമായ അന്നപാനീയങ്ങളും എല്ലാം കൂടി കടുകട്ടിയായ ജീവിതം. അന്ന് തീരെ സൗകര്യം കുറഞ്ഞ ഒറ്റമുറികളിൽ അവർ മൂന്നും നാലും പേർ കിടക്ക വച്ചുറങ്ങി. ഒറ്റയ്ക്ക് പാചകം ചെയ്തു സൂക്ഷിച്ചുവെക്കുന്ന ആഹാരങ്ങൾ കൊടും തണുപ്പ് ആയതിനാൽ ചീത്തയാകാതെ ദിവസങ്ങളോളം ഇരിക്കും. രാത്രിയും പകലും തിരിയാതെ ഷിഫ്റ്റ് വെച്ച് പണി ചെയ്യാൻ ഫാക്ടറികളിലേക്കുള്ള യാത്ര. കാർ ഫാക്ടറികൾ, പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ബ്രഡ് ഫാക്ടറികൾ, ലാർഡ് എന്ന് പറയുന്ന മൃഗകൊഴുപ്പ് വിപണനത്തിന് പാക്ക് ചെയ്യുന്ന കമ്പനികൾ തുടങ്ങിയവയിൽ എല്ലാം മലയാളി അന്ന് നിറസാന്നിധ്യമായിരുന്നു. ഇവരിൽ തട്ടിയും മുട്ടിയും ഇംഗ്ലീഷ് പറയുന്നവരെ മേൽനോട്ടക്കാരും ആക്കി. സായിപ്പിന്റെ കമ്പനികളിൽ മലയാളിക്ക് വേണ്ടി ഇന്ത്യൻ കക്കൂസുകൾ വരെ അന്ന് ഉണ്ടായിരുന്നു.

ഒട്ടും സുഖകരമല്ലാത്ത ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോയ അന്നത്തെ സിംഗപ്പൂർ പ്രവാസികൾ അവരുടെ സ്വന്തം കുടുംബാംഗങ്ങളെ ബ്രിട്ടനിലേക്ക് എത്തിച്ചതോടെയാണ് മലയാളിയുടെ ചരിത്രം മാറിമറിയുന്നത്. മക്കളും മരുമക്കളുമായി എത്തപ്പെട്ടവർ ബ്രിട്ടനിൽ വിദ്യാഭ്യാസം ചെയ്യാൻ പ്രായമായവരോ നാട്ടിൽ കലാലയ വിദ്യാഭ്യാസം പൂർത്തിയാക്കിയവരോ ഒക്കെയായിരുന്നു. സ്വന്തം മണ്ണിന്റെ ഗൃഹാതുര സ്മരണകൾ അവരെ പൊതിഞ്ഞുനിന്നു. മലയാളിയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുതിയ പാതകൾ വെട്ടിത്തുറന്നു കൊണ്ട് അവർ കേരളത്തെ ബ്രിട്ടനിൽ പ്രതിഷ്ഠിച്ചു.

ബ്രിട്ടനിലെ മലയാളികളുടെ സാംസ്കാരിക ചരിത്രം പറയുമ്പോൾ ഹരിശ്രീ കുറിക്കേണ്ടത് വി.കെ കൃഷ്ണമേനോനിൽ നിന്നാണ്. ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുമ്പ് സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണമായ അലയൊലികൾ ബ്രിട്ടന്റെ മണ്ണിലേക്ക് എത്തിച്ചതിൽ സുപ്രധാന പങ്ക് വഹിച്ച സംഘടനയാണ് ഇന്ത്യാ ലീഗ്. 1928ൽ കൃഷ്ണമേനോനാണ് ഇത് സ്ഥാപിച്ചത്. 1929 മുതൽ 1947 വരെ അദ്ദേഹം അതിന്റെ സെക്രട്ടറിയായിരുന്നു. സ്വാതന്ത്ര്യാനന്തരം കൃഷ്ണമേനോൻ ബ്രിട്ടനിലെ ആദ്യത്തെ ഇന്ത്യൻ കമ്മീഷണർ ആവുകയും ഇന്ത്യ ലീഗ് പിരിച്ചുവിടുകയും ചെയ്തു. പിന്നീട് അതിന്റെ അനുഭാവികൾ ചേർന്ന് ഇന്ത്യ ക്ലബ്ബ് രൂപീകരിച്ചു. സെൻട്രൽ ലണ്ടനിലെ സ്ട്രാൻഡിലായിരുന്നു ആസ്ഥാനം. ഇന്ത്യയിൽ നിന്ന് ബ്രിട്ടനിൽ പഠന



ത്തിനായി വന്നെത്തുന്ന വിദ്യാർത്ഥികളുടെ ഒരു കേന്ദ്രമായിരുന്നു ഇന്ത്യ ക്ലബ്. അക്കൂട്ടത്തിൽപ്പെട്ട ചില മലയാളികൾ ചേർന്നാണ് ഒരുപക്ഷേ ബ്രിട്ടനിലെ തന്നെ ആദ്യത്തെ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ സ്ഥാപിക്കുന്നത്. ഈ സംഘടനയ്ക്ക് കൃഷ്ണമേനോന്റെ ഇന്ത്യ ക്ലബ്ബുമായി സഹോദരബന്ധമുണ്ട്. അസോസിയേഷന്റെ പ്രവർത്തനങ്ങളും മീറ്റിംഗുകളുമൊക്കെ ഇന്ത്യ ക്ലബ്ബിൽ വച്ചായിരുന്നു. ലണ്ടൻ നഗരത്തിലെ ചുരുക്കം ചില ബൗദ്ധിക മലയാളികളിൽ ഒതുങ്ങിനിന്ന മലയാളി അസോസിയേഷനെ സാധാരണ മലയാളികൾക്കിടയിൽ പ്രവർത്തനസജ്ജമാക്കിയത് ഏതാനും ചില സിംഗപ്പൂർ മലയാളികളും അവരെ അനുഗമിച്ചു വന്ന പുതിയ തലമുറയും ചേർന്നായിരുന്നു.

ബ്രിട്ടനിലെ ആദ്യത്തെ മലയാളം സ്കൂൾ 1983 ൽ ലണ്ടനിലെ ഈസ്റ്റ്ഹാമിൽ ആരംഭിച്ചു. സംഘടനയുടെ പ്രവർത്തനങ്ങൾ മലയാളികൾ അധികം അധിവസിക്കുന്ന ഈസ്റ്റ്ഹാം, ക്രോയ്സർ, സൗത്താൾ തുടങ്ങിയ ഇടങ്ങളിലേക്ക് വ്യാപിച്ചു. സംഘടനയ്ക്ക് സ്വന്തമായി ഒരു കെട്ടിടവും വാങ്ങി കേരള ഹൗസ് എന്ന് നാമകരണവും ചെയ്തു. ആ കാലത്താണ് ആത്മീയ ചൈതന്യം തുളുമ്പുന്ന ഗുരു നിത്യചൈതന്യയതി ബ്രിട്ടനിൽ എത്തുന്നത്. ശ്രീനാരായണ ആദർശങ്ങൾക്ക് ആഗോളതലത്തിൽ പ്രതിഷ്ഠ നേടിക്കൊടുത്ത ഗുരുവാണ് നിത്യചൈതന്യ യതി. അദ്ദേഹമാണ് ബ്രിട്ടനിലെ ശ്രീനാരായണഗുരു മിഷൻ എന്ന സംഘടന സ്ഥാപിക്കുന്നതിന് പിന്നിലെ ചാലകശക്തി. ശ്രീനാരായണഗുരു മിഷൻ ആണ് മലയാളികൾ നയിക്കുന്ന സംഘടനകളിൽ ആദ്യമായി ആസ്ഥാനം സ്വന്തമാക്കിയത്.

80കളിൽ സജീവമായ ബ്രിട്ടനിലെ മലയാളി കുടിയേറ്റവും അവരുടെ സാമൂഹികവും സാംസ്കാരികവുമായ അടയാളപ്പെടുത്തലുകൾക്കും ശേഷം കാലം പതിറ്റാണ്ടുകളിലൂടെ ഒഴുകി 2025ൽ വന്നു നിൽക്കുന്നു. അതിനിടയിലൂടെ പതിനായിരക്കണക്കിന് മലയാളികൾ ബ്രിട്ടനിലേക്ക് ഒഴുകിയെത്തി. ഇന്ന് യുണൈറ്റഡ് കിങ്ഡത്തിന്റെ ഏത് മുക്കിലും മൂലയിലും പോയാലും മലയാളിയെ കണ്ടെത്താൻ ഒരു പ്രയാസവുമില്ല. നാലു മലയാളി കൂടിയാൽ രണ്ട് സംഘടന എന്ന് എവിടെയോ പറഞ്ഞു കേട്ടിട്ടുണ്ട്. അന്യോന്യം അംഗീകരിക്കാത്ത തൻപോരിമ മലയാളിയുടെ ഗുണമോ ദോഷമോ എന്നറിയില്ല. ഇന്ന് ആയിരങ്ങളെ കൂട്ടി പതിനായിരങ്ങൾ പിരിച്ച് കേരളത്തിൽ നിന്ന് വമ്പൻ കലാകാരന്മാരെ അണിനിരത്തി ബ്രിട്ടീഷ് മലയാളി നിറഞ്ഞാടുമ്പോൾ യേശുദാസിന്റെയും ജയചന്ദ്രന്റെയും പ്രോഗ്രാമിന് വരെ ആളെ കിട്ടാതെ മലയാളി സംഘാടകർ അശ്രാന്തം ഓടിനടന്ന ഒരു പഴയ കാലഘട്ടം ഉണ്ടായിരുന്നു. മലയാളിയുടെ സ്വത്വം ബ്രിട്ടനിൽ അടയാളപ്പെടുത്താൻ, അറിയാത്ത വഴികളിലൂടെ മലയാളി ഓടിനടന്ന ഒരു കാലം.

(ലേഖകൻ മലയാളി അസോസിയേഷൻ ഓഫ് യു.കെയുടെ പ്രസിഡണ്ടും ശ്രീനാരായണഗുരു മിഷന്റെ സെക്രട്ടറിയും വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ വൈസ് പ്രസിഡണ്ടും ആയിരുന്നു).

# ആർട്ടിസ്റ്റ്: ശിവാനന്ദൻ കണ്വാശ്രമത്



കവി, നാടകകൃത്ത്, ചിത്രകാരൻ എന്നീ നിലകളിൽ ലണ്ടനിൽ അറിയപ്പെട്ടിരുന്ന ഒരതുല്യ കലാകാരനായിരുന്നു ആർട്ടിസ്റ്റ് ശിവാനന്ദൻ കണ്വാശ്രമത്.

സിങ്കപ്പൂരിൽ കലാപ്രവർത്തനം നടത്തിയിരുന്ന അദ്ദേഹം യു.കെയിലെത്തിയതിന് ശേഷവും കലാരംഗത്ത് സജീവമായിരുന്നു. ആദ്യകാല സംഘടനകളായ കൈരളി, മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ, ശ്രീനാരായണ ഗുരു മിഷൻ ഓഫ് ദി യു.കെ. എന്നിവിടങ്ങളിലെ കലാപ്രവർത്തനത്തിൽ അദ്ദേഹം സജീവമായിരുന്നു.


എം.എ.യു.കെയുടെ പ്രസിദ്ധീകരണമായ 'ജനനി', സംഗീത ട്രൂപ്പായ 'നിസരി' എന്നിവയ്ക്ക് ഈ പേരുകൾ നൽകിയ അദ്ദേഹം തന്നെയാണ് ഈ സംഘടനകളവതരിപ്പിച്ച വല്മീകം, പ്രതീക്ഷ തുടങ്ങിയ നാടകങ്ങളുടെ രംഗപടം ഒരുക്കിയതും. പണത്തിന്റെ വികൃതി (ഓട്ടൻതുള്ളൽ), ആദ്യത്തെ ആട്ടോ (നാടകം), പൂമേനിയാണവൾ കൈകൂപ്പി നിന്നേ (കവിത), ശംഖൊലി (ഭക്തിഗാന കാസറ്റ്) ഇതൊക്കെ അദ്ദേഹത്തിന്റെ പ്രധാന സൃഷ്ടികളാണ്. പണത്തിന്റെ വികൃതി എന്ന ഓട്ടൻതുള്ളൽ യു.കെയിൽ നിരവധി തവണ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. വില്ലൻ ഗോപി, ശ്രീ. ശശി എസ്. കുളമട എന്നിവരാണ് ഓട്ടൻതുള്ളൽ അവതരിപ്പിച്ചിട്ടുള്ളത്.

കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ആ കലാപ്രതിഭയുടെ ഓർമ്മയ്ക്കായി 'കേളി' ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമാണ് 'ആർട്ടിസ്റ്റ് ശിവാനന്ദൻ കണ്വാശ്രമത് അനുസ്മരണ പുരസ്കാരം 'ബോധി' യു.കെയാണ് ഈ പുരസ്കാരം സ്പോൺസർ ചെയ്തിരിക്കുന്നത്.

ആർട്ടിസ്റ്റ് ശിവാനന്ദൻ കണ്വാശ്രമത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്ക് മുമ്പിൽ 'കേളി യു.കെ.'യുടെ ബാഷ്പാഞ്ജലി...

## ശിവാനന്ദൻ കണ്വാശ്രമത് പുരസ്കാരം നേടിയവർ

**2008**



വെട്ടൂർ ജി. കൃഷ്ണൻകുട്ടി

**2009**



മണമ്പൂർ സുരേഷ്

**2010**



വില്ലൻ ഗോപി

**2011**



ജയപ്രകാശ് പണിക്കർ

**2013**



ബോൾഡ്‌വിൻ സൈമൺ (ബാബു)

**2014**



ജോസ് ആന്റണി

**2015**



മനോജ് ശിവ

**2016**



വിജയ് ചേന്നംകോട്

**2017**



സതീഷ്കുമാർ



# 'തെയ്യം'

## അണിയറവിശേഷങ്ങൾ

ഏതൊരു സൃഷ്ടിയും പൂർണ്ണതയിലെത്തണമെങ്കിൽ
ത്യാഗങ്ങളും, കഷ്ടപ്പാടും അനുഭവിച്ചേ മതിയാകു
എന്ന നഗ്നസത്യം മനസ്സിലാക്കുന്നു.





ശശി. എസ്. കുളമട

യു.കെയിലെ പ്രസിദ്ധ നാടകസമിതിയാണ് 'ദൃശ്യകല' (മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ) അഥവാ 'ദൃശ്യകല' (MAUK). ദൃശ്യകലയുടെ ഇരുപത്തിരണ്ടാമത് നാടകമാണ് കഴിഞ്ഞവർഷം അവതരിപ്പിച്ച 'തെയ്യം'. ദൃശ്യകലയ്ക്ക് വേണ്ടി ഇതുവരെ 6 പ്രൊഫഷണൽ നാടകങ്ങൾ സംവിധാനം ചെയ്യുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. ഓരോ നാടകവും ഓരോ അനുഭവങ്ങളും, ഓർമ്മകളുമാണ് സമ്മാനിച്ചിട്ടുള്ളത്. ഒരിക്കലും മറക്കുവാൻ കഴിയാത്ത അനുഭവങ്ങളും, ഓർമ്മകളുമാണ് തെയ്യം എന്ന നാടകം എനിക്കു സമ്മാനിച്ചിട്ടുള്ളത്. മനസികസംഘർഷങ്ങൾ അനുഭവിച്ചതിനു കണക്കില്ല. ആദ്യാവതരണത്തിനു ശേഷമാണ് അനുഭവിച്ച പിരിമുറുക്കത്തിൽ നിന്നു മോചനം ലഭിച്ചത്. ഏതൊരു സൃഷ്ടിയും പൂർണ്ണതയിലെത്തണമെങ്കിൽ ത്യാഗങ്ങളും, കഷ്ടപ്പാടും അനുഭവിച്ചേ മതിയാകു എന്ന നഗ്നസത്യം മനസ്സിലാക്കുന്നു. നാടകത്തിന്റെ യവനിക ഉയർന്നപ്പോൾ തുടങ്ങിയ ചങ്കിടിപ്പിന് ശമനമുണ്ടായത് ഇടയ്ക്കിടെയുള്ള പ്രേക്ഷകരുടെ കൈയടി കേൾക്കുമ്പോഴാണ്.

ദൃശ്യകല പുതിയ നാടകം അവതരിപ്പിക്കുവാൻ താൽപര്യമുണ്ടെന്നറിയിച്ചപ്പോൾ 3 നാടകങ്ങളാണ് ഭാരവാഹികളുടെ മുന്നിൽ വച്ചത്. അമ്മ ഒരു മഹാകാവ്യം, വാസവദത്ത, തെയ്യം. എല്ലാവരും തെയ്യം നാടകം അവതരിപ്പിയ്ക്കുവാനാണ് താൽപര്യം പ്രകടിപ്പിച്ചത്. എനിക്കും മനസ്സുകൊണ്ട് തെയ്യം മതി എന്നായിരുന്നു. അത്രയ്ക്ക് നല്ലൊരു നാടകമായിരുന്നു. ഏകദേശം നാലുപതിറ്റാണ്ടുകൾക്കു മുമ്പ് നാട്ടിൽ അവതരിപ്പിച്ചു ജൈത്രയാത്ര നടത്തിയ നാടകം.

രാജൻ കിഴക്കനേല എന്ന പ്രതിഭാധനനായ നാടകകൃത്തിന്റെ തൂലികയിൽ നിന്നും പിറവിയെടുത്ത നാടകം. അഭിനയകലയിലെ

കുലപതികളായ വേണുജി, സുദർശനൻ, സേതുലക്ഷ്മി തുടങ്ങിയവർ നിറഞ്ഞാടിയ നാടകം. നാടകസംവിധാനകലയിലെ മഹാമേരു കൊച്ചിൻ സംഗമിത്രയുടെ അമരക്കാരൻ സതീഷ് സംഗമിത്ര സംവിധാനം ചെയ്തു തിരുവനന്തപുരം അതുല്യ അവതരിപ്പിച്ച സൂപ്പർഹിറ്റ് നാടകം ദൃശ്യകല വേദിയിലെത്തിക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്നു. മുന്നിലുള്ള വെല്ലുവിളികൾ ധാരാളമായിരുന്നു. ഇതുവരെ ചെയ്തതൊന്നും മോശമായിട്ടില്ല ഇതും സർവേശ്വരൻ കൈവിടില്ല സധൈര്യം മുന്നോട്ടു പോകൂവെന്ന് മനസ്സിൽ ആരോ മന്ത്രിക്കുന്നതുപോലെ തോന്നി.

മുച്ചിലോട്ടുഭഗവതി, മരുതിയോടൻ കുരുക്കൾ അഥവാ വിരുന്തൻ തെയ്യം ഈ രണ്ടു തെയ്യങ്ങളുടെ ഉത്ഭവകഥയാണ് ആമുഖരംഗം. പെരിഞ്ചെല്ലൂർ പണ്ഡിതരെ വാദപ്രതിവാദത്തിൽ തോൽപിച്ച ഉച്ചിലയെന്ന മഹാപണ്ഡിതയെ സദസ്സിൽ വച്ച് അപമാനിക്കുകയും ഭ്രഷ്ട് കൽപിച്ചു നാടുകടത്തുകയും ചെയ്യുന്നു. തുടർന്ന് അഗ്നിയിൽച്ചാടി ആത്മാഹുതി ചെയ്യുന്ന ഉച്ചില മുച്ചിലോട്ടുഭഗവതിയായി ഉയിർത്തെഴുന്നേൽക്കുന്നു.

ചെറിയക്കുട്ടിയെന്ന തമ്പ്രാട്ടിക്കുട്ടിക്ക് അടിയാളനായ വിരുന്തൻ എന്ന പുലയ യുവാവിനോട് അനുരാഗം തോന്നുകയും അവൻ അതിൽ നിന്ന് ഒഴിഞ്ഞു മാറാൻ ശ്രമിക്കുമ്പോൾ ചെറിയക്കുട്ടി അവനെ കയറിപ്പിടിക്കുകയും അപ്പോളവിടേയ്ക്ക് വരുന്ന ചെറിയക്കുട്ടിയുടെ അമ്മാവനോട് വിരുന്തൻ കയറിപ്പിടിച്ചു എന്ന് കള്ളം പറയുകയും അതിന്റെ പ്രതികാരമെന്നോണം തമ്പുരാൻ മല്ലൻമാരെക്കൊണ്ടു വിരുന്തനെ തല്ലിക്കുന്നു. അത് തടയാൻ ശ്രമിക്കുന്ന വിരുന്തന്റെ മാതാവിനെ തമ്പുരാൻ കഴുത്തിൽ ചവിട്ടി ഞെരിച്ചു അതിക്രൂരമായി കൊല്ലുകയും വിരുന്തനെ മരുത് മരത്തിൽ തൂക്കിലേറ്റിക്കൊല്ലുവാൻ കൽപിക്കുകയും ചെയ്യുന്നു. തൂക്കിലേറ്റപ്പെട്ട വിരുന്തന്റെ പ്രേതം അലഞ്ഞുതിരിയുകയും തമ്പുരാനെ കഴുത്തിന് ചവിട്ടി കൊല്ലുകയും വിരുന്തൻ മരുതിയോടൻ കുരുക്കൾ അഥവാ വിരുന്തൻ തെയ്യമായി മാറുകയും ചെയ്യുന്നു.

നാടകത്തിന്റെ രണ്ടാംഭാഗം തെയ്യംകെട്ടുകാരുടെ കുടുംബത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും, കീഴില്ലത്ത് തമ്പുരാൻ തെയ്യംകെട്ടുകാരുടെ സമുദ്ധാരകനെന്നു പറഞ്ഞ് അവരെ ചൂഷണം ചെയ്യുകയും, ജാതിയും മതവും ഒന്നും ഇല്ല അതിനൊക്കെ നാം എതിരാണെന്ന് മേനിപറയുകയും എന്നാൽ അതൊക്കെ വെറും വാക്കുകൾ മാത്രമായിരുന്നെന്നു കാലം തെളിയിക്കുകയും ചെയ്യുന്നതോടെ തമ്പുരാന്റെ തനിനിറം പുറത്തുവരികയും ചെയ്യുന്നു.



പ്രണയം, വിരഹം, ദുഃഖം, സംഘർഷം, നാടകീയമുഹൂർത്തങ്ങൾ എന്നിവ ധാരാളമുള്ള നാടകം, അതായിരുന്നു തെയ്യം.

നാടകത്തിൽ അഭിനേതാക്കളെ ആവശ്യമുണ്ടന്നു കാണിച്ച് പരസ്യ ംചെയ്തു. ഇരുപത്തിയൊന്നിലധികം കഥാപാത്രങ്ങൾ ഉണ്ടായിരുന്നു നാടകത്തിൽ. പരസ്യം കണ്ട് നിരവധിപേർ താൽപര്യം പ്രകടിപ്പിച്ചു മുന്നോട്ടുവന്നു. കൂടുതൽപേരും



ലണ്ടന് വെളിയിൽ ഉള്ളവരായിരുന്നു. എന്നാൽ എല്ലാ ശനിയാഴ്ചയും ഉച്ചയ്ക്കു ശേഷമാണ് റിഹേഴ്സൽ ക്രമീകരിച്ചിരുന്നത്. എന്നാൽ ഇംഗ്ലണ്ടിലെ തിരക്കുപിടിച്ചതും, യന്ത്രികവുമായ ജീവിതസാഹചര്യങ്ങൾ അവർക്കു വിലങ്ങുതടിയായി പലർക്കും ഷിഫ്റ്റ് ജോലിയാണ്. ശനിയും ഞായറും ചിലപ്പോൾ ജോലികാണും. പ്രധാനമായും ദൂരം ഒരു പ്രശ്നമായി. രണ്ടും മൂന്നും മണിക്കൂർ യാത്രചെയ്താലെ റിഹേഴ്സൽ ക്യാമ്പായ കേരള ഹൗസിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു. മനസ്സില്ലാമനസ്സോടെ താൽപര്യം പ്രകടിപ്പിച്ചവർ പിന്മാറി.

ഒടുവിൽ ലണ്ടനിലുള്ളവരെ തെരഞ്ഞെടുത്തു. അതിലും ധാരാളം പുതുമുഖങ്ങൾ ഉണ്ടായിരുന്നു. ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കാമെന്നു വാക്കുതന്നിരുന്ന കുട്ടിക്ക് അപ്രതീക്ഷിതമായി ഉണ്ടായ ചില അസൗകര്യം മൂലം നാടകത്തിൽ നിന്നു പിന്മാറി. അവിടെ തുടങ്ങുന്നു പ്രശ്നങ്ങൾ. ഒടുവിൽ ആ കഥാപാത്രത്തെ അവതരിപ്പിക്കുവാൻ മറ്റൊരു പുതുമുഖത്തെ കണ്ടെത്തേണ്ടി വന്നു. ചിലർക്ക് ഇരട്ട കഥാപാത്രങ്ങൾ നൽകി ഒരുവിധം കാസ്റ്റിങ് പൂർത്തിയാക്കുകയും നിരവധിപേരുടെ സാന്നിധ്യത്തിൽ നാടകത്തിന്റെ പൂജ നിർവഹിക്കുകയും ചെയ്തു. മലയാള സാഹിത്യലോകത്തെ നിറസാന്നിധ്യം ശ്രീ. എം.എൻ. കാരശ്ശേരി മാഷും ആ ചടങ്ങിന് സാക്ഷ്യംവഹിക്കുവാൻ ഉണ്ടായിരുന്നു.

എല്ലാവരുടെയും ഷിഫ്റ്റ് നോക്കിയതിനു ശേഷം റിഹേഴ്സൽ ക്രമീകരിക്കുന്ന ദൗത്യം നാടക മാനേജർ കൂടിയായ ശ്രീവത്സലനായിരുന്നു. അത് ഭംഗിയായി അദ്ദേഹം നിർവഹിക്കുകയും ചെയ്തു. റിഹേഴ്സൽ അങ്ങനെ പുരോഗമിക്കവെ അപ്രതീക്ഷിതമായി എന്റെ മാതാവിനുണ്ടായ അസുഖം മൂലം എനിക്ക് നാട്ടിൽ പോകേണ്ടിവന്നു. മൂന്നു മാസങ്ങൾ കഴിഞ്ഞതിനു ശേഷമാണു തിരികെ വരാൻ സാധിച്ചത്. ഇതിനിടയിൽ നാട്ടിലിരുന്നുകൊണ്ട് ഓൺലൈനിലൂടെ റിഹേഴ്സലിൽ പങ്കെടുത്തു.

അതിനോടൊപ്പം തെയ്യങ്ങളുടെ നിർമ്മാണം ഏൽപ്പിച്ചത് ദൃശ്യകലയുടെ നാടകങ്ങളായ പുതുപ്പണംകോട്ട, പന്ത്രണ്ട് മക്കളെ പെറ്റൊരമ്മ, വരികഗന്ധർവ്വഗായക, ആര്യവൈദ്യൻ വയസ്കര മൂസ് തുടങ്ങിയ നാടകങ്ങൾക്ക് രംഗപടങ്ങളൊരുക്കിയ ചിത്രകാരനും, നാടകനടനും, ശിൽപിയും സർവ്വോപരി എന്റെ മാമനുമായ ആർട്ടിസ്റ്റ് എ. ജി. കുളമടയെയാണ്.

കർട്ടനുകൾ വരയ്ക്കുവാൻ ഏൽപ്പിച്ചത് ദൃശ്യകലയുടെ നിരവധി നാടകങ്ങൾക്കു രംഗശിൽപമൊരുക്കിയിട്ടുള്ള വിജയൻ കടമ്പേരിയെയാണ്. അങ്ങനെ എല്ലാവരും അവരവരെ ഏൽപിച്ച ജോലിയിൽ വ്യാപൃതരായി. ഇതിനിടയിൽ ഞാൻ നാട്ടിൽ നിന്നു തിരിച്ചെത്തുകയും റിഹേഴ്സലിൽ കൂടുതൽ ശ്രദ്ധിക്കുവാനും സാധിച്ചു. നാടകത്തിന്റെ സംഗീതചുമതല പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. പ്രണവം മധുവിനെയാണ് ഏൽപ്പിച്ചത്. അദ്ദേഹം ദുബായിലാണുള്ളത്.

ഏകദേശം മൂന്നുമണിക്കൂർ ദൈർഘ്യമുള്ള നാടകമാണ് തെയ്യം. അതിനാൽ സംഗീതസംവിധാ



*പ്രണവം മധു*



*ശ്രീവത്സലൻ*

യകൻ നാടകം കാണാതെ മ്യൂസിക് നൊട്ടേഷൻ തയ്യാറാക്കുവാൻ സാധിക്കില്ലെന്നും അതിനാൽ പ്രണവം മധുവിനെ ഇവിടെ വരുത്തി ശനിയും, ഞായറും കൊണ്ട് നൊട്ടേഷൻ തയ്യാറാക്കുവാൻ സാധിക്കുകയും ചെയ്യുമെന്ന് നേരത്തെ ഭാരവാഹികളോട് പറഞ്ഞിരുന്നു.

ദൃശ്യകലയ്ക്കുവേണ്ടി ഞാനും മധുവും ആദ്യമായി ഒന്നിക്കുന്നത് 2005ൽ അവതരിപ്പിച്ച പൊന്നോണക്കാഴ്ചയ്ക്കു വേണ്ടിയാണ്. തുടർന്ന് അഞ്ചോളം പരിപാടികൾ ഞാനും മധുവും ഒരുമിച്ചു ചെയ്തിട്ടുണ്ട്. അതൊക്കെ ഓണാഘോഷപരിപാടികൾക്കാണെന്നുമാത്രം. സന്ദർഭങ്ങൾ ഫോണിലൂടെ വിവരിച്ചുകൊടുക്കുകയും അതനുസരിച്ച് അദ്ദേഹം സംഗീതം ചെയ്യുകയുമായിരുന്നു പതിവ്. അതുപോലെയല്ലല്ലോ മൂന്നുമണിക്കൂർ ദൈർഘ്യമുള്ള, വെല്ലുവിളികൾ ഏറെ നിറഞ്ഞ തെയ്യം പോലൊരു നാടകത്തിനു സംഗീതമൊരുക്കുന്നത്. ഭാരവാഹികൾ പറഞ്ഞത് നൂതന സാങ്കേതികവിദ്യ വഴി സംഗീതം ചെയ്യുവാനാണ്. അവരോട് അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ചു വിവരിച്ചിട്ടും രക്ഷയില്ല. രാത്രി ജോലിക്കാരനായ എനിക്ക് ഉറക്കക്കുറവും, മനസിക പിരിമുറുക്കവും കൂടിക്കൂടി വന്നു. എന്നെ ഒഴിവാക്കണമെന്നു മാനേജർ ശ്രീവത്സലനോട് പറഞ്ഞു, മധുവിനോടും കാര്യങ്ങൾ ധരിപ്പിച്ചു. ഇതിനിടയിൽ ഭാരവാഹികളായ സുഹൃത്തുക്കളുമായി മാനസികമായി അകന്നുകഴിഞ്ഞിരുന്നു.

നമ്മൾ ഇതുവരെയും തുടങ്ങിവച്ച സംരംഭം പകുതിവച്ചു നിർത്തിപ്പോയിട്ടില്ല അതിനാൽ നീ ഇത് എങ്ങനെയെങ്കിലും ചെയ്തു തീർക്കണമെന്ന് ഉപദേശിച്ചു. അതിനിടയിൽ മധു ഒരു ആശയം മുന്നോട്ടുവച്ചു ദിവസവും രണ്ടുമൂന്നു മണിക്കൂർ വിഡിയോക്കോൾ വഴി നമുക്ക് മ്യൂസിക് ചെയ്യേണ്ട സ്ഥലങ്ങൾ അടയാളപ്പെടുത്താം. ഞാൻ എല്ലാ കഥാപാത്രങ്ങളും അഭിനയിച്ചു കാണിച്ചുകൊടുക്കണം. പറ്റില്ലാന്ന് പറഞ്ഞ് ഒഴിവാകാൻ നോക്കിയെങ്കിലും, തെയ്യം അരങ്ങത്ത് എത്തിക്കണം എന്നൊരു വാശി മനസ്സിൽ നാമ്പിടാൻ തുടങ്ങിയതോടെ മധു പറഞ്ഞ ആശയത്തോട് സമ്മതം മൂളി. രാത്രി ജോലി കഴിഞ്ഞു രാവിലെ വീട്ടിലെത്തിയതിന് ശേഷം 12 മണിവരെയെങ്കിലും മധുവും ഞാനും



*വിജയൻ കടമ്പേരി*



*സർഗസൃഷ്ടിയുടെ കൂട്ടുകെട്ട്... ശശി എസ് കുളമട രാജൻ കിഴക്കനേലയോടൊപ്പം*



*ആർട്ടിസ്റ്റ് എ.ജി. കുളമട*

കൂടി അഭിനയിച്ചു വേണ്ട സ്ഥാനങ്ങളിൽ മ്യൂസിക് അടയാളപ്പെടുത്തിത്തുടങ്ങി. പലതവണ ഓരോ കഥാപാത്രങ്ങളെയും അഭിനയിച്ചു കാണിക്കേണ്ടി വന്നു. ഒരാഴ്ചയോളം ഈ പ്രക്രിയ തുടർന്നു. അപ്പോഴേയ്ക്കും ഉറക്കം ഇല്ലായ്മമൂലം ആരോഗ്യസ്ഥിതി വഷളാകുകയും ചെയ്തു. എങ്കിലും നൊട്ടേഷൻ എല്ലാം പൂർത്തീകരിച്ചു.

ഇതിനിടയിൽ വീണ്ടും എനിക്ക് നാട്ടിൽ പോകേണ്ടിവന്നു. സ്ക്രിപ്റ്റിൽ അവസാനഭാഗം ഇല്ലായിരുന്നു. നാടകകൃത്തായ രാജൻ കിഴക്കനേല എന്റെ നാട്ടുകാരനായതിനാൽ അദ്ദേഹത്തിനെ കാണുവാൻ കൂടുതൽ യാത്ര ചെയ്യേണ്ടിവന്നില്ല. അദ്ദേഹത്ത കണ്ടു കാര്യം ധരിപ്പിച്ചു സാറിനും നാടകത്തിന്റെ അവസാനം എങ്ങനെയെന്നറിയില്ലായിരുന്നു. ഒടുവിൽ സാർ എങ്ങനെയോ അതിനൊരു അവസാനം കണ്ടെത്തി. മധുവും, ഞാനും ചർച്ച ചെയ്തു. ക്ലൈമാക്സ് ശരിയാകുന്നില്ല. മാത്രവുമല്ല ഇങ്ങനെ അവസാനിപ്പിക്കുകയാണെങ്കിൽ പ്രേക്ഷകർ കൂകിവിളിക്കുമെന്നും പരസ്പരം പറഞ്ഞു. തമ്പുരാനെ ഒന്ന് പേടിപ്പിക്കണം അതിനുള്ള പോംവഴി കണ്ടെത്തണം. അമ്മയെ ശുശ്രൂഷിക്കുവാൻ നാട്ടിലെത്തിയ ഞാൻ നാടകത്തിന്റെ ക്ലൈമാക്സിനായി നെട്ടോട്ടം ഓടുന്നു.

രാജൻ സാറിന്റെ അടുത്തു സ്ക്രിപ്റ്റുമായി വീണ്ടുമെത്തി. ഞാനും മധുവും ചർച്ചചെയ്ത ഭാഗത്ത് ഒരു തെയ്യവും കൂടി വന്നാൽ നന്നായിരിക്കും എന്ന് സാറിനോട് പറഞ്ഞു. ആ ഭാഗത്ത് ഒന്നോടിച്ചു നോക്കിയതിനു ശേഷം നാളെ വരികയോ, അദ്ദേഹത്തെ വിളിക്കുകയോ ചെയ്യാൻ പറഞ്ഞു. പരിഹാരമായി എന്ന് മനസ്സ് മന്ത്രിച്ചു. കാരണം രാജൻ സാറിന്റെ സ്വരത്തിനു ദൃഢതയുണ്ടായിരുന്നു. പിറ്റേന്ന് സാർ എന്നെ വിളിക്കുകയും അപ്പോൾത്തന്നെ ഞാൻ സാറിന്റെ അടുത്തേയ്ക്കു ഓടിയെത്തുകയും സാർ എഴുതിവച്ച ക്ലൈമാക്സ് രംഗം എന്നെ വായിച്ചുകേൾപ്പിക്കുകയും, എങ്ങനെ ആ ഭാഗം സംവിധാനം ചെയ്യണമെന്ന് പറഞ്ഞു മനസ്സിലാക്കിത്തരികയും ചെയ്തു. വെറും രണ്ടു തെയ്യങ്ങൾ മാത്രം ഉണ്ടായിരുന്ന നാടകത്തിൽ നാലു തെയ്യങ്ങൾ ആയി. പ്രതിഭാധനനായ എഴുത്തുകാരൻ എന്ന് വെറുതെയല്ല അദ്ദേഹത്തെ വിളിക്കുന്നതെന്ന് ക്ലൈമാക്സിനായി 'കണാരൻ തെയ്യം' സൃഷ്ടിച്ചതോടെ ബോധ്യമായി. പ്രിയഗുരുവിനു സാഷ്ടാംഗം പ്രണാമം. അതിഗംഭീരമായി എല്ലാവരും അഭിനയിച്ചു. ഓരോ സീനുകൾ തീരുന്നതിനു മുമ്പ് കരഘോഷമുയർന്നു. ഇത്രയൊക്കെ ത്യാഗങ്ങൾ അനുഭവിച്ചു ചെയ്ത നാടകം വെറും രണ്ടു വേദികളിലാണ് അവതരിപ്പിച്ചത്. നാടകാചാര്യൻ എൻ.എൻ. പിള്ളയുടെ വാചകങ്ങൾ കടമെടുത്തുകൊണ്ടു നിർത്തുന്നു...

'പിന്നിൽ ഒരു മറ, നിൽക്കാൻ ഒരു തറ, എന്റെ മുന്നിൽ നിങ്ങളും, എന്റെ ഉള്ളിൽ ഒരു നാടകവും...'

അതാണ് തിയേറ്റർ.



# കൈരളീ കേളി



മോഹൻദാസ് പകൽക്കുറി

കനകത്തൂലികയാലെഴുതിയെഴുതി
കവികളും കാഥികരുമൊരുമയായെന്നും
കലാകാരന്മാർ നല്ല കാവ്യസാധകരും
കവികുലപരശതം ഗുരുക്കന്മാരിവിടെ
കരഗതമായിടും പരകോടി വരികൾ
കാവ്യശകലങ്ങളാം കാവ്യശലഭങ്ങൾ
കളിയായ്കളിവീടായ്കലയുമായിവിടെ
കണ്ണിന് കണിയായും കണ്ണുനീരായും
കുഞ്ഞിനു കുളിരായും തളിരൊളിയായും
കവിതയായ്കാവ്യമായീ കൈരളിയെന്നും
പദമായ് പദവിയായ് പതംഗമായ് പണമായ്
പത്തരമാറ്റേറും പൊൻപണ്ടഭാണ്ഡമായ്
പ്രസംഗമായ് പ്രബന്ധമായ് പ്രചണ്ഡമായെന്നും
പ്രകാശമായ് പ്രവാഹമായ് പ്രദാനമായിവിടെ
പ്രതീകമായ് പ്രപഞ്ചമായി കൈരളിനിത്യം
മുത്തായി മുക്തിയായാമോദമായും
മോഹമായ് ദാഹമായ് പ്രതീക്ഷയായെന്നും
പ്രേമമായ് പ്രണയമായ് പ്രതീകമായിവിടെ
കാമമായ് കദനമായ് കരുണയായ് മേവും
ചിത്തമായ് ചിന്തയായ് ശിലയായി ശീലമായ്
ചിരിയായ് ചിലമ്പായ് ചെരാതായനന്തം...
അലിവായറിവായഗ്നിയായഴകായ്,
അരങ്ങായഴലായഹന്തയായന്ത്യമായ്
ആശയായാവേശമായാഹ്ലാദമായും,
അലയാഴിയായലയൊലിയായാരവമായി
അർക്കനായസ്തമയപ്രഭാവമായ് ഭൂവിൽ
അന്തിയായരുണാഭമി കൈരളിവാഴും
സത്യമായ് സഹനമായനശ്വരസ്നേഹമായ്
സ്വാന്തമായ് സാന്ത്വനമായ് ചേതനയായിവിടെ
ഋതമായ് ഋണമായ് ഋജുവായ് ഋഷിയായ്
ഋക്കായി ഋഗ്വേദമായ് ഋഷിവാടഭംഗിയും,
കേരമായ് കേരത്തിൻ ഹരിതാഭവുമായി,
വിവിധകലാകേദാരസുരഭില ദളമായ്
മലനാടിൻമഹിമയെഴുമി കൈരളിയിവിടെ.





മണമ്പൂർ സുരേഷ്

## ജീവിതത്തിൽ നിന്നു ചീന്തിയെടുത്ത

# 'നെയ്' എന്ന നാടകം

ഏകദേശം എൺപതു വർഷം മുമ്പ് ബ്രിട്ടനിൽ നാഷണൽ ഹെൽത്ത് സർവീസ് രൂപീകരിക്കുന്നതിന് മുമ്പ് ഇവിടുത്തെ അവസ്ഥ എന്തായിരുന്നു? നമ്മൾ ഒരു ഡോക്ടറെ വിളിച്ചാൽ ആഴ്ചകൾക്കു ശേഷം വീട്ടിൽ ഒരാൾ വരും, ഒരു 'വൃത്തികെട്ട മനുഷ്യൻ', അയാൾ വരുന്നത് അന്നു ഡോക്ടറെ വിളിച്ചതിന്റെ തുക ഗഡുക്കളായി പിരിക്കാനാണ്. ഈ കാലയളവിൽ ജീവിച്ച എന്റെ ഒരു പഴയ അയൽവാസി ബിൽ തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: അയാൾ അവിടെ വീട്ടിനു മുന്നിലിരിക്കും. ആ ആഴ്ച കൊടുക്കേണ്ട ഗഡു വേടിക്കാതെ അയാൾ അവിടെ നിന്നും മാറില്ല.

ആർക്കും ആരോഗ്യ പരിപാലന സംരക്ഷണം ഇല്ലാതിരുന്ന കാലത്തു ലോകത്തിനു തന്നെ മാതൃകയായി, പുതിയ സ്വപ്നപദ്ധതിയുമായി ഒരു ലേബർ പാർട്ടി ആരോഗ്യമന്ത്രി വന്നു, അതാണ് നെയ് ബെവിൻ. നെയ് ബെവിന്റെ ജീവിത കഥ പറയുന്ന നാടകമാണ് 'നെയ്'.

77 വർഷം പിന്നിട്ട എൻ.എച്ച്.എസിന്റെ കഥ പറയാൻ ലണ്ടൻ നഗരത്തിലെ പ്രസിദ്ധമായ നാഷണൽ തിയേറ്ററിൽ കഴിഞ്ഞ വർഷം നിറഞ്ഞ സദസ്സിൽ അവതരിപ്പിച്ച 'നെയ്' എന്ന നാടകം നെയ് ബെവിന്റെ നാടായ വെയിൽസിലെ അവതരണവും കഴിഞ്ഞു വീണ്ടും ലണ്ടനിലെ നാഷണൽ തിയേറ്ററിലേക്ക് വരികയാണ് ഈ ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ.

ജീവിതം തന്നെ ഒരു വലിയ സഹനസമരം ആയിരുന്നു നെയ് ബെവിന്. പതിമൂന്നാം വയസ്സിൽ കൽക്കരി ഖനി തൊഴിലാളിയായി തന്റെ ജീവിതം തുടങ്ങുന്നു. തുടർന്ന് ട്രേഡ് യൂണിയനിലൂടെ പഠിച്ചു എം.പി ആകുന്നു. എം.പി ആയ നെയ് ബെവിൻ ആരോഗ്യമന്ത്രിയായി നിയമിക്കപ്പെടുകയാണ്. മടിയിൽ കാശുള്ളവന് മാത്രം ചികിത്സ എന്നുള്ളതായിരുന്നു അന്നത്തെ



രീതി. അതു പൊളിച്ചെഴുതുകയായിരുന്നു എൻ.എച്ച്.എസിന്റെ രൂപീകരണം,

പോക്കറ്റിലെ തുക നോക്കാതെ ചികിത്സ ലഭ്യമാക്കുക അതായിരുന്നു എൻ.എച്ച്.എസിന്റെ ലക്ഷ്യം. അന്നുണ്ടായിരുന്ന എല്ലാ ആശുപത്രികളും എല്ലാ ഡോക്ടർമാരും എൻ.എച്ച്.എസിന്റെ ഭാഗമായി മാറേണ്ടി വന്നു. ആദ്യം ഡോക്ടർമാരിൽ നിന്നും എതിർപ്പുണ്ടായെങ്കിലും അതൊക്കെ കെട്ടടങ്ങി എല്ലാവരും എൻ.എച്ച്.എസിൽ ചേരുകയായിരുന്നു.

എൻ.എച്ച്.എസിന്റെ നേട്ടങ്ങൾ മൂന്നു വാചകത്തിൽ ഇങ്ങനെ പറയാം:

ഒന്ന്: എൻ.എച്ച്.എസ് വന്നശേഷം ശിശുമരണ നിരക്ക് 50 ശതമാനം കുറഞ്ഞു. അതായത് മുമ്പു മരിച്ചു പോകുമായിരുന്ന 10 കുട്ടികളിൽ 5 പേർ രക്ഷപ്പെട്ടു.

രണ്ട്: ലൈഫ് എക്സ്പെക്റ്റൻസി അഥവാ ആയുർദൈർഘ്യം 12 വർഷം കൂടി ഉയർന്നു.

മൂന്ന്: ഓരോ ദിവസവും 13 ലക്ഷം ആളുകളെ എൻ.എച്ച്.എസ് ചികിത്സിക്കുന്നു.

ഇതെല്ലാം കയ്യിൽ പൈസയുണ്ടോ എന്ന് നോക്കിയിട്ടല്ല ആളുകളുടെ ആരോഗ്യപരമായ ആവശ്യമനുസരിച്ചാണ് ചികിത്സ. ഇപ്പോൾ ലാഭം ഉണ്ടാക്കാൻ വേണ്ടി നിരവധി കമ്പനികൾ എൻ.എച്ച്.എസിലേക്ക് കടന്നു വരുന്നുണ്ടെങ്കിലും ചികിത്സ പൂർണമായും സൗജന്യം തന്നെ. ചെലവ് ഏറിയ കാര്യങ്ങൾ മാറ്റിവയ്ക്കണം എന്ന ചിന്ത വരുന്ന തോടുകൂടി മാറ്റങ്ങൾ പലതും വരുന്നുണ്ടെങ്കിലും എല്ലാവർക്കും ഇപ്പോഴും സൗജന്യമായി തന്നെ ചികിത്സ ലഭിക്കുന്നു. ഇവിടെ പ്രതിബന്ധങ്ങൾ ഇല്ല എന്നല്ല അതൊക്കെ മറികടന്ന് എൻ.എച്ച്.എസ് ഇവിടെ നിലനിൽക്കും എന്നാണ് നെയ് ബെവിന്റെ ഈ നാടകം പറയുന്നത്. എൻ.എച്ച്.എസിനെ സംരക്ഷിക്കണം എന്ന് ചിന്തിക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ടിവിടെ.

നാടകം റിയലിസത്തിൽ നിന്നും മാറി സങ്കൽപ്പവും യാഥാർത്ഥ്യവും കൂടി ഇടകലർന്ന ഒരു സർറിയലിസ്റ്റ് ശൈലിയിൽ ആണ് അവതരിപ്പിക്കുന്നത്. തുടക്കം മുതൽ അവസാനം വരെ നെയ് ബെവിൻ ആശുപത്രിയിൽ കിടക്കയിൽ കിടക്കുന്ന വേഷത്തിലാണ് നാടകത്തിൽ വരുന്നത്. സ്കൂൾ കുട്ടിയായും ക്യാബിനറ്റ് മിനിസ്റ്റർ ആയും പ്രധാനമന്ത്രിയോട് തർക്കത്തിൽ ഏർപ്പെടുന്ന പൊളിറ്റീഷ്യനായും ഒക്കെ വരുന്നത് ഒരേ ആൾ തന്നെയാണ്, അതും ഒരേ വേഷത്തിൽ.

കഴിഞ്ഞ വർഷം മെയ് മാസത്തിൽ 1200 പേർക്ക് ഇരിക്കാവുന്ന ലണ്ടനിലെ പ്രസിദ്ധമായ നാഷണൽ തിയേറ്ററിൽ ആദ്യം നെയ് എന്ന നാടകം അവതരിപ്പിക്കുകയും അവിടെ നിന്ന് നെയ് ബെവിന്റെ നാടായ വെയിൽസിലേക്ക് അവതരണത്തിനായി പോവുകയും ചെയ്തു.

നാടകത്തിന്റെ സ്റ്റേജിൽ മുഖ്യമായും ഉള്ളത് 9 ആശുപത്രി കിടക്കകളാണ്. ഈ കിടക്കകൾ അതിന്റെ സ്ഥാനങ്ങൾ മാറ്റി ഒരുതരം കോറിയോഗ്രാഫി ചെയ്യുന്ന രീതിയിൽ സ്ഥാനചലനം വരുത്തി സ്കൂൾ റൂമായും പ്രധാനമന്ത്രിയുടെ ഓഫീസായും ക്യാബിനറ്റ് റൂമായും വീടായും ഒക്കെ മാറുകയാണ്. എല്ലാം ഈ കിടക്കകളുടെ വളരെ രസകരമായ സ്ഥാനചലനങ്ങളിലൂടെയാണ് നേടിയെടുക്കുന്നത്.

ടിം പ്രൈസ് എഴുതിയ നാടകം റൂഫസ് നോറിസ് സംവിധാനം ചെയ്തു. ഒരു ചരിത്ര സംഭവത്തെ, നമ്മുടെ ജീവിതത്തെ എല്ലാ നിലയിലും ബാധിക്കുന്ന ഒരു വിഷയത്തെ വളരെ രസകരമായി അവതരിപ്പിച്ചിരിക്കുകയാണ് ഈ നാടകം. 33 നടീനടന്മാരാണ് ഇതിലുള്ളത്. നെയ് ബെവിനായി മൈക്കൽ ഷീനും, അദ്ദേഹത്തിന്റെ സഹധർമ്മിണി ജെനീ ലീ ആയി ഷാരൺ സ്മോളും വിൻസ്റ്റൺ ചർച്ചിലായി ജയ വർദ്ധനയും മുഖ്യ കഥാപാത്രങ്ങൾക്ക് ജീവനേകി.

നെയ് ബെവിൻ ഉറക്കെ വീണ്ടും വീണ്ടും പറയുന്ന ഒരു കാര്യമുണ്ടായിരുന്നു എൻ.എച്ച്.എസ് സംരക്ഷിക്കാൻ ഇവിടെ ആളുകൾ ഉള്ളിടത്തോളം കാലം അത് ഇവിടെ നിലനിൽക്കുക തന്നെ ചെയ്യും. അതിന്റെ ഉത്തമ മാതൃക തന്നെയാണ് 'നെയ്' എന്ന ഈ നാടകം.


# എന്റെ നാടകാനുഭവങ്ങൾ



കെ. നാരായണൻ

**തി**രുവനന്തപുരം, കൊല്ലം ജില്ലകളുടെ അതിർത്തി പങ്കിടുന്ന നാവായിക്കുളം എന്ന ഗ്രാമമാണ് എന്റെ ജന്മദേശം. നൂറ്റാണ്ടുകൾ പഴക്കമുള്ള ശങ്കരനാരായണ ക്ഷേത്രവും, ക്ഷേത്രപ്രവേശന വിളംബര സ്തൂപവുമാണ് എന്റെ ഗ്രാമത്തിന്റെ മുഖമുദ്രകൾ. ക്ഷേത്രത്തിനു തെക്ക്, കിഴക്ക്, വടക്ക്, പടിഞ്ഞാറ് ദിക്കുകകളിലുള്ള ഒരുകൂട്ടം കലാസ്നേഹികൾക്കിടയിലായിരുന്നു ഞാനെന്റെ ബാല്യകാലം പിന്നിട്ടത്. ഒരുപക്ഷേ അവരിൽ നിന്നാകണം കലാപരമായ എന്തെങ്കിലും കഴിവുകൾ എന്റെ മനസിലും കടന്നു കൂടിയത്. കൂടാതെ വീട്ടിൽ അമ്മൂമ്മയുടെ സ്ഥിരമായുള്ള ഭാഗവത പാരായണവും ഒരു ഘടകമാണ്.

നാലാം ക്ലാസിൽ പഠിക്കുമ്പോൾ അന്ന് പഠിച്ചിരുന്ന സ്കൂളിലെ യുവജനോത്സവത്തിൽ അവതരിപ്പിച്ച നാടകത്തിലായിരുന്നു ഞാൻ ആദ്യമായി അഭിനയിക്കുന്നത്. നാടകങ്ങൾ പലതും കണ്ടിട്ടുണ്ടെങ്കിലും, നാടകം എന്താണെന്ന് മനസിലാകാത്ത പ്രായത്തിൽ സുകുമാരൻ സാറിന്റെ നിർബന്ധത്തിൽ അന്ന് നടത്തിയ ഒരഭ്യാസം എന്ന് മാത്രമേ ഇപ്പോൾ അതിനെക്കുറിച്ചോർക്കുമ്പോൾ പറയാൻ കഴിയൂ. സാംസ്കാരിക തലസ്ഥാനമായ തൃശൂരിലായിരുന്നു നാലാം ക്ലാസിനു ശേഷമുള്ള വിദ്യാഭ്യാഭാസജീവിതം. നാട്ടിലൽപം 'കളി' കൂടുന്നതുകൊണ്ട് പഠിച്ചു നന്നാകാൻ ആയിരുന്നു ഏജീസ് ഓഫീസ് ഉദ്യോഗസ്ഥനായ അപ്പച്ചിയുടെ മകനോടൊപ്പം താമസിച്ചു പഠിക്കാൻ അമ്മ എന്നെ അവിടേക്കു അയച്ചത്.




ചേരൂർ എൻ.എസ്.യു.പി.എസിൽ തിരോന്തിരംകാരനായ ഞാനൊരു വിദേശ വിദ്യാർത്ഥിയായിരുന്നു. പഠിത്തത്തിൽ പുരോഗമിച്ചില്ലെങ്കിലും, കലാപരമായി ഒരുപാട് അറിവു നേടാൻ ഇവിടം കൊണ്ട് സാധിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. അടുത്ത വീടുകളിലെ കുട്ടികളുടെ സംഗീത പഠനം കേട്ട് വളരാൻ കഴിഞ്ഞതാണ് അതിലൊന്ന്. അങ്ങനെയെപ്പോഴോ ഒരു മൂളിപ്പാട്ട് പാടിയത് മാലതി ടീച്ചർ കേൾക്കാനിടയായതാണ് വീണ്ടുമൊരു സ്കൂൾ നാടകത്തിൽ എന്നെ കൊണ്ടെത്തിച്ചത്. ഇക്കുറി അഭിനയം സ്റ്റേജിൽ ആയിരുന്നില്ല. അക്കാലത്ത് എല്ലാ ഞായറാഴ്ചകളിലും ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന ബാലകോകിലം പരിപാടിക്ക് വേണ്ടി ഞങ്ങളുടെ സ്കൂളിൽ നിന്നും അവതരിപ്പിച്ച റേഡിയോ നാടകമായിരുന്നു അത്. തൃശൂർ രാമപുരത്തുള്ള എ.ഐ.ആർ സ്റ്റുഡിയോവിൽ മൂന്ന് ദിവസത്തോളമുള്ള റിക്കോർഡിങ് എന്നാണ് ഓർമ. റെക്കോർഡിങ്ങിന് ശേഷം വീണ്ടും ഒരു മാസം

കഴിഞ്ഞുള്ള ഞായറാഴ്ച രാവിലെ പത്ത് മണിക്ക് സ്വന്തം ശബ്ദം റേഡിയോവിലൂടെ കേൾക്കാനായത് ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു.

സ്കൂൾ വിദ്യാഭ്യാസ ജീവിതത്തിന്റെ വിധി നിർണായകമായ അടുത്ത ഘട്ടം തുടങ്ങുന്നത് തൃശൂർ മോഡൽസ് ബോയ്സ് ഹൈസ്കൂളിൽ ആയിരുന്നു. അവിടെയും തിരോന്തിരംകാരനായ ഞാനെന്ന വിദേശിക്ക് സ്കൂളിലെ മുതിർന്നവർ നടത്തുന്ന നാടക ക്ലബ്ബിൽ സജീവ സാന്നിധ്യമാകാൻ ബുദ്ധിമുട്ടേണ്ടി വന്നില്ല. സ്കൂളിനോട് ചേർന്ന് തന്നെയായിരുന്നു ഗവ: ആർട്സ് കോളേജും പ്രവർത്തിച്ചിരുന്നത്. അവിടുത്തെ ചേട്ടന്മാരോട് ചങ്ങാത്തം കൂടുന്നതും, നാടകമുൾപ്പെടെയുള്ള കലാപ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാകുന്നതും ഇക്കാലയളവിൽ ആയിരുന്നു.

ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോഴായിരുന്നു ആ വർഷത്തെ യുവജനോത്സവത്തിൽ എന്റെ സ്കൂളിൽ നിന്നും മത്സരത്തിൽ പങ്കെടുക്കുന്ന നാടകത്തിന്റെ പിന്നണിയിൽ പ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നത്. സ്റ്റേജിന് പിന്നിൽ അഭിനേതാക്കളുടെ ഓരോ ചലനവും സസൂക്ഷ്മം നിരീക്ഷിച്ചു വേണ്ടിവന്നാൽ ആംഗ്യഭാഷയിലൂടെ അവർക്കു വേണ്ടുന്ന നിർദേശങ്ങൾ നൽകുക എന്നതായിരുന്നു അത്. മത്സരം അത് എന്തുതന്നെ ആയാലും ഒന്നാം സ്ഥാനത്തിൽ കുറഞ്ഞതൊന്നും അംഗീകരിക്കാത്ത കുറുപ്പാൾ മാഷ് ഹെഡ്മാസ്റ്റർ ആയിരുന്ന കാലം. അതുകൊണ്ട് തന്നെ നാടകത്തിന്റെ മേൽനോട്ടക്കാരനായ ഞങ്ങളുടെ മലയാളം മാഷിന്റെ പരിഭ്രമം ഇപ്പോഴും ഓർമയിൽ നിൽക്കുന്നു. നിർഭാഗ്യവശാൽ അന്ന് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തരാകേണ്ടിവന്നെങ്കിലും നാടകാവതരണത്തിന്റെ ബാലപാഠങ്ങൾ മനസിലാകുന്നതും പ്രോത്സാഹനമാകുന്നതും മോഡൽസിലെ പഠനകാലത്തായിരുന്നു.

ഇതേ സമയം തന്നെ സ്കൂൾ അവധിക്കാലത്ത് എന്റെ അണ്ണന്റെ ഓഫിസ് (ഏജീസ് ഓഫീസ്) റിക്രിയേഷൻ ക്ലബ് അവതരിപ്പിച്ച ജി. ശങ്കരപ്പിള്ള സാറിന്റെ 'കിഴവനും കഴുതയും' എന്ന നാടകത്തിന്റെ പരിശീലന കളരിയിൽ സ്ഥിരസാന്നിധ്യമാകാൻ കഴിഞ്ഞതും ഒരു ഭാഗ്യമായി ഓർക്കുന്നു ഞാനിവിടെ. ജീവിതത്തിൽ എപ്പോഴെങ്കിലും ഈ നാടകം എന്റെ സ്വന്തം രീതിയിൽ എവിടെയെങ്കിലും അവതരിപ്പിക്കണം എന്നൊരു ആഗ്രഹവും, അതിനൊരു വേദി ലണ്ടനിൽ ഒരുങ്ങിയതും ചരിത്ര നിയോഗം.

കാലം കടന്നുപോയി. പത്താം ക്ലാസ് എന്ന കടമ്പക്ക് ശേഷം, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തു നിന്നും മനസ്സിൽ പതിഞ്ഞ കുറച്ചു സംഗീതവും, നാടകാനുഭവങ്ങളുമായി ജീവിതം വീണ്ടും നാവായിക്കുളമെന്ന സ്വന്തം ഗ്രാമത്തിലേക്ക്.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നാടാകെ മാറിയിരിക്കുന്നു. തെരുവ് നാടകങ്ങളും, ഏകാങ്ക നാടകങ്ങളും ഓരോ ദിക്കിലും സജീവം, പണ്ട് നാലാം ക്ലാസിൽ എന്നോടൊപ്പം അഭിനയിച്ച ജയകുമാറും, ശ്രീകണ്ഠനുമെല്ലാം മികവുറ്റ നടന്മാരായി മാറിയിരിക്കുന്നു. അവരുടെ നാടകപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും. അവരിലൊരാളായി മാറാനും എനിക്ക് അധികമൊന്നും കാത്തുനിൽക്കേണ്ടി വന്നില്ല. അങ്ങിനെ എന്റെ മനസിലെ നാടകമോഹങ്ങൾ വീണ്ടും വളരാൻ തുടങ്ങി. എന്റെ ഗ്രാമത്തിലെ പി.എസ്.എ.സിയുടെയും, നിള സാംസ്കാരിക വേദിയുടെയും നാടക പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചു. അഭിനയമല്ല എന്റെ തട്ടകമെന്നുള്ള തിരിച്ചറിവിന്റെ നാളുകൾ ആയിരുന്നു അത്.

ആറ്റിങ്ങൽ ഗവൺമെന്റ് ആർട്സ് കോളേജിൽ പഠിക്കുന്ന സമയത്തായിരുന്നു അവിടുത്തെ പാരലൽ കോളേജ് അദ്ധ്യാപകനായ രാമചന്ദ്രൻ സാറുമായി പരിചയമാകുന്നത്. നല്ലൊരദ്ധ്യാപകനും, അതുപോലെ തന്നെ നല്ലൊരു നടനുമായിരുന്നു അദ്ദേഹം. അക്കാലത്തെ പ്രമുഖ നാടക സമിതിയായ തിരുവനന്തപുരം സൗപർണികയുടെ നാടകങ്ങളിൽ പ്രധാന വേഷം ചെയ്തിരുന്ന അദ്ദേഹമായിരുന്നു അവരുടെ റിഹേഴ്സൽ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ അവസരം തന്നതും, അതിലൂടെ നാടകാവതരണത്തെ കുറിച്ച് കുറച്ചുകൂടി അടുത്ത് മനസിലാക്കാൻ എനിക്ക് കഴിഞ്ഞതും. എന്റെ അമിതാവേശം കണ്ടിട്ടാകണം പഠനവും, നാടകവുമൊരുമിച്ചു കൊണ്ടുപോകാൻ ശ്രമിക്കണമെന്ന് അദ്ദേഹം അന്നെന്നെ ഉപദേശിച്ചത്. അങ്ങിനെ സ്വന്തം ഗ്രാമത്തിൽ തന്നെ നാടകവും, പാട്ടുമൊക്കെയായി ജീവിതം കൊണ്ടുപോകാമെന്ന വ്യാമോഹത്തിൽ കഴിയുമ്പോഴായിരുന്നു വീണ്ടുമൊരു നാടുകടത്തൽ. അതും അമ്മയുടെ ഇടപെടലിലൂടെ സൂര്യൻ അസ്തമി



ക്കാത്ത നാട്ടിലേക്ക്.

യു.കെ മലയാളി സമൂഹത്തിലെ മൂന്നാം തലമുറക്കാരിൽ ഒരുവനായി ഞാൻ എത്തിപ്പെട്ടത് ക്രോയ്ഡോണിൽ ആയിരുന്നു. എന്നെപ്പോലെ തന്നെ ഈസ്റ്റ്ഹാമിലും, സൗത്താളിലും സമപ്രായക്കാർ ധാരാളമുണ്ടെന്ന് വഴിയേ മനസിലായി. തികച്ചും അപരിചിതമായ ഈ രാജ്യത്തു ഞാനാദ്യം കേട്ട മലയാളി സംഘടനകളിൽ ആദ്യത്തേത് എം.എ.യു.കെയും ക്രോയ്ഡോണിലേ കെ.സി.ഡബ്ല്യൂ.എയും ആയിരുന്നു. എനിക്ക് മുന്നേ വന്നവർ ഈ രണ്ടു സംഘടനകളിലും പ്രവർത്തിച്ചിരുന്ന കാലം.

വർഷത്തിലൊരിക്കലുള്ള ഓണാഘോഷം എന്നത് മാറി യു.കെയുടെ മണ്ണിൽ മലയാളി കലാ സംസ്കാരിക പ്രവർത്തനങ്ങളുടെ നവോഥാന കാലത്തിനു തുടക്കം കുറിച്ചതും മൂന്നാം തലമുറക്കാർ ആയിരുന്നു എന്നത് എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊണ്ണൂറുകളുടെ തുടക്കം മുതൽ ആയിരുന്നു യു.കെ മലയാളികൾക്കിടയിൽ നാടകവേദി കൂടുതൽ കരുത്താർജിക്കുന്നത്. ഇക്കൂട്ടത്തിൽ ആദ്യമായി ഏകാംഗ നാടക മത്സരവുമായി മുന്നോട്ട് വന്നത് സൗത്താൾ കേരളൈറ്റ്സ് അസോസിയേഷൻ ആയിരുന്നു. ഈ ഒരാശയം ഉറങ്ങികിടന്ന സംവിധാനചിന്ത വീണ്ടും മനസ്സിൽ ഉണർത്തുകയും, അതിലൂടെ പണ്ട് മനസ്സിൽ കുറിച്ചിട്ട കിഴവനും കഴുതയും എന്ന നാടകം ഇതിനോടകം പരിചയപ്പെട്ട ചില സുഹൃത്തുക്കളുമായി ചേർന്ന് പരിമിതമായ അറിവിനുള്ളിൽ നിന്ന് കൊണ്ട് ചിട്ടപ്പെടുത്തി മത്സരിച്ചതുമാണ് എന്റെ ആദ്യത്തെ സംവിധാനുഭവം.

ആദ്യാനുഭവം തന്ന ആത്മവിശ്വാസം തുടർന്ന് നടന്ന മത്സരങ്ങളിലെല്ലാം പങ്കെടുക്കുവാൻ പ്രചോദനമാവുകയും ചെയ്തു. കുരുക്ഷേത്രം, ഒരു പാറ്റയുടെ വിധി, ധർമ്മ ക്ഷേത്രേ കുരുക്ഷേത്രേ എന്നീ നാടകങ്ങൾ മത്സരവേദിയിൽ എത്തിക്കുവാൻ കഴിഞ്ഞതും ഇക്കാലയളവിലായിരുന്നു.

കാലക്രമേണ നാടക മത്സരങ്ങൾ അരങ്ങൊഴിയുകയും, പ്രൊഫഷണൽ നാടകങ്ങൾ വീണ്ടും സജീവമാവുകയും ചെയ്തു. ഇക്കാലയളവിൽ ഈസ്റ്റ് ഹാമിൽ പ്രിയ സുഹൃത്ത് ശശി കുളമടയുടെ നേതൃത്വത്തിലുള്ള കേളി രാജൻ കിഴക്കനേല സാറിന്റെ നാടകങ്ങളുമായി ഈ രംഗത്ത് തങ്ങളുടെ സാന്നിധ്യം തെളിയിച്ചുകൊണ്ടേയിരുന്നു.

അങ്ങിനെ ചെറിയൊരിടവേളക്ക് ശേഷം ഈസ്റ്റ് ഹാമിലെ ശ്രീ നാരായണ ഗുരു മിഷന് വേണ്ടി ഗുരുവിന്റെ ജീവിത കഥയെ ആസ്പദമാക്കി അവതരിപ്പിച്ച ശ്രീ നാരായണ ഗുരുദേവൻ എന്ന നാടകം സംവിധാനം ചെയ്തുകൊണ്ടായിരുന്നു ഞാനീ രംഗത്ത് വീണ്ടും എത്തുന്നത്. തുടർന്ന് ക്രിസ്തുവിന്റെ കഥ പറഞ്ഞ സ്നേഹസാമ്രാജ്യം, ഭദ്രപീഠം, സ്നേഹാലയം, ഈസ്റ്റ് ഹാമിലെത്തന്നെ എൻ.എസ്.എസിനു വേണ്ടി അവതരിപ്പിച്ച ശ്രീ ഗുരുവായൂരപ്പൻ ഏറ്റവുമൊടുവിൽ കേരളത്തിന്റെ വീര നായകൻ വേലുത്തമ്പിയുടെ കഥ പറഞ്ഞ വേലുത്തമ്പി എന്ന നാടകം വരെ എത്തി നിൽക്കുന്നു എന്റെ നാടകാനുഭവങ്ങൾ.

ഒരു കൂട്ടായ്മയിലൂടെ ഉരുത്തുരിഞ്ഞു പ്രേക്ഷകരോട് നേരിട്ട് സംവദിക്കുന്ന നാടക കലയിൽ എനിക്കെന്നും പ്രചോദനമായി എന്നോടൊപ്പം നിന്നിട്ടുള്ള പ്രിയ സുഹൃത്തുക്കൾ വിജയകുമാർ ചേന്നൻകോഡിനെയും, അഭിലാഷിനേയും അതുപോലെ തന്നെ ഞങ്ങളുടെ നാടക കുടുംബമായ ക്രോയ്ഡോൺ ഡ്രാമ തിയറ്റേഴ്സിന്റെ മികവുറ്റ അഭിനയ സുഹൃത്തുക്കളേയും ഞാനിവിടെ സ്മരിക്കുന്നു.

# കേളി പുരസ്കാരം നേടിയവർ

**2008**


വില്ലൻ ഗോപി


ജെ. രവി പിള്ള (ജെ.ആർ)


**2009**



അസ്ലം


രാധ ഗോപിനാഥ്


സുലോചന ശ്രീധരൻ

**2010**


ആൽബർട്ട് വിജയൻ


വിജയ് ചേന്നംകോട്

**2011**


മീര കമല


രോഹിണി രവി

**2012**


കവിതാ നമ്പ്യാർ

**2012**


വക്കം ജി സുരേഷ്കുമാർ

**2013**


കനേഷ്യസ് അത്തിപ്പൊഴിയിൽ


സുഭാഷിണി വാസു

**2014**


ആകാശ് റജി

**2015**


അനിയൻ കുന്നത്ത്


**2015**


ജെയ്സൺ ജോർജ്ജ്


മീരാ മഹേഷ്


മുരുകേശ് പനയറ

**2016**


അജിത് പാലിയത്


അശ്വതി. എം. ശശിധരൻ

**2016**


സി.എ. ജോസഫ്


സിസിലി ജോർജ്ജ്



ശ്രുതി കലാമണ്ഡലം

**2017**


ആശ ഉണ്ണിത്താൻ


ജിം തോമസ് കണ്ടാരപ്പിള്ളി


മഞ്ജു മന്ദിരത്തിൽ




# പ്രണയതീരം



## മുരളി മുകുന്ദൻ

'പ്രണയതീരം' എന്നത്, എന്റെ നാടായ കണിമംഗലത്തുള്ള ഒരു കൊച്ചുവീടിന്റെ പേരാണ്... ഈ പേര് പൊലെ തന്നെ പ്രണയം അനർഗനിർഗളം ഒഴുകിക്കൊണ്ടിരുന്ന ഒരു അനുരാഗനദിയുടെ തീരം തന്നെയാണ് ആ പ്രണയഗൃഹം...! പ്രണയം എന്നും തുളുമ്പി നിൽക്കുന്ന ഈ സ്നേഹതീരത്തുണ്ടായിട്ടുള്ള സംഭവ വികാസങ്ങളൊക്കെ വെറുതെ ഒന്ന് എഴുതിയിടുവാൻ മോഹം തോന്നിയപ്പോൾ... ഒരു വക ഏച്ചുകെട്ടലുകളും, കൂട്ടിച്ചേർക്കലുകളുമില്ലാതെ ആയതൊക്കെ പകർത്തിവെക്കാനുള്ള എന്റെ ഒരു പാഴ്ശ്രമമെന്നും ഇതിനെ വിശേഷിപ്പിക്കാം കേട്ടോ കൂട്ടരെ...

മൂന്നര പതിറ്റാണ്ട് മുമ്പ്, തൃശ്ശൂരുള്ള ഒരു വമ്പൻ തുണിപ്പീടികയിലെ മൊത്തക്കച്ചവടവിഭാഗത്തിൽ കണക്കെഴുത്തുകാരനായിരുന്ന പെരേപ്പാടൻ ജോണ്യേട്ടൻ, നെല്ലിക്കുന്നിലെ തന്റെ തറവാട് ഭാഗം വെച്ച് കിട്ടിയ പൈസകൊണ്ട് കണിമംഗലത്തെ 'മുണ്ടേപ്പാട്ട് മന'ക്കാരുടെ കയ്യിൽ നിന്നും ഒരു പത്ത്പറ കണ്ടം വാങ്ങി, പുര വെച്ച്, പുത്തനച്ചിയായ സുന്ദരിയായ സിസിലേടത്തിയുമായി പാർപ്പിടം തുടങ്ങിയ സ്ഥലത്താണ് ഈ 'പ്രണയതീരം' കുടികൊള്ളുന്നത്... പണ്ട്, മനക്കാര് ഞാറ് നടാനും, ശേഷം ഇടവിളകളായി പയറ്, ഉഴുന്ന്, മുതിര, എള്ള്, കൂർക്ക മുതലായ കൃഷികളൊക്കെ ചെയ്യുവാനും ഉപയോഗിച്ചിരുന്ന സ്ഥലമായിരുന്നു അത്. അവിടത്തെയൊക്കെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവരുടെ പുതുതലമുറ, തൊട്ടടുത്ത തൃശൂർ ടൗണിലെ പീടികത്തൊഴിലാളികളും മറ്റുമായി അവരുടെയൊക്കെ തൊഴിൽമേഖല പറിച്ചു നട്ടപ്പോൾ, മനക്കാരുടെ തരിശായി കിടന്ന ആ പാട്ട ഭൂമിയാണ് ജോണ്യേട്ടന് ചുളുവിലക്ക് അന്ന് കിട്ടിയത്...!



ബാല്യകാലങ്ങളിലൊക്കെ ഈ പരിസരത്തുള്ള കണ്ടങ്ങളിലും മഴക്കാലത്ത് തൊട്ടടുത്ത കടാംകുളത്തിൽനിന്നും വെള്ളം ഒഴുകിവരുന്ന വലിയ തോട്ടിലും, ചെറിയോട്ടിലുമൊക്കെ ഞങ്ങളൊക്കെ എത്ര തവണ കുത്തിമറിഞ്ഞ് നീന്തിയും, കുളിച്ചും, കളിച്ചും, മീൻപിടിച്ചും അടിച്ച് തിമർത്ത് വിളയാടി



യതൊക്കെ ഈ വേളയിലിപ്പോൾ ഓർമ്മയിലേക്ക് ഓളം തല്ലി ഓടിയെത്തിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ ജോണ്യേട്ടൻ, പിന്നീട് വീടുപണിയൊക്കെ തീർന്നതോടെ കടം മൂലം വീർപ്പുമുട്ടിയപ്പോൾ, കണിമംഗലം സ്കൂളിലെ വിശാലാക്ഷി ടീച്ചർക്കും ഭർത്താവ് മേനോൻ മാഷ്ക്കും ആ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം മുറിച്ച് വിറ്റു. അവിടെ മേനോൻ മാഷ് പണിതീർത്ത ഒരു 'ത്രീ ബെഡ് റൂം ടെറസ്' വീടിനിട്ട പേരാണ് കേട്ടൊ ഈ 'പ്രണയ തീരം.' ലീഡർ കരുണാകരന്റെ വാഗ്ദാനത്താൽ, പോലീസ് ഇൻസ്പെക്ടർ ഉദ്യോഗം മോഹിച്ച്, അത് കിട്ടാതെ വന്നപ്പോൾ കോഴകൊടുത്ത് കണിമംഗലം എസ്.എൻ ഹൈസ്കൂളിൽ കണക്കദ്ധ്യാപകനായി തീർന്ന ചുള്ളനായ ഈ മേനോൻ മാഷിനെ, ആ സ്കൂളിലെ തന്നെ ടിപ്പ് ചുള്ളത്തിയായ വിശാലാക്ഷി ടീച്ചർ അനുരാഗ വിലോചനയായി, തന്റെ വിശാലമായ അക്ഷികൾ കൊണ്ട് വശീകരിച്ച്, പിന്നീടെപ്പോഴോ കല്ല്യാണത്തിലെത്തിക്കുകയായിരുന്നു...!

അന്യജാതിയിൽപെട്ട ഒരുവളെ കെട്ടിയപ്പോൾ മേനോൻ മാഷിന്റെ മാളയിലുള്ള വീട്ടുകാരും മാഷെ പുറത്താക്കി വാതിൽ കൊട്ടിയടച്ചു. അങ്ങിനെയാണ് മേനോൻ മാഷ് തന്റെ പ്രണയതീരം, ഞങ്ങളുടെ കണിമംഗലത്ത് പണിതുയർത്തിയത്. നല്ലൊരു കൃഷിവല്ലഭർ കൂടിയായ ജോണ്യേട്ടനും, ഭാര്യ സിസിലേടത്തിക്കും സ്വന്തം ബന്ധുക്കളേക്കാൾ പ്രിയപ്പെട്ടവർ തന്നെയായിരുന്നു ഈ വിരുന്നുവന്ന നല്ല അയൽപക്കക്കാർ. അതുപോലെ തന്നെയായിരുന്നു ഈ ടീച്ചർ ദമ്പതികൾക്ക് അവരും. കൃഷിതൽപരനായ മാഷും കൂടി ചേർന്നപ്പോൾ വളരെ കുറഞ്ഞസമയം കൊണ്ട് അവരുടെ പുരയിടം ഒരു ജൈവ കൃഷിയിടമായി മാറി.

വീക്കെന്റുകളിലും മറ്റും ഈ നാല് അദ്ധ്വാനികളെയും കളയും നനയുമൊക്കെയായി എപ്പോഴും അവരുടെ പുരയിടങ്ങളിൽ കാണാറുണ്ട്. പിന്നീട് മാഷ് വളർത്തിയ പശുവും സിസിലേടത്തിയുടെ ആടുകളും ആ പരിസരത്തൊക്കെ ശുദ്ധമായ പാലിന്റെ ഒരു ധവളവിപ്ലവം തന്നെ സൃഷ്ടിച്ചു. ആട്ടുമ്പാല്, നാടൻ കോഴിമുട്ട, നല്ല നാടൻ പച്ചക്കറികൾ എന്നിവയൊക്കെ വാങ്ങാനും മറ്റും നാട്ടുകാരാരെങ്കിലും എപ്പോഴും ആ വീടുകളിലുണ്ടാകും. കുട്ടിക്കാലത്തൊക്കെ ആ പുരയിടത്തിലുള്ള 'കാള തേക്കും, കൊട്ട തേക്കു'മൊക്കെ കണ്ട് രസിക്കാൻ ഞങ്ങൾ അവിടെ ചിലപ്പോഴൊക്കെ ചേക്കേറാറുണ്ട്. അവിടെ വിളയുന്ന മത്തനും കുമ്പളവും അമരക്കായും ചീരയും വഴുതനയും പപ്പായും, വെണ്ടക്ക, മുരിങ്ങക്ക എന്നിവയൊക്കെ അപ്പപ്പോൾ ചൂടപ്പം പോലെ വിറ്റഴിഞ്ഞു. ജോണ്യേട്ടന്റെ മക്കളായ ഡെന്നീസിനും, ഡെൽബർട്ടിനും മറ്റൊരമ്മയായിരുന്നു വിശാലാക്ഷി ടീച്ചറായ ടീച്ചറമ്മ. ഒപ്പം ഡെൽബർട്ടിന്റെ സമപ്രായക്കാരിയായി ടീച്ചറമ്മക്കുണ്ടായ ശ്രീദേവിക്കും, പിന്നീടുണ്ടായ ദേവദാസിനും ഈ അയൽപക്കക്കാർ അമ്മച്ചിയും, അപ്പച്ചനും തന്നെയായിരുന്നു! ഓണക്കാലത്തൊക്കെ രണ്ട് വീടിന്റെയും തിരുമുറ്റത്ത് ഇടുന്ന പൂക്കളങ്ങൾ, ക്രിസ്തുമസ്സിന് രണ്ട് വീട്ടിലും ഉയർത്തുന്ന നക്ഷത്രങ്ങൾ...

പെരുനാളും, പൂരവും, ഓണവും, ഈസ്റ്ററും, വിഷുവും, ക്രിസ്തുമസ്സുമൊക്കെ ഒന്നിച്ച് കൊണ്ടാടുന്ന ഈ രണ്ട് വീട്ടുകാരും, നാട്ടിലെ ഏറ്റവും നല്ല മാതൃകാ അയൽക്കാർ തന്നെയായിരുന്നു...! ഇന്നൊക്കെ മഷിയിട്ട് നോക്കിയാൽ കാണാൻ പറ്റുമോ ഇതുപോലെക്കെയുള്ള നല്ല അയൽക്കാ

രെ? കാലം ഉരുണ്ടുകൊണ്ടിരുന്നു... അവരൊക്കെ ചേർന്ന്, അന്ന് നട്ട് വളർത്തിയ പ്ലാവുകളും മാവുകളും സപ്പോട്ടമരവും കടചക്ക പ്ലാവും ജാതിതൈകളും പുളിമരവും ഇരുമ്പൻ പുളിയുമൊക്കെ തഴച്ച് വളർന്ന് പിന്നീട് ഒരു ഫല പൂങ്കാവനമായി, അവരുടെ പുരയിടം പോലെ തന്നെ. അവരുടെ മക്കളും വളർന്ന് വലുതായിട്ട് ബിരുദങ്ങളെടുത്ത് ആ മാതാപിതാക്കൾക്ക് അഭിമാനമായി മാറി. ഡെന്നീസ് പോസ്റ്റ് ഗ്രാജുവേഷൻ പാസായി. ശ്രീദേവി ഇലക്ട്രോണിക്കൽ എഞ്ചിനീയറായി.

ഡെൽബർട്ട് കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമയെടുത്തു. പിന്നെ റാങ്കോടെ പാസായി. ദേവദാസ് മെഡിക്കൽ ബിരുദമെടുത്തു. തൊട്ടയൽവക്കത്തുള്ള സുന്ദരിയും സുശീലയുമായ കളിക്കൂട്ടുകാരിയായ ശ്രീദേവിയോട് ഡെന്നീസിന് ചെറുപ്പം മുതൽ തന്നെ ഒരു പ്രത്യേകതരം ആരാധനയായിരുന്നു. ഈ ആരാധന വളർന്ന് വലുതായി പുഷ്പിക്കുവാൻ വേണ്ടി മൊട്ടിട്ടെങ്കിലും ഒരിക്കലും ആയതൊരു പ്രണയപുഷ്പമായി വിടർന്ന് പ്രണയഗന്ധം ഒട്ടും പരത്തിയില്ല താനും. കാരണമെന്തെന്നാൽ ഡെന്നീസിനൊരിക്കലും തന്റെ ഇഷ്ടസഖിയോട് അതൊന്ന് തുറന്ന് പറയുവാൻ, ഇഷ്ടന്റെ ചങ്കിടിപ്പും മുട്ട് കൂട്ടിയിടിക്കലുമൊക്കെ കാരണം നടന്നില്ല എന്നതാണ് വാസ്തവം!

ആ അവസരത്തിൽ ശ്രീദേവി എഞ്ചിനീയറിങ്ങ് കോളേജിലുണ്ടായിരുന്ന തന്റെ സീനിയറായ സഹപാഠനം നടത്തുന്ന ഒരുവനെ ജാതിയൊന്നും നോക്കാതെ തന്നെ ജീവിതപങ്കാളിയായി തെരെഞ്ഞെടുത്തപ്പോഴാണ്, മൂന്നാലുകൊല്ലം ഡെന്നീസ് തീർത്തും പ്രേമനൈര്യാശത്താൽ വിഷാദ കാമുകനായി നടന്നതും പിന്നീടെപ്പോഴോ വെസ്റ്റേൺ റെയിൽവേയിൽ ഗാർഡ് ഉദ്യോഗം കിട്ടിയപ്പോൾ പൂനയിലേക്ക് നാട് കടന്നതും ശേഷം അവിടെ സെറ്റിൽ ചെയ്തതും. ഇപ്പോൾ മൂപ്പർ മഹാരാഷ്ട്രയിൽ ജനിച്ചുവളർന്ന സൂസിയെ കെട്ട്യോളാക്കി, രണ്ട് മുതിർന്ന കുട്ടികളോടൊപ്പം, ഒരു മറുനാടൻ മലയാളിയായി പൂനയിൽ സ്ഥിരതാമസമാക്കി കഴിഞ്ഞിരിക്കുകയാണ്.

എന്നാലോ ഇദ്ദേഹത്തിനേയും ഇഷ്ടപ്പെട്ടിരുന്ന, മൂപ്പരുടെ കടിഞ്ഞൂൽ വൺവേ പ്രണയ നായികയായ ശ്രീദേവി ഇന്ന് തന്റെ മാരനും മക്കൾക്കുമൊപ്പം ഡൽഹിയിൽ നല്ല ഒരു എഞ്ചിനീയർ ദമ്പതികളായി സസുഖം വാഴുന്നു. ഡെൽബർട്ടാണെങ്കിലോ, കുവൈറ്റിൽ പോയ സമയത്ത് അവിടെ ജോലിയുണ്ടായിരുന്ന ഒരു പെന്തക്കോസ്ത്കാരി നഴ്സിനെ ലൈനാക്കി, എട്ട് കൊല്ലം മുമ്പ് അങ്ങോട്ട് മാർഗം കൂടി, വിവാഹം ചെയ്ത് രണ്ട് കൊല്ലത്തെ കുവൈറ്റിലെ പ്രവാസം മതിയാക്കി, ശേഷം അമേരിക്കയിലേക്ക് കുടിയേറി, ഇപ്പോൾ യു.എസിലുള്ള കാലിഫോർണിയയിലാണ്. കുട്ടികളെ പരിചരിക്കുന്നതിനായി ഇഷ്ടന്റെ അമ്മായിയമ്മയും അവരുടെ ഫേമിലിയോടൊപ്പം അവിടെയുണ്ട് കേട്ടൊ. ദേവദാസിന്റെ കഥ, ഞാൻ സങ്കരചരിതം എന്ന ലേബലിൽ, എന്റെ ബിലാത്തിപട്ടണത്തിലെ ഒരു മുൻ പോസ്റ്റിൽ എഴുതിയിട്ടിട്ടുണ്ടായിരുന്നുവല്ലോ. എം.ബി.ബി.എസിന് ശേഷം, നാട്ടിലെ ഒരു അബ്ക്കാരി കോൺട്രാക്റ്റർ സ്ത്രീധനം കൊണ്ട്, ഈ പയ്യനെ വിലക്ക് വാങ്ങി, യു.കെയിലേക്ക് ഉപരിപഠനത്തിന് വിട്ടെങ്കിലും, ആ കല്ല്യാണം മുട്ടതട്ടെത്താതെ പിരിഞ്ഞപ്പോൾ, ഇംഗ്ലണ്ടിലുണ്ടായിരുന്ന, ഒരു പാക്കിസ്ഥാനി ഡോക്ടറായ സൈറയെ നിക്കാഹ് കഴിച്ച്, ഇപ്പോൾ യു.കെയിലെ 'ഗ്ലോചെസ്റ്ററി'ൽ മകൻ ആദിത്യക്കൊപ്പം കുടുംബമായി സെറ്റിൽ ചെയ്തിരിക്കുകയാണ്. എന്നാൽ ജീവിതത്തിൽ ദുരന്തങ്ങൾ എപ്പോൾ, എങ്ങിനെ വരുമെന്നാർക്കറിയാം അല്ലേ? കഴിഞ്ഞ കൊല്ലം 2012 ജനുവരിയിൽ മേനോൻ മാഷുടെ, ഗഹനമായി ആഘോഷിച്ച ഷഷ്ടിപൂർത്തിയാഘോഷങ്ങൾക്ക് ശേഷം പിറ്റേന്റെ പിറ്റേന്ന് കലശലായ നെഞ്ചുവേദനയെ തുടർന്ന് ജോണ്യേട്ടനെ എലൈറ്റ് ആശുപത്രിയിൽ എത്തിച്ചെങ്കിലും, അപ്പോഴേക്കും മൂപ്പരുടെ ആത്മാവ് നിത്യശാന്തി നേടി ഭൂലോകം വിട്ട് പോയി കഴിഞ്ഞിരുന്നു! ജീവിത



ത്തിൽ ഇതുവരെ ഒരു നീരുവീഴ്ച്ച പനി വന്ന് പോലും ഒരു ഡോക്ടറെയോ, ആശുപത്രി വാസമോ ഇല്ലാത്ത ആളായിരുന്നു ഈ പെരേപ്പാടൻ ജോണ്യേട്ടൻ...!

അദ്ദേഹത്തിന്റെ ആത്മാവിന് ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു... അതിന് ശേഷം മൂന്നാല് മാസങ്ങൾക്ക് ശേഷം ദേവദാസാണെന്നെ വിളിച്ച് പറഞ്ഞത് സ്വന്തം അമ്മയുടെ രോഗവിവരം- ഗർഭപാത്രത്തിലുണ്ടായ ഒരു മുഴയെ തുടർന്ന് യൂട്രസ് എടുത്ത് കളയുന്ന സമയത്ത് നടത്തിയ ബയോപ്സിയുടെ റിപ്പോർട്ടിൽ വിശാലാക്ഷി ടീച്ചറുടെ ശരീരത്തിൽ വ്യാപിച്ച അർബ്ബുദരോഗത്തെ കുറിച്ച്! അമല ആശുപത്രിയിൽ റേഡിയേഷൻ നടത്തുന്ന വേളയിലൊക്കെ ദേവദാസും കുടുംബവും ഒന്ന് രണ്ട് തവണ യു.കെയിൽ നിന്നും ടീച്ചറേ കാണുവാൻ നാട്ടിൽ പോയി വന്നിരുന്നു. ജോണ്യേട്ടന്റെ മരണശേഷം വീട്ടീലെ വേലക്കാരിയോടൊപ്പം താമസിച്ചിരുന്ന സിസിലേടത്തി തന്നെയാണ് ടീച്ചർക്ക് എല്ലാ ആതുരശുശ്രൂഷകളും ഒരു കോട്ടവും കൂടാതെ അപ്പോഴൊക്കെ നടത്തി പോന്നിരുന്നത്. പിള്ളേരുടെ ടെന്റ്ത്ത് പഠനവും പ്ലസ്സ്ടു പരീക്ഷകളുമൊക്കെ കാരണം മകൾ ശ്രീദേവിക്ക് പോലും സ്വന്തം അമ്മയെ പൂർണ്ണമായി അടുത്ത് വന്ന് നിന്ന് പരിചരിക്കുവാനോ ശുശ്രൂഷിക്കുവാനോ സാധിച്ചിരുന്നില്ല. എന്തിന് പറയുവാൻ കഴിഞ്ഞവർഷം നവമ്പർ മാസത്തിൽ ഒരു നവമ്പറിന്റെ നഷ്ടം പോലെ വിശാലാക്ഷി ടീച്ചറും ഇഹലോകവാസം വെടിഞ്ഞു... എന്റെ പ്രിയപ്പെട്ട ഈ ടീച്ചറുടെ പുണ്യാത്മാവിന് എന്നുമെന്നും നിത്യശാന്തി ലഭിക്കട്ടെ... ബാഷ്പാഞ്ജലികൾ.

അന്യോനം അറിഞ്ഞും സ്നേഹിച്ചും മൂന്ന് പതിറ്റാണ്ടിലേറെ ജീവിച്ച്, ഇപ്പോൾ വിരഹത്താൽ വീർപ്പുമുട്ടികൊണ്ടിരിക്കുന്ന എന്റെ നാട്ടുകാരായ നല്ല അയൽക്കാരായ ഈ സീനിയർ സിറ്റിസൺസിനെ കാണുവാനും, ദു:ഖം പങ്കിടുവാനും ഡിസംബറിൽ, ഞാൻ നാട്ടിലെത്തിയപ്പോൾ ഈ പ്രണയതീരത്ത് നേരിട്ട് ചെന്നിരുന്നു. (ഇനിയെങ്ങാനും ഇവർ രണ്ട് പേരും മക്കളുടെയടുത്തേക്ക് ഇനിയുള്ള വാർദ്ധക്യം അടിച്ച് പൊളിക്കുവാൻ സ്കൂട്ടാകുകയാണെങ്കിൽ ഇവരുടെ സൂപ്പറായ പുരയിടവും ഈ സ്നേഹതീരവും ചീപ്പായി ഇസ്കാം എന്നുള്ള ഒരു ദുഷ്ടബുദ്ധിയും അപ്പോൾ എന്റെ മനസ്സിൽ ഉണ്ടായിരുന്നു.. കെട്ടോ.)

എന്നാലോ പിന്നീടുണ്ടായത് എന്താണ്? ഇക്കൊല്ലം വാലന്റൈൻ ഡേയുടേ പിറ്റേന്ന് ഞങ്ങൾ കണിമംഗലത്ത്കാരുടെ 'വേലാണ്ടി ദിന'മായ കുംഭമാസത്തിലെ വലിയാലയ്ക്കൽ ദേവിക്ഷേത്രത്തിലെ അശ്വതി വേലയുടെ അന്ന്, രണ്ട് മതത്തിൽ വിശ്വസിച്ചിരുന്ന ഒരു പ്രണയജോഡികൾ, കൂർക്കഞ്ചേരി അമ്പലത്തിൽ പോയി പരസ്പരം മാലയിട്ട് ദമ്പതിമാരായി തീർന്നു! ശ്രീനാരായണ ഗുരു സ്ഥാപിച്ച ഈ സ്ഥാപനത്തിൽ ജാതിയും മതവും കൊതവുമൊന്നും ഒരു പ്രശ്മമില്ലാത്തതിനാലാവും വളരെ ശുഷ്കമായി കൊണ്ടാടിയ ഈ കല്ല്യാണകച്ചേരിയിൽ വരന്റേയും വധുവിന്റേയും ഭാഗത്ത് നിന്ന് വെറും രണ്ട് കാറോളം ആളുകൾ മാത്രമേ പങ്കെടുത്തുള്ളൂ. അതും ഉറ്റ ബന്ധുക്കൾ മാത്രം! വരൻ: തിരുവനന്തപുരം ലോഡ്ജ് എന്ന സിനിമയിലെ 999 ന്റെ വീരവാദം പറഞ്ഞ് നടക്കുന്ന നടന്റെ രൂപഭാവങ്ങളുള്ള ഇമ്മടെ മേനോൻ മാഷ്! വധു: ഇപ്പോഴത്തെ സിനിമാനടി/അവതാരകയായ റീന ബഷീറിന്റെ രൂപസാദൃശ്യ-സംഭാഷണങ്ങൾ അതേ പോലെയുള്ള സിസിലേടത്തി. മുടി രണ്ട് സൈഡിലും ഇത്തിരി നരച്ചിട്ടുണ്ട് എന്ന് മാത്രം...! ഈ പ്രണയതീരത്തിന്റെ മണ്ണിൽ പൊന്ന് മാത്രമല്ല, പ്രണയവും അസ്സലായി വിളയുമെന്ന് ഇതിൽ പരം എന്ത് തെളിവ് വേണം...!

പരസ്പരം പൂവണിയാതെയിരുന്ന പ്രണയം മക്കളാൽ പൂവണിഞ്ഞത് കണ്ട് നിർവൃതി നേടിയ രണ്ട് പൂർവ്വകാല കാമുകികാമുകന്മാരുണ്ട് ഞങ്ങളുടേ ഈ കണിമംഗലത്ത്..! പക്ഷേ മക്കൾക്ക് പറ്റാത്തത്, മാതാപിതാക്കൾ നേടിയ ഒരു പ്രണയസാക്ഷാൽക്കാരചരിത്രം കണിമംഗലത്ത് ആദ്യമാണ്. അതുകൊണ്ട് കണിമംഗലത്തിന്റെ പ്രണയകിരീടത്തിൽ ഞങ്ങൾ ഈ യഥാർത്ഥ കഥയായ ഈ പ്രണയ തൂവൽ കൂടി തുന്നിച്ചേർക്കുകയാണ്. വയസ്സുകാലത്ത് ഈ ഒറ്റപ്പെട്ട മാതാവിനേയും പിതാവിനേയും ഒറ്റക്ക് ജീവിക്കാനുവദിക്കാതെ, ഒന്നിച്ച് ജീവിക്കുവാൻ പ്രേരണയും അനുവാദവും കൊടുത്ത്, അവരെ ഒന്നാക്കിയ രണ്ട് കുടുംബങ്ങളിലെ ആ മക്കൾക്കും മരുമക്കൾക്കും പേരക്കുട്ടികൾക്കും ഒരു ലാൽസലാം... ഇതെല്ലാം എന്നെ എഴുതിയിടുവാൻ അനുവദിച്ചതിനും കൂടിയാണിത് കേട്ടൊ എ ബിഗ് ഹാറ്റ്സ് ഓഫ്...! ഏവർക്കും പ്രണയാശംസകൾ... താങ്ക്യു വെരിമച്ച്... ബൈ ബൈ



ഡോ: പ്രിയ കെ.എസ്



# ഭാഗ്യലക്ഷ്മി

രാത്രിയിൽ പ്രതീക്ഷിക്കാതെ വന്നുചേർന്ന വേനൽ മഴ. കുംഭമാസത്തിലെ ആ പ്രഭാതത്തിൽ ചൂടിന് അല്പം ശമനം കിട്ടിയതുപോലെ സ്നേഹലതയ്ക്ക് തോന്നി. തലേന്നാൾ ചൂടിന്റെ കാഠിന്യത്താൽ ഞെരിപിരി കൊണ്ട് കിടന്നപ്പോൾപോലും ജനൽ തുറന്നിടാൻ കൂട്ടാക്കിയില്ല.

വൈകുന്നേരം യാത്ര പോകേണ്ടിവന്നതിനാൽ ഭർത്താവ് പിറ്റേന്ന് മാത്രമേ എത്തുകയുള്ളൂ എന്ന ചിന്ത വല്ലാത്ത ഭയം ഉണ്ടാക്കി. ആരെങ്കിലും വന്ന് ജനാല വഴി കഴുത്തു ഞെരിച്ചു കൊന്നാലോ? അടുത്തയിടെ കറുത്ത ചായം തേച്ചു രൂപം മാറി ആക്രമിക്കുന്ന റിപ്പർമാരെകുറിച്ചുള്ള ചിന്ത കൂടുതൽ പേടിപ്പെടുത്തി. ഉറക്കം വരാതെ കട്ടിലിൽ കിടന്നപ്പോൾ ഓരോന്നായി ചിന്തകൾ തന്നെ കടന്നാക്രമണം നടത്തി. ഇടയ്ക്ക് എപ്പോഴോ ശീതക്കാറ്റിന്റെ മണം മുറിയിലേക്ക് എത്തി. രാവിലെ ഉറക്കം എണീറ്റ് വടക്കേ വരാന്തയിലേക്ക് നോക്കിയപ്പോഴാണ് തലേരാത്രിയിൽ കനത്ത മഴയാണ് പെയ്തതെന്ന് മനസ്സിലായത്. സൂര്യൻ ഉദിച്ചുപൊങ്ങിയപ്പോൾ ഇലകളിൽ തങ്ങിനിന്ന മഴത്തുള്ളികൾ മൂക്കുത്തിപോലെ തിളങ്ങി. കുംഭത്തിൽ മഴപെയ്താൽ കുപ്പയും പൊന്നാകുമെന്നാണ് അപ്പോൾ അവൾ ഓർത്തത്. അടുത്തിടെയായി ഓർമ്മകൾ തന്നെ വല്ലാതെ അലോസരപ്പെടുത്തുകയാണ്. ഏത് സമയവും കോമാളിവേഷം കെട്ടി ഓർമ്മകൾ കയറിവരുന്നു. ഓർമ്മകൾക്കും തന്നെ കൂടുതൽ കൂടുതൽ നോവിക്കാനാണ് കൗതുകം.

എറണാകുളത്ത് പഠിക്കുന്ന ഏക മകളെ നാലു

ദിവസത്തെ അവധിക്ക് വിളിച്ചു കൊണ്ടു വരാൻ പോയിരിക്കുകയാണ് അവളുടെ അച്ഛൻ. തനിയെ വന്നു കൊള്ളാമെന്ന് മകൾ പറഞ്ഞിട്ടും അദ്ദേഹം കൂട്ടാക്കിയില്ല. മകളുടെ സുരക്ഷയ്ക്ക് അപ്പുറം മറ്റെന്തെങ്കിലും യാത്രയ്ക്ക് ഉണ്ടോ? സംശയങ്ങൾ അടുത്തിടെയായി വെറുതെ കടന്നുവരുന്നു. അല്ലെങ്കിൽ തന്നെ സ്ത്രീയുടെ ജീവിതത്തിൽ സംശയങ്ങൾക്കോ ചോദ്യത്തിനോ എന്ത് പ്രസക്തിയാണ്. തന്റേടം കാണിക്കാതെ, വീട്ടുകാര്യങ്ങൾ നോക്കി, ഭർത്താവിനെ ശുശ്രൂക്ഷിച്ച്, അടങ്ങിയൊതുങ്ങി കുടുംബിനിയായി കഴിയണമെന്നാണ് കുടുംബവിശ്വാസം. നല്ല സമൂഹത്തിന് അതാണ് നല്ലതെന്ന് അടുത്തിടെ അമ്പലത്തിൽ വന്ന സനാതന സൽസംഗ ഗുരുവും ആവർത്തിക്കുന്നത് കേട്ടു. അങ്ങനെ നോക്കുമ്പോൾ താനല്ലേ മാതൃകാ കുടുംബിനി എന്ന് തോന്നാതെയിരുന്നില്ല.

വീടിനു തൊട്ടടുത്തുള്ള ദേവീക്ഷേത്രത്തിലെ ഉത്സവം തുടങ്ങിക്കഴിഞ്ഞു. കുംഭഭരണി ഉത്സവം പ്രസിദ്ധമാണ്. എത്ര ദൂരെയായാലും പാട്ട് തുടങ്ങി കഴിഞ്ഞാൽ ഉത്സവം കഴിഞ്ഞു മാത്രമേ വീട്ടിന് പുറത്തുപോകാൻ പാടുള്ളൂ. വളരെ പണ്ടേ ദേശ കാരണവന്മാർ പറഞ്ഞുവച്ചിരിക്കുന്ന നിയമമാണ്. തോറ്റംപാട്ട് നടക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണ് ഞങ്ങളുടെത്. വിശ്വാസികൾ വിരുന്നുകാരോട് പറയും ''നാട്ടിലെ അധിദേവതയാണ്. പാട്ട് തുടങ്ങുന്നതിന് മുമ്പേ എല്ലായിടവും വെടിപ്പാക്കി ഇടണം. വരുത്തുപോക്ക് പാടില്ല. ദേവിയെ കുടിയിരുത്തിക്കഴിഞ്ഞാൽ ഏഴു ദിവസവും ചുറ്റുവട്ടത്തുള്ളവർ അമ്പലമുറ്റത്ത് കാണണം. ആ ദിവസങ്ങളിൽ ദേവി ചൈതന്യം ഉച്ചസ്ഥായിലാണ്. ആര് എന്ത് അപേക്ഷിച്ചാലും ഉപേക്ഷിക്കില്ല. കുടുംബത്തുള്ളവർ ആരെങ്കിലും മനപ്പൂർവ്വം മാറിനിന്നാൽ ആപത്ത് തീർച്ചയാണ്. സ്നേഹലതയുടെ ഉള്ളിലും ഈ മുതിർന്നവരുടെ വാക്കുകൾ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. ഡിഗ്രി പാസായപ്പോൾ മുതൽ എത്രയെത്ര കല്യാണാലോചനകളാണ് മകൾക്ക് വന്നത്. പക്ഷേ അവൾ കൂട്ടാക്കണ്ടേ. വീണ്ടും പഠിക്കണമത്രേ.

''ഇവിടെ ആരുമില്ലേ... വീട്ടാരേ...''

ഗേറ്റിൽ പടപടാ തട്ടുന്ന ശബ്ദം കേട്ടുകൊണ്ടാണ് സ്നേഹലത ചിന്തയിൽ നിന്ന് ഉണർന്നത്. 'ഇതാരാ ഇപ്പൊ വീട്ടിൽ വന്നു മുട്ടാൻ.' കൗതുകത്തോടെയും, ആശങ്കയോടെയും അവൾ കിഴക്കുവശത്തേക്ക് ചെന്നു.



''ആ... ഇതാരാ ഭാഗ്യലക്ഷ്മിയോ കണ്ടിട്ട് കുറേ കാലമായല്ലോ... ഒരുതരത്തിൽ നിന്നെ കണ്ടത് ഭാഗ്യമായി''.

രണ്ടാളും വടക്കിനി തിണ്ണയിലേക്ക് കയറിയിരുന്നു. എന്നാണ് അവസാനമായി ഭാഗ്യലക്ഷ്മിയെ കണ്ടത് ഓർത്തെടുക്കാൻ നോക്കി. കഴിഞ്ഞ ഉത്സവത്തിന്റെ തലേന്നാൾ സന്ധ്യക്ക് അവൾ കയറിവന്നത് ഓർമ്മയിൽ തികട്ടി. അന്ന് മകളാണ് പറഞ്ഞത് ''അമ്മയുടെ ഭാഗ്യലക്ഷ്മി പുറത്ത് കുത്തി ഇരിപ്പുണ്ട്.'' വീട്ടിലും നാട്ടിലുമുള്ളവർ ഭാഗ്യലച്ചിമി എന്നാണ് വിളിക്കാറ്. അതിൽ പരിഭവവും വയ്ക്കാറില്ല. സമപ്രായമാണെങ്കിലും സ്നേഹക്കൊച്ചേ എന്ന് മാത്രമേ തന്നെ വിളിക്കാറുള്ളൂ. അതാണ് ശീലം. ശീലം ആണല്ലോ ആചാരങ്ങളുടെ കാതൽ. തനിക്ക് ലക്ഷ്മിയെ എങ്ങനെ മറക്കാൻ കഴിയും. വളരെ വേഗം ഓർമ്മകളുടെ ചാകരയുണ്ടായി. അവിടെ ഓർമ്മ തുണ്ടുകളായി വരാലുകൾ പോലെ കൂട്ടം ചേർന്നു. അന്നു തനിക്ക് പതിനെട്ട് വയസ്സ് പ്രായം. കൃഷിക്കാരനായ രാമൻ പണിക്കന്റെ കൂടെ ചിലുചില ചിരിക്കുന്ന

ലക്ഷ്മിയും വീട്ടിൽ വരും. വന്നാലുടൻ അമ്മയെ സഹായിക്കും. എന്നോടൊപ്പം കളിതമാശ പറയും. ജോലിക്കാർക്ക് പ്രാതൽ കൊണ്ടുപോകാനും അമ്മയോടൊപ്പം കൂടും. വീട്ടിൽനിന്ന് രണ്ടര മൈൽ ദൂരെയുള്ള കടലുകാണാക്കുന്നിലാണ് അവളുടെ വീട്. വീട് എന്ന് പറയാമോ? ലക്ഷംവീട് കോളനിയിൽ സർക്കാർ കൊടുത്ത വീട്ടിലാണ് താമസം. ഒരുനാൾ രാമൻ പണിക്കനെ വിളിക്കാൻ പോയപ്പോൾ താനും അമ്മയോടൊപ്പം കൂട്ട് പോയി. ആ കുന്നിന്റെ ഏറ്റവും മുകളിൽ കയറിയാൽ കടലു കാണാമത്രേ. ലക്ഷ്മി തന്നെയാണ് മുകളിൽ തന്നെയും കൂട്ടി കൊണ്ടുപോയത്. ദൂരെ കാണുന്നതാണ് കടൽ എന്ന് അവൾ പറഞ്ഞു. അതുവരെ താൻ കടൽ കണ്ടിരുന്നില്ല. അന്ന് കടല് കണ്ടെന്ന് പറഞ്ഞെങ്കിലും തനിക്ക് ഒന്നും മനസ്സിലായില്ല. ആകെ ഒരു പേടി തോന്നി. ദൂരെ മേഘക്കീറുകൾ ഭൂമിയുമായി തട്ടുന്ന ഭാഗത്ത് പുക പോലെ തോന്നി. അതായിരിക്കാം കടൽ എന്നു



കരുതി. കുത്തനെയുള്ള മലയടിവാരം കണ്ടു താൻ പേടിച്ചപ്പോൾ ലക്ഷ്മി തന്നെ ചുറ്റിപ്പിടിച്ചു. ചീവീടുകളുടെ കരച്ചിലും, പട്ടികളുടെ കുരയുമൊക്കെ തന്നെ വല്ലാതെ നോവിച്ചു. ആകപ്പാടെ ഒരു പന്തിയില്ലായ്മ തോന്നി.

''സ്നേഹകൊച്ചിന് സ്കൂളിൽ ഒരുപാട് കഥ പറഞ്ഞു തരുമോ?'' മടങ്ങിവരുമ്പോൾ വിടർന്ന മിഴിയോടെ ലക്ഷ്മി ചോദിച്ചു.

''ഓ...'' തലയാട്ടുക മാത്രമേ ചെയ്തുള്ളൂ.

വരുന്ന വഴിയിൽ അമ്മയോട് ചോദിച്ചു:

''അമ്മേ... ഭാഗ്യലക്ഷ്മിയെ സ്കൂളിൽ വിടാത്തത് എന്തേ.''

അമ്മ നീട്ടി മൂളിയിട്ട് ഇങ്ങനെ പറഞ്ഞു:

''വേണ്ടാധീനങ്ങൾ ഒന്നും ചോദിക്കേണ്ട. ഇവറ്റകളൊക്കെ സ്കൂളിൽ പോയാൽ പിന്നെ ആര് പണിയെടുക്കും.''

പിന്നീട് ഒന്നും പറയാതെ ഇരുവരും വീട്ടിൽ തിരിച്ചെത്തി. ഡിഗ്രി ക്ലാസുകളിൽ പഠിക്കുമ്പോഴാണ് ആചാരനൂലുകളുടെ പൊള്ളത്തരങ്ങൾ ബോധ്യമായത്. വർഗ്ഗബോധം വരുന്നത് വിദ്യാഭ്യാസത്തിലൂടെ എന്ന് മനസ്സിലായപ്പോൾ അമ്മ പറഞ്ഞതിന്റെ മനസ്സിലിരിപ്പ് തിരിച്ചറിയാനായി. പണിയെടുക്കാൻ ആളെ കിട്ടുക പ്രയാസമില്ല. പക്ഷേ ജന്മിത്വത്തെ താങ്ങിനിർത്താൻ രാമപ്പണിക്കന്മാർ ഉണ്ടാകില്ല എന്നതായിരുന്നു അമ്മയുടെ മനസ്സിലിരിപ്പ് എന്ന് താൻ ഇന്ന് തിരിച്ചറിയുന്നു. സ്വദേശാഭിമാനി രാമകൃഷ്ണൻമാർ അമ്മയുടെ പക്ഷത്താണല്ലോ നിലയുറപ്പിച്ചിരുന്നത് എന്ന് ചിന്തിച്ചപ്പോൾ ചരിത്രനായകന്മാരോടും പുച്ഛം തോന്നി.

ലക്ഷ്മിയുടെ വീട്ടിൽ പിന്നീട് രണ്ടുപ്രാവശ്യം കൂടി മാത്രമേ പോയിട്ടുള്ളൂ എന്ന് അവൾ ഓർത്തു. അവളുടെ കല്യാണത്തിനും പിന്നെ രാമൻ പണിക്കൻ മരിച്ചപ്പോഴും. പോകാൻ ഭയമായിരുന്നു എന്നതാണ് സത്യം. അന്ന് ആ മലയടിവാരം കണ്ട് താൻ ഭയപ്പെട്ടുപോയത് ജീവിതത്തിൽ ഉടനീളം കൊണ്ടുനടന്നു.

അല്ലെങ്കിൽ തന്നെ ഭയം എന്നും എന്റെ കൂടെപ്പിറപ്പ് ആയിരുന്നു. മീൻകാരൻ കറുപ്പായി സൈക്കിളിൽ ബെല്ലടിച്ചപ്പോഴാണ് താൻ അത്രയും നേരം എന്തെടുക്കുകയായിരുന്നു എന്ന ചിന്തയുണ്ടായത്. തോറ്റംപാട്ട് തുടങ്ങിക്കഴിഞ്ഞാൽ പരിസരവാസി

കൾ മീൻ വാങ്ങാറില്ല. കറുപ്പായിയെ മീൻ വാങ്ങാതെ തന്ത്രത്തിൽ പറഞ്ഞു വിട്ടു.

''ഇന്നലെ ഉറങ്ങിയില്ലേ...? ഞാനിവിടെ ഇരുന്ന് ഓരോന്ന് ചോദിക്കുമ്പോൾ മറുപടി കാണാഞ്ഞ് നോക്കുമ്പോൾ ഇരുന്നുറങ്ങുന്നു.''

''എങ്ങനെ ഉറങ്ങാനാണ് എപ്പോഴും ആധിയാണ് ഉള്ളിൽ''

''ഒക്കെ എനിക്ക് അറിയില്ലേ കുഞ്ഞേ...''

ആ കണ്ണുകളിലേക്ക് ലക്ഷ്മി നോക്കി. സ്നേഹലതയുടെ ഉള്ളിൽ ഓർമ്മകളുടെ വേലിയേറ്റം ഉണ്ടായി. അന്ന് ഒരു തുണ്ട് കയറിൽ ജീവനും മരണവുമായി പിടഞ്ഞപ്പോൾ ലക്ഷ്മി കണ്ടില്ലായിരുന്നെങ്കിൽ താൻ ഉണ്ടാകുമായിരുന്നില്ല. പ്രീഡിഗ്രി ഫസ്റ്റ് ക്ലാസോടെ പാസായത് അറിഞ്ഞു താൻ തുള്ളിചാടുമ്പോഴാണ് അശനിപാദം പോലെ കല്യാണ ആലോചനകൾ വരാൻ തുടങ്ങിയത്. ഡിഗ്രിക്ക് പോകാനുള്ള സ്വപ്നങ്ങളിൽ താൻ കിലുക്കാംപെട്ടിയായി നടക്കുന്ന കാലം. വീട്ടിലുള്ളവർക്ക് കെട്ടിച്ചുവിടാൻ ആയിരുന്നു താൽപര്യം. ഒന്നിനെയും എതിർക്കാനാകാതെ തന്റെ വിദ്യാഭ്യാസമോഹം പൂട്ടിവച്ചു. ഡിഗ്രിക്ക് പോകാനാണ് ഇഷ്ടം എന്ന് പറഞ്ഞത് ആരും ശ്രദ്ധിച്ചതേയില്ല. ഒരുനാൾ അമ്മാവൻ മുറിയിലേക്ക് കടന്നു വന്നു ഉഗ്രശാസനം മുഴക്കിയത് ഇപ്പോഴും എന്റെ ചെവിയിൽ ഉണ്ട്.

''നിന്റെ തോന്ന്യാസം ഒന്നും ഈ കാവുമ്പാട്ട് തറവാട്ടിൽ നടക്കില്ല. പെൺകുട്ടികൾ പ്രായമായാൽ ഇവിടെ ആരും മൂലയ്ക്കിരുത്തില്ല. തറവാട്ടിന് ദോഷമാണ്. കറുത്ത നിറം ആണെങ്കിലും നിന്നെ കെട്ടാൻ വരുന്ന ചെക്കന് എന്തു കുറവാണുള്ളത്. പോരാത്തതിന് സർക്കാർ ജോലിയും ഉണ്ട്. നിസ്സാര ജോലിയാണോ? ആർ.ടി.ഒ ഓഫീസിൽ അല്ലേ ജോലി. ശമ്പളത്തേക്കാൾ കുമ്പളം കിട്ടും. ജോലിക്ക് ഒരു ദോഷവും ഇല്ല. വിദ്യാഭ്യാസം ഇല്ലെങ്കിൽ എന്ത... തറവാടി അല്ലേ. ഞങ്ങൾ ആണുങ്ങൾ ഈ വിവാഹം നിശ്ചയിച്ചു കഴിഞ്ഞു. നിന്റെ പഠിത്തമൊക്കെ മതി. ഇവിടെ പെണ്ണുങ്ങൾ ആരും ജോലിക്ക് പോകേണ്ട ഗതികേടില്ല. അടങ്ങി ഒതുങ്ങി ജീവിക്കേണ്ടവളാണ് പെണ്ണ്. വെറുതെ കൈക്ക് മിനക്കേട് ഉണ്ടാക്കരുത് പറഞ്ഞേക്കാം.''

മോളോട് നന്നായി പഠിക്കാൻ ഉപദേശിച്ച അമ്മയും ഒടുവിൽ കാലുമാറി. പെൺകുട്ടികൾ ഇത്രയൊക്കെ പഠിച്ചത് മതിയെന്നായി. പത്തു പോലും പാസാകാത്ത ആ വികൃത രൂപിയെ കിമ്പളത്തിന്റെ ബലത്തിൽ അമ്മപോലും ഇഷ്ടപ്പെട്ടു. കല്യാണത്തിന് മൂന്നുനാൾ മുമ്പ് സന്ധ്യയുടെ മറവിൽ ഒരു തുണ്ട് കയറുമായി ആത്മഹത്യക്ക് ഒരുങ്ങിയ തന്നെ അതുവഴി വന്ന ഭാഗ്യലക്ഷ്മിയാണ് തടഞ്ഞത്. അന്ന് താൻ അവളെ മനസ്സാ ശപിച്ചു. വർഷങ്ങൾ പലതവണ ഋതുക്കൾ കൈമാറി. നാല് പ്രസവിച്ചുവെങ്കിലും ആദ്യ മൂന്നെണ്ണവും അൽപായുസുകളായിരുന്നു. ദാമ്പത്യത്തോടുള്ള വിരക്തിയുടെ ആ നാളുകൾ എന്റെ മനസ്സ് ശുദ്ധമല്ലാത്തതാണ് സന്താനഭാഗ്യം ഇല്ലാതെ പോകുന്നതെന്ന് വീട്ടിലുള്ളവർ പറയുന്നത് എത്രയോ തവണ ഈ കാതുകൾ കേട്ടിരിക്കുന്നു. നാലാമത് പ്രസവിച്ച മകളെ എന്തുകൊണ്ടോ തനിക്ക് വല്ലാത്തൊരു അടുപ്പം തോന്നി. പിന്നെ അവൾക്ക് വേണ്ടിയായി തന്റെ ജീവിതം.





ഇതിനിടയിൽ ഭർത്താവിനു പലയിടത്തും ജാരസന്തതികൾ ഉണ്ടെന്ന് കേട്ടറിഞ്ഞു. കാര്യമായി എടുത്തില്ല. മോളുടെ ഏത് അഭിപ്രായത്തിനും താൻ കൂട്ടുനിന്നു. അമ്മയുടെ കാതിൽ എത്തിയപ്പോൾ മുറപോലെ സാരോപദേശം കിട്ടി.

''നമ്മൾ പെണ്ണുങ്ങൾ പലതും കണ്ടില്ല എന്ന് നടിക്കണം. സീതയുടെ ജന്മങ്ങളാണ് നാം. ആണുങ്ങൾ കുളിച്ചു വസ്ത്രം മാറുമ്പോൾ തീരുന്ന പാപങ്ങളെ ഉള്ളൂ.''

സ്നേഹലതയിൽ ഓർമ്മകളുടെ തിരമാലകൾ തള്ളിവന്നു. മകൾ പത്താം ക്ലാസ് പാസായതോടെ തുടർപഠനത്തിന് കോൺവെന്റിലാക്കി. കല്യാണ ആലോചനകൾ വരുന്നുണ്ട്. മുഖത്ത് നോക്കി സംസാരിക്കാൻ കഴിയുന്ന ചെറുക്കനെ മതിയെന്ന് ഒരു നിബന്ധനയേ അവൾക്കുള്ളൂ. പെണ്ണുകാണാൻ വന്ന പയ്യന്മാരോട് ''ഒരു ഭാര്യയിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്'' എന്ന ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. ഉത്തരമില്ലാതെ വന്നവർ മടങ്ങി.

''സ്നേഹക്കൊച്ച് എന്നെ വീണ്ടും ശപിക്കാനുള്ള പുറപ്പാടാണോ. ഈ മൗനം കണ്ട് എനിക്ക് പേടിയാവുന്നു.''

അന്ന് ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ച അലോഹ്യം ഇപ്പോഴും തീർന്നു കാണില്ല എന്ന് ലക്ഷ്മി കരുതിക്കാണുമോ? ഒരു വിടർന്ന ചിരിയോടെ സ്നേഹലത അവളെ കെട്ടിപ്പിടിച്ചു.

''നീ എന്റെ ഭാഗ്യലക്ഷ്മി അല്ലേ... ജീവിതം തിരികെ തന്നവൾ. തന്റേടമുള്ള ഒരു മകൾ എനിക്കുണ്ട്. അവൾ വലുതായതിൽ പിന്നെ അവളുടെ അച്ഛൻ ഈ വീട്ടിൽ കയർത്ത് സംസാരിച്ചിട്ടില്ല. മദ്യപിക്കാൻ കൂട്ടാക്കിയിട്ടില്ല. അവളുടെ നോട്ടത്തിനു മുന്നിൽ അയാൾ പതറുകയാണ്. ഞാൻ ആ മുഖത്ത് നോക്കാറുതന്നെയില്ല. കേവലം ഈ വീട്ടിലെ ഒരു പ്രതിഷ്ഠ മാത്രമാണ് അയാൾ.''

ജാതിഭേദമില്ലാതെ കാലങ്ങളെ ഏറെനേരം അവർ താലോലിച്ചിരുന്നു. ഘടികാരകാലത്തെ അവർ കയ്യിലിട്ട് അമ്മാനമാടി. ഇരു കൈകളിൽനിന്ന് മറുകൈകളിലേക്ക് സമയത്തെ അമ്മാനമാടി. നിലച്ച വാച്ച് പോലെ ഘടികാരസമയത്തെ അവർ നിശബ്ദമാക്കി. പിന്നീട് സമയത്തെ ഇടത്തോട്ടും വലത്തോട്ടും കശക്കി എറിഞ്ഞു. തോറ്റൻ പാട്ടിലെ കണ്ണകിയായും വടക്കൻ പാട്ടിലെ ഉണ്ണിയാർച്ചയായും അവർ രൂപംപ്രാപിച്ചു. ക്ഷേത്രത്തിൽ നിന്ന് ഉയരുന്ന തോറ്റംപാട്ടിൽ അവർ പടർന്നു കയറി.

''ലക്ഷ്മി നീ എന്റെ ഭാഗ്യലക്ഷ്മി'' എന്ന് ഉറക്കെയുറക്കെ സ്നേഹലത ഉരുവിട്ടുകൊണ്ടേയിരുന്നു.



സൗമ്യ രഞ്ജിത്ത്



# വിശുദ്ധയുടെ സുവിശേഷ പുസ്തകം

വിശുദ്ധയാക്കപ്പെട്ടവളുടെ
സുവിശേഷ പുസ്തകത്തിലെ
അധ്യായങ്ങളിലൊന്നും
പിന്നീടൊരു ദൈവവും അവളുടെ
വിളി കേട്ടതായ് കുറിച്ചു കണ്ടില്ല..!
തീൻമേശയിലെ മെഴുതിരി അത്താഴങ്ങളിലേക്ക്
പിന്നെയാരും അവളെ ക്ഷണിച്ചതുമില്ല.
പഴകും തോറും വീര്യമേറുന്നൊരു വീഞ്ഞിന്റെ
ലഹരി നുരയാൻ പിന്നീടാരും അവളിലേക്ക്
കടന്നു വന്നതുമില്ല
എന്നിട്ടും എന്നോ ഒരിക്കൽ
തനിക്ക് സമ്മാനമായ് ലഭിച്ച കൊന്തമണികളെ
അവളിപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്..!
തന്റെ ജപങ്ങളെല്ലാം വെറും ജൽപ്പനങ്ങളാണ്
എന്നറിഞ്ഞു കൊണ്ടു തന്നെ
ആ കൊന്തയിൽ തൊട്ടവൾ ഇന്നും നിരന്തരം
അയാൾക്ക് വേണ്ടി
പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു.

# ആദ്യത്തെ മഞ്ഞ് അനുഭവിച്ചത് എന്നാണ് ?



ഡോ. ഷാഫി മുത്തലിഫ്



**കേം**ബ്രിഡ്ജിൽ വച്ചായിരുന്നു. ഫുൽ ബോൺ എന്ന അവിടുത്തെ ഒരു സ്ഥലത്ത്. ഞാൻ ഇംഗ്ലണ്ടിൽ ആദ്യം എത്തുന്നത് 2001 നവംബറിൽ ആണ്. എന്റെ സ്കൂൾ കാലഘട്ടത്തിൽ നിന്നുള്ള സുഹൃത്ത് സന്തോഷ് അവിടെ വിപ്രോ എന്ന കമ്പനിയിൽ ജോലി ചെയ്തിരുന്നു. അവൻ അവിടെ ഉണ്ട് എന്ന ധൈര്യത്തിൽ ആയിരുന്നു എന്റെ യാത്ര.

ഫുൽ ബോൺ, ചെറി ഹിന്റൺ എന്നീ സ്ഥലങ്ങൾക്ക് സപ്ലൈ ചെയ്യുന്ന ടെസ്കോ എന്ന സൂപ്പർ സ്റ്റോറിന് അടുത്തായിരുന്നു സന്തോഷ് റൂം ഷെയർ ചെയ്തിരുന്ന 3 ബെഡ് റൂം സെമി ഡിറ്റാച്ച്ഡ് വീട്. മനോഹരമായ ഒരു ഇംഗ്ലീഷ് വീട്. ഡേവിഡ് എന്ന ഇംഗ്ലീഷുകാരൻ, കാർലോസ് എന്ന സ്പെയിൻകാരൻ, പിന്നെ അധികം അവിടെയൊന്നും കാണാത്ത ഒരു ഇംഗ്ലീഷുകാരി മദാമ്മയും ആയിരുന്നു സന്തോഷിനെ കൂടാതെ അവിടെ താമസിച്ചിരുന്നത്. സന്തോഷിന്റെ മുറിയിൽ ഞാനും താമസിച്ചു. വെളുത്ത ഡ്യുവെയ്ക്കടിയിൽ ക്രീം നിറത്തിലുള്ള മുറിയിൽ പുറത്തെ തണുപ്പിൽ നിന്നും രക്ഷപ്പെട്ട് കിടക്കുമ്പോൾ പുതിയ ലോകത്തിന്റെ അപരിചിതത്വത്തിന്റെ തണുപ്പ് എന്റെ മനസ്സിലും ഉണ്ടായിരുന്നു.

ആൽബർട്ട് മൈക്കേൽ എന്ന പ്രശസ്ത കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് കേംബ്രിഡ്ജിൽ ആയിരുന്നു താമസിച്ചിരുന്നത്. അദ്ദേഹത്തെ കാണാൻ വേണ്ടി സന്തോഷിനോടൊപ്പം പോയത് ഓർക്കുന്നു.

സന്തോഷ് കൂൾ ആയിരുന്ന വളരെ ജെനുയിൻ ആയ ആളായിരുന്നു. ഇംഗ്ലണ്ടിൽ തുടരാൻ അവന് ആഗ്രഹമുണ്ടായിരുന്നില്ല. ഞാൻ പോയ ഉടൻ തന്നെ അവൻ ഇംഗ്ലണ്ട് മടുത്ത് നാട്ടിലേക്ക് മടങ്ങാൻ തീരുമാനം എടുത്തു. എന്റെ ഒപ്പം തുടരാൻ ആയില്ലെങ്കിലും ആയിരത്തി ഇരുന്നൂറോളം പൗണ്ട് ടൗണിലെ H.S.B.C യിൽ നിന്നെടുത്ത് എനിക്ക് തന്നിട്ടാണ് അവൻ പോയത്. പ്രതീക്ഷിക്കാത്ത അനവധി തിരിച്ചടികൾ നേരിട്ട ഒരു കൊല്ലത്തോളമുള്ള എന്റെ ഇംഗ്ലണ്ടിലെ തുടക്കത്തിലെ പിടിച്ചുനിൽക്കൽ സമരത്തിൽ നിർണ്ണായകം ആയിരുന്നു ആ തുക.

പാചകം ചെയ്യാൻ അറിയാത്ത സന്തോഷ് എനിക്കായി കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഓംലറ്റ് ഞാൻ ടെസ്കോയിലെ പുളിയില്ലാത്ത തൈര് കൂട്ടി കഴിച്ചു. വിദേശങ്ങളിലെ പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ച ജ്യൂസിന്റെ സിന്തറ്റിക് സ്വാദ് അദ്ഭുതത്തോടെ അനുഭവിച്ചറിഞ്ഞു. ലോകത്തിലെ ഏറ്റവും ബെസ്റ്റ് ജ്യൂസ് സണ്ണി എന്ന കമ്പനിയുടേത് ആണ് എന്ന് സന്തോഷ് പറഞ്ഞത് ഞാൻ വിശ്വസിച്ചപോലെ അഭിനയിച്ചു. അവന്റെ കൂടെ നാട്ടിലേക്കുള്ള അവന്റെ യാത്രയ്ക്ക് സാധനങ്ങൾ വാങ്ങാൻ കേംബ്രിഡ്ജ് ടൗണിൽ പോകുകയും ആദ്യത്തെ ഹാരി പോട്ടർ സിനിമ കാണുകയും ചെയ്തു. അവന് സമ്മാനമായി കമ്പനിയിൽ നിന്ന് ഹാരി പോട്ടർ പുസ്തകവും കൊടുത്തിരുന്നു. അത്



അതിമനോഹരമായ ഒറ്റയിരിപ്പിന് വായിക്കാവുന്ന ഒരു ഇംഗ്ലീഷ് പുസ്തകം ആണെന്ന് സന്തോഷ് പ്രഖ്യാപിച്ചു. ജീവിതത്തിൽ അന്നു വരെ ഒരു ഇംഗ്ലീഷ് പുസ്തകം ഒറ്റയിരിപ്പിന് വായിച്ചിട്ടില്ലാത്ത ഞാൻ അവനെ ആരാധനയോടെയും അസൂയയോടെയും നോക്കി. ഹാരി പോട്ടർ, ലോർഡ് ഓഫ് ദ റിംഗ് സിനിമകൾ രണ്ടും ആ ക്രിസ്ത്മസ് കാലത്ത് റിലീസായി. ഹോളിവുഡ് സിനിമകളുടെ മുഖഛായ തന്നെ മാറ്റുന്ന ഒരു സിനിമാ കാലമായിരുന്നു അത് എന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

അതിനടുത്ത വർഷം ആയിരുന്നു ബോളിവുഡ് ചിത്രമായ ദേവദാസ് ഞാൻ കോവൻട്രിയിൽ വച്ച് സുമനസ്സുകളായ, എന്റെ ജീവിതത്തിൽ മറക്കാവാനാവാത്ത മുഖങ്ങളായ കുറച്ച് സുഹൃത്തുക്കൾക്കൊപ്പം കണ്ടത്. കുറച്ച് ദിവസങ്ങളെങ്കിലും ഞാൻ ദേവദാസിനെ അനുകരിച്ചുള്ള മാനസികാവസ്ഥയിൽ നടന്നു.

അവന്റെ കമ്പനിയിൽ ജോലി ചെയ്തിരുന്ന കൂട്ടുകാർ അടുത്തു തന്നെ താമസിച്ചിരുന്നു. ഒരു ഗോവക്കാരൻ പണ്ടാരി, പിന്നെ രണ്ടു മലയാളി ആൺകുട്ടികൾ ജോസഫും ആനന്ദും പിന്നെ ഒരു പെൺകുട്ടിയും.

ക്രിക്കറ്റ് മത്സരം ടി.വിയിൽ നടന്നുകൊണ്ടിരുന്ന ഡിസംബറിലെ ദിനങ്ങൾ ഒന്നിൽ ജോസഫ് വച്ച കുടംപുളിയിട്ട മീൻകറി ഞങ്ങൾ ആർത്തിയോടെ വിഴുങ്ങി .

ക്രിസ്ത്മസ് സമയത്ത് ചെറി ഹിന്റണിലെ പള്ളിയിൽ രാത്രി കുർബാന കൂടി പാതിരാത്രി ഞാൻ തിരിച്ചു നടന്നു.

സന്തോഷ് തിരിച്ചുപോയി കഴിഞ്ഞിരുന്നു. ആ രാത്രിയിൽ മൈനസ് ആറോളം തണുപ്പത്ത് താടി പരസ്പരം അടിച്ച് ഞാൻ ഉറച്ച മഞ്ഞിലൂടെ നടന്നു. അപ്പോഴും വിചിത്രമായി തോന്നിയ ഒരു വിദേശ രാജ്യത്ത് ഏകനായി അകപ്പെട്ട ഒരാളെ പോലെ അന്റാർട്ടിക്കയിലെ എക്സിമോ തുരുത്തിലാണോ ഞാൻ എന്ന് പോലും എനിക്ക് തോന്നി. ജീവിതത്തിലെ ചില പ്രത്യേക സാഹചര്യങ്ങളാൽ ഞാൻ ഏകനായിരുന്നു. ആ ഏകാന്തത ഇന്നും എന്നെ വിട്ടുപോയിട്ടില്ല.

സന്തോഷിന്റെ റൂമിൽ തന്നെ എനിക്ക് തൽക്കാലം താമസിക്കാനുള്ള അറേഞ്ച്മെന്റ് ചെയ്തിരുന്നു.



പെട്ടി തുറന്ന് എല്ലാ സാധനങ്ങളും തലങ്ങും വിലങ്ങും കൂട്ടിയിട്ട മുറിയിൽ അലങ്കോലമില്ലാതെ സ്ഥിരമായി ഉണ്ടായിരുന്നത് എന്റെ മനസ്സിലെ ഒറ്റപ്പെടൽ മാത്രമായിരുന്നു.

ചെറി ഹിന്റണിൽ നിന്ന് കേംബ്രിഡ്ജ് ടൗൺ സെന്റർ വരെ നടക്കുകയും അവിടുത്തെ ലൈബ്രറിയിൽ ഇരുന്ന് സൈക്യാട്രി ബുക്കുകൾ വായിക്കുകയും ചെയ്ത് ഞാൻ സമയം തള്ളി നീക്കി.

സ്വതവേ റിച്ച് ആയ കേംബ്രിഡ്ജിൽ കണ്ട ഭിക്ഷക്കാരി എന്നെ അദ്ഭുതപ്പെടുത്തി. മഞ്ഞും മഴയും പെയ്തുകൊണ്ടിരുന്ന ഇരുണ്ട ദിനത്തിൽ അവരുടെ കയ്യിലുള്ള പെൺകുഞ്ഞിന്റെ സുരക്ഷ എന്നെ അലോസരപ്പെടുത്തുകയും പോക്കറ്റിൽ ഉണ്ടായിരുന്ന 25 പൗണ്ട് അവർക്ക് എടുത്ത് നൽകുകയും ചെയ്തു. ഇല്ലായ്മയിൽ ആണല്ലോ നാം ഏറ്റവും ധാരാളികൾ ആകുന്നത്. അത്രയും നന്മയും ഹൃദയവിശാലതയും പിന്നീട് ഒരിക്കലും എനിക്ക് ഉണ്ടായിട്ടില്ല.

ചെറി ഹിന്റണിലും ഉണ്ടായിരുന്നു ഒരു ലോക്കൽ ലൈബ്രറി. പക്ഷേ തീ പിടിച്ച മനസ്സുമായി നടന്നിരുന്നത് കൊണ്ട് ഇംഗ്ലീഷ് നോവലുകളോ കഥകളോ വായിക്കാനുള്ള മൂഡില്ലായിരുന്നു. വെറുതെ അവിടെ പോയിരുന്ന് പേജുകൾ മറിച്ച് കൊണ്ട് ചിന്തകളിൽ ആഴും.

അൽ അമീൻ എന്ന ഒരു ബംഗ്ലാദേശി കട കേംബ്രിഡ്ജിൽ ഉണ്ടായിരുന്നു. അവിടെ പലതും കിട്ടുമെങ്കിലും നമ്മുടെ കുത്തരിച്ചോറിന്റെ അരിയൊന്നും കിട്ടില്ല.

അതുകൊണ്ട് ഞാൻ ഒരു ദിവസം ലണ്ടനിലെ ഈസ്റ്റ് ഹാമിൽ ട്രെയിനിൽ പോയി. പിന്നീട് എപ്പോൾ പോകാൻ പറ്റും എന്ന് അറിയാത്തതിനാൽ ഒരു 5 കിലോയോ 10 കിലോയോ ചാക്ക് അരി വാങ്ങി. ഒരു നാരങ്ങാ അച്ചാറിന്റെ കുപ്പിയും. മൈക്രോവേവിൽ ഇത് ഒരു ഗ്ലാസ്സ് ബൗളിൽ കുക്ക് ചെയ്തതെന്ന് വരുത്തി, ചുവപ്പ് നിറം നൽകാൻ മുക്കിയ പെയിന്റ് ഇളകിയത് പോലുള്ള കഞ്ഞിവെള്ളത്തോടെ തന്നെ അതിൽ ടെസ്കോ തൈരും ഒഴിച്ച് നാരങ്ങാ അച്ചാറും കൂട്ടി കഴിക്കുക എന്നത് ദിവസം രണ്ട് നേരം ചെയ്ത് ഞാൻ വിശപ്പ് പിടിച്ച് നിർത്തി. പുറത്ത് ഇറങ്ങാൻ തോന്നാത്ത വിരസമായ വെളുത്ത ലോകം എന്നെ കാത്ത് നിവർന്നു കിടന്നിരുന്നു.

വല്ലാതെ രുചി മടുക്കുമ്പോൾ ഞാൻ സന്തോഷ് കാണിച്ചു തന്ന ട്രിക്ക് പുറത്തെടുക്കും . ഓംലറ്റ് എന്ന പേരിലുള്ള ഒരു സംഭവം ഉണ്ടാക്കൽ.






**അജിത് പാലിയത്ത്**

# തീർത്ഥാടനം

പട്ടണത്തിന്റെ തിരക്കുകളിൽ നിന്ന് മാറിയുള്ള ശാന്തമായ ഒരിടത്താണ് ആ സെമിത്തേരി സ്ഥിതിചെയ്യുന്നത്. അതിനുള്ളിലെ വഴികളുടെ ഓരങ്ങളിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന സിക്കമൂർ മരങ്ങൾക്കും ആ സെമിത്തേരിയോളം പ്രായമുണ്ട്. പച്ചപായൽ പടർന്നുകയറിയ ഒരു കത്തീഡ്രലിന്റെ പ്രതീതി അവയ്ക്കു നൽകി. ഇടവിടാതെ ആ മരങ്ങളുടെ ഇലകളെ തലോടി കടന്നുപോകുന്ന കാറ്റിന്റെ മർമ്മരശബ്ദങ്ങളാൽ മുഖരിതമായിരുന്നു ആ പ്രദേശം മുഴുവനും.

തന്റെ പ്രിയപ്പെട്ട എലനോറിനെ കാണാനായി തണൽ പാകിയ സെമിത്തേരിയുടെ വഴിയിലൂടെ സാം പതിയെ നടന്നു. തലയിൽ ഒരു തൊപ്പിയും തുന്നലിന്റെ കെട്ടഴിയാൻ തുടങ്ങുന്ന ഒരു കോട്ടും കയ്യിൽ ലാവണ്ടർ ചെടികളിൽ നിന്ന് മുറിച്ചെടുത്ത പൂക്കളുടെ ചെറിയ ഒരു കുലയുമുണ്ട്. അയാളുടെ പ്രിയതമ എലനോർ വളർത്തിയതായിരുന്നു ലാവണ്ടർ. അവിടുള്ള കാവൽ

ക്കാരൻ സാമിനെ കണ്ടു ചെറുതായി തല കുമ്പിട്ട് പുഞ്ചിരിച്ചു. ലാവണ്ടർ പൂക്കളുടെ സുഗന്ധം അവിടെങ്ങും പരന്നു.

സാമും എലനോറും വിവാഹിതരായിട്ട് നാൽപത് വർഷത്തിലേറെയായിരുന്നു. വിവാഹം കഴിഞ്ഞ അന്നുമുതൽ ഓരോ ദിവസം കഴിയുന്തോറും അവരുടെ പ്രണയം ശക്തമായിക്കൊണ്ടിരുന്നു. അത്രയ്ക്ക് പ്രിയപ്പെട്ടതായിരുന്നു എലനോറിന് സാം. എലനോർ താമസിച്ചിരുന്ന തെരുവിലെ പത്രക്കടയിൽ പേപ്പർ ബോയ് ആയിരുന്ന സാമിനെ പരിചയപ്പെടുന്നത് ഒരിക്കൽ പത്രം വിതരണം ചെയ്യുന്നതിനിടയിലാണ്.



അതിസുന്ദരിയായിരുന്നു എലനോർ. ഒരു ദിവസം രാവിലെ വീടിന്റെ മുന്നിലെ ചെറിയ പൂന്തോട്ടത്തിൽ നിന്ന് ലാവണ്ടർ പൂക്കളുടെ കുലകൾ അടർത്തിയെടുക്കുമ്പോഴായിരുന്നു സാം പത്രമിടാൻ അതുവഴി വന്നത്. എലാനോറിനെ കണ്ടു സാം ഒന്ന് പുഞ്ചിരിച്ചു. ആദ്യ കാഴ്ചയിൽ തോന്നിയ കൗതുകം അവളുടെ മനസ്സിൽ പ്രണയമായി മാറാൻ അധിക സമയം വേണ്ടി വന്നില്ല. ദിവസവും പേപ്പർ ബോയ് സാമിനെ കണ്ടുകണ്ടു അവൾ പോലുമറിയാതെ അവളുടെ ഹൃദയത്തിൽ സാം കയറിക്കൂടി.

സുന്ദരിയായിരുന്നെങ്കിലും സാമിനെ കാണുവാൻ എന്നും വാതിൽക്കൽ വരുന്നതിനു മുമ്പ് അവൾ അണിഞ്ഞൊരുങ്ങുമായിരുന്നു. എന്തായിരുന്നു അവളെ സാമിലേക്കു അടുപ്പിച്ചതെന്നു പലപ്പോഴും സാം ചോദിച്ചിട്ടുണ്ട്. എന്നാൽ മറുപടിയായി ഒരു ചെറുചിരി മാത്രം എലനോർ നൽകും. അവരുടെ ജീവിതം അങ്ങോട്ടുമിങ്ങോട്ടുമുള്ള സ്നേഹം കൊണ്ടുള്ള സമർപ്പണമായിരുന്നു.

നന്നായി വായിക്കുമായിരുന്നു എലനോർ. കവിതകളായിരുന്നു അവൾക്കു പ്രിയപ്പെട്ടത്. ഒപ്പം ഫ്രാങ്ക് സിനാട്രയുടെ പാട്ടുകളും അവൾക്കിഷ്ടമായിരുന്നു. പെട്ടെന്നുള്ള അസുഖം മൂലമാണ് സാമിന് തന്റെ പ്രിയപ്പെട്ട എലനോറെ നഷ്ടപ്പെട്ടത്. അവൾ ഈ ലോകം വിട്ടുപോയപ്പോൾ, അവന്റെ ഒരു ഭാഗം അവളോടൊപ്പം പോയപോലെ തോന്നി.

സാമുവലിന്റെ സെമിത്തേരി ദിനചര്യ ആരംഭിച്ചത് എലനോറിന്റെ ശവസംസ്കാരം കഴിഞ്ഞ പിറ്റേ ദിവസം മുതലാണ്. എന്നും രാവിലെ തന്റെ കോട്ടുമിട്ട് സ്ഥിരം വഴിയിലൂടെ സെമിത്തേരിയിലേക്ക് നടക്കും. അയാൾ കല്ലറയ്ക്കരികിൽ ചെന്ന് കൈകൾ കോർത്ത് പിടിച്ചു അവൾ ഇപ്പോഴും അവിടെയുണ്ടെന്ന മട്ടിൽ എലനോറിനോട് സംസാരിക്കും.

അവരുടെ ജീവിതത്തിലെ കഥകൾ- ആദ്യ കണ്ടുമുട്ടൽ, ഡേറ്റിംഗ്, കളിചിരികൾ, വളർത്തുപൂച്ച ബെല്ലോയുടെ മരണത്തിൽ അവൾ കരഞ്ഞതും ഭക്ഷണം കഴിക്കാതെ ഒരു ദിവസം ഇരുന്നതും തുടങ്ങി പലതും ആ സംസാരത്തിൽ പങ്കുവെക്കും. ചിലപ്പോൾ അവൻ അവളുടെ പ്രിയപ്പെട്ട കവിതകൾ വായിക്കുകയോ അവർക്കു ഇഷ്ടമുണ്ടായിരുന്ന സിനാട്രയുടെ പഴയ ഗാനങ്ങൾ പാടുകയോ ചെയ്യും.

അവിടെ വന്നിരുന്ന മറ്റ് സന്ദർശകർ സാമിനെ ദൂരെ നിന്ന് ശ്രദ്ധിച്ചിരുന്നു. അവരുടെ നോട്ടങ്ങളിൽ ജിജ്ഞാസയും ഒപ്പം സഹതാപവും നിറഞ്ഞു നിന്നു. എന്തുകൊണ്ടാണ് അയാൾ വീണ്ടും വീണ്ടും വരുന്നത് എന്ന് അവർ ചിന്തിച്ചു. ചിലർ അദ്ദേഹത്തിന് ഭ്രാന്താണെന്ന് പറയുന്നുണ്ടായിരുന്നു. മറ്റുള്ളവർ അദ്ദേഹത്തിന്റെ ഭാര്യയോടുള്ള ആഴമായ സ്നേഹത്തെ പ്രശംസിച്ചു.

പക്ഷേ സാം ഇതൊന്നും ശ്രദ്ധിക്കുന്നേയില്ലയിരുന്നു. മറ്റൊരു ലോകത്തായിരുന്നു അയാൾ. മർമ്മരമിടുന്ന ഇലകളിൽ എലനോറിന്റെ സാന്നിധ്യവും, കാറ്റിൽ അവളുടെ ശബ്ദവും അനുഭവിക്കുകയായിരുന്നു സാം. ആ സെമിത്തേരി അയാൾക്ക് പവിത്രമായ ഇടമായി മാറി. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഇടയിലുള്ള പാവനമായ ഇടം.

മഞ്ഞുതുള്ളികൾ നിറഞ്ഞുനിന്ന ഒരു തണുത്ത ശൈത്യകാല പ്രഭാതത്തിൽ, മറ്റൊരു കല്ലറയുടെ സമീപം ഒരു യുവതി നിൽക്കുന്നത് സാം കണ്ടു. അവൾ കരയുകയായിരുന്നു. സാം അവളുടെ അടുത്തേക്ക് പതുക്കെ വന്നു.

''ആരെങ്കിലും?''

അയാൾ ചോദിച്ചു.

കണ്ണുനീർ തുടച്ചുകൊണ്ട് ആ സ്ത്രീ തലയാട്ടി.

''എന്റെ ഭർത്താവ്...! ഇപ്പോൾ ഒരു വർഷമായി. പക്ഷേ വേർപാടിന്റെ വേദന മാറുന്നില്ല.''

സാമിന് മനസ്സിലായി.

''വരൂ,'' അയാൾ പറഞ്ഞു.

അവളെ എലനോറിന്റെ കല്ലറയിലേക്ക് കൊണ്ടുപോയി. അവിടെ ഉള്ള ഒരു മാർബിൾ കല്ലിൽ അവർ രണ്ടുപേരും ഇരുന്നു.

''അയാളെക്കുറിച്ച് പറയൂ.''

അവർ അവരുടെ ഭർത്താവിനെക്കുറിച്ചും അവർക്കിടയിലെ ചിരിയുടെയും പ്രണയത്തിന്റെയും ഒപ്പം അവളുടെ വേദനകളെക്കുറിച്ചും സംസാരിച്ചു. സാമിന്റെ സാന്നിധ്യത്തിൽ അവർ ആശ്വാസം കണ്ടെത്തുകയായിരുന്നു. അവളെ ആശ്വസിപ്പിക്കുവാൻ അയാൾ കൂടെ നിന്നു.

സാം പിന്നീട് എലനോറിനെ ഒറ്റയ്ക്ക് സന്ദർശിച്ചില്ല. വേർപാടിന്റെ വേദന അനുഭവിക്കുന്ന മറ്റുള്ളവർക്ക് അയാൾ ഒരു നിശ്ശബ്ദ കൂട്ടാളിയായി മാറുകയായിരുന്നു.. സ്നേഹം ഒരിക്കലും മരിക്കുന്നില്ലെന്ന് അവരെ ഓർമ്മിപ്പിച്ചു.

വർഷങ്ങൾ കടന്നുപോകുന്തോറും സാമിന്റെ ആരോഗ്യം ക്ഷയിച്ചു. താൻ തന്റെ ജീവിതത്തിന്റെ അവസാന നാളുകളിലേക്ക് നീങ്ങുകയാണെന്നു അയാൾക്ക് മനസ്സിലായി. അതിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ അയാളിൽ കാണാൻ തുടങ്ങി. സെമിത്തേരിയിലേക്കുള്ള സാമിന്റെ സന്ദർശനങ്ങൾ കുറഞ്ഞു വന്നു. ചുവടുകൾ മന്ദഗതിയിലായി.



എങ്കിലും തന്റെ പ്രിയതമയെ അയാൾ മറന്നില്ല.

ഒരു പ്രഭാതത്തിൽ എലനോറിന്റെ കല്ലറയുടെ അടുക്കൽ നിന്ന് അയാൾ പതുക്കെ പറഞ്ഞു. 'വയ്യാതായിരിക്കുന്നടോ...! ഇനി എത്രനാൾ എന്നറിയില്ല. ഞാനും ഉടനെ തന്റെയടുത്തേക്ക് വരും. അതുവരെ, ഞാൻ നമ്മുടെ പ്രണയത്തെ സജീവമായി തന്നെ നിലനിർത്തും.' സിക്കമൂർ മരങ്ങൾക്കിടയിലൂടെ വിരിഞ്ഞുവന്ന സൂര്യന്റെ പ്രകാശരശ്മികൾ അയാളുടെ മുഖത്ത് വീണപ്പോൾ പതുക്കെ മുഖമുയർത്തി അതിനെ നോക്കി പുഞ്ചിരിച്ചു.

സാം തന്റെ തീർത്ഥാടനം തുടർന്നുകൊണ്ടേയിരുന്നു. പകൽ വെളിച്ചം മങ്ങുന്നത് വരെ അയാൾ എലനോറിനോട് പറയുന്ന പ്രണയകഥകൾ കേൾക്കാൻ സിക്കമൂർ മരങ്ങൾ കാതുകൂർപ്പിക്കുന്നുണ്ടായിരുന്നു. അവയെല്ലാം അവിടെ വിശ്രമിക്കുന്ന എല്ലാ ആത്മാക്കളുടെ പ്രണയകഥയുമായി പ്രകൃതി ഇഴചേർത്തു. മരണത്തിനപ്പുറം പോലും കാല്പ്പനിക വസന്തമായ അനശ്വരപ്രണയത്തിന്റെ നിലനിൽക്കുന്ന തെളിവായി അത് മാറി...






രശ്മി പ്രകാശ്

# പുനർജ്ജനി

ജീവിച്ചിരിക്കുമ്പോൾ തന്നെ
ചിലപ്പോഴൊക്കെ പുനർജ്ജനിക്കാറുണ്ട് ഞാൻ.
നിന്നെ മാത്രം ചുറ്റിപ്പിടിച്ച്
ഓർമ്മയുടെ നുറുങ്ങുവെട്ടത്തിൽ
ഒന്ന് മുങ്ങി നിവർന്നു.
നിന്റെ ഗന്ധമുള്ള ഒന്നരയും മുണ്ടും.
ഉടലാകെ പൊതിഞ്ഞൂർന്നു വീണ
മഞ്ഞുപോലൊരു തണുപ്പ്.
നിറവും രൂപവും മാറുന്ന
ഗന്ധർവൻ പ്രകാശവേഗത്തിൽ
ഘടികാരമണിയെ തടുത്തു വെച്ചു.
നിന്റെ ഗന്ധം തങ്ങിനിൽക്കുന്ന
മുറിയുടെ ഇരുട്ടിൽ പകൽവെളിച്ചം
മറഞ്ഞിരുന്നു.
മിഴികൾ പായുന്നിടത്തെല്ലാം
നിന്റെ നിഴൽപ്പാടുകൾ.
ഫിൽറ്റർ കോഫിയുടെ ഒഴിഞ്ഞ
ഓട്ടു ടംബ്ലർ വീണ്ടും നിന്നെയോർമിപ്പിച്ചു.
മട്ടിപ്പാൽ മണമുള്ള കിടക്കവിരിയിൽ,
ആളൊഴിഞ്ഞ ചാരുകസേരയിൽ,
വഴുക്കൽവീണ കുളപ്പടവിലൊക്കെ
നിന്റെ ഓർമയുടെ കൈപിടിച്ചു
പതിയെ നടക്കുമ്പോൾ,
പളുങ്കുടയും പോലെ നിന്റെ
ശബ്ദം എന്നെ പുനർജ്ജനിപ്പിച്ചു.
വീണ്ടുമൊരു കാത്തിരിപ്പിന്റെ
പകലിരവുകൾ.
എത്രയോ അതിരാത്രങ്ങൾ.



ജോജി പോൾ



# പത്രാസിലൊരു പുഞ്ചിരി

**ക**പ്പലിന്റെ ഡെക്കിൽനിന്നു നോക്കിയാൽ ചുറ്റും അലകൾ മാത്രമല്ല വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന ഐസ് കട്ടകളും കാണാം. മൈനസ് ഏഴാണു താപനില. കാറ്റുണ്ടെങ്കിലും വലിയതോതിലുള്ള തണുപ്പുള്ളതായി തോന്നിയില്ല. ഒരുപക്ഷേ ശീലമായതുകൊണ്ടാകാം.

വെള്ളത്തിനു മുകളിലെ ഐസ് കട്ടകളെക്കാൾ എത്രയോ മടങ്ങ് കൂടുതലായിരിക്കും താഴേക്കെന്ന് കേട്ടിട്ടുണ്ട്. അവയിൽ പലതും കപ്പലിനുനേരെ വരികയും എന്നാൽ പതിയെ അകന്നുപോവുകയും ചെയ്യുന്ന കാഴ്ച സുന്ദരമാണ്. അതുകൊണ്ടുതന്നെ എത്ര നോക്കിനിന്നാലും മതിവരില്ല.

തണുപ്പകറ്റാൻ ഒരു പുകവലിച്ചാലോ എന്നു തോന്നി. ശീലമില്ലാത്തതിനാൽ പെട്ടെന്നുതന്നെ വേണ്ടെന്നുവച്ചു. സിഗരറ്റിനേക്കാൾ ഭേദം ഒരു ഡബിൾ ജെഡിയൊ അല്ലെങ്കിൽ മാർട്ടീനിയോ ആയിരിക്കും. കുടിയോ വലിയ ഒന്നുമില്ല, പക്ഷേ ചില ഏകാന്തയാത്രകളിൽ ആരെങ്കിലുമൊക്കെ ചിലപ്പോൾ എന്തെങ്കിലുമൊക്കെ ശീലങ്ങൾ കൂട്ടിനു വേണമെന്നു തോന്നും. വായനയ്ക്കും ഒരു പരിധിയുണ്ട്. അതുകൊണ്ട് കൂടെ കൊണ്ടുവന്ന പുസ്തകങ്ങളെ ഇടയ്ക്കിടെ തുറക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യും.

ഡെന്മാർക്കിലെ എസ്ബയിലേക്ക് ഇനിയുമേറെ ദൂരമുണ്ട്. ഏകദേശം പതിനാലു മണിക്കൂറോളം ബാക്കി. കപ്പലുകളിൽ അത്താഴത്തിനുള്ള മണി മുഴങ്ങുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നതില്ല. ഡിന്നർ റെഡിയാകുമ്പോൾ വയറ്റിലെ മണി താനേ മുഴങ്ങും. എണ്ണയിൽ വറുത്തെടുത്ത സോസേജുകളുടെ ഗന്ധം കടൽക്കാറ്റിലലിയുംമുമ്പേ ഇങ്ങു ഡെക്കിൽ വരെ പരക്കും. ഡൈനിംഗ് ടേബിളിലേക്കത് തനിയെ വലിച്ചു കൊണ്ടുപോയ്ക്കോളും.

ഡിന്നറിന് ഒരു മുഴുത്ത മെഴുകുതിരിവെട്ടത്തിനു മുമ്പിലാണിരുന്നത്. ഏകനായിരിക്കുന്നതുകൊണ്ടാകാം മെഴുകുതിരിനാളം നാണിച്ചു നാണിച്ചു തല താഴ്ത്തിക്കൊണ്ടിരുന്നു. കപ്പലിനു പുറത്തെ കാറ്റോ അലകളോ ഡൈനിംഗ് റൂമിലേയ്ക്ക് എത്തിനോക്കുന്നില്ല. ഡിസംബറിലെ അവസാനത്തെ ആഴ്ചയാണ്. കാറ്റും കോളും കൊണ്ട് കടലാകെ ഇളകിമറിയേണ്ടതാണ്. പക്ഷേ ഇന്നിപ്പോൾ ഈ മെഴുകുതിരിനാളം പോലെ ശാന്തരാണവർ.

ഈ യാത്രകൊണ്ട് പ്രത്യേകിച്ചൊരു ഉദ്ദേശമില്ല. ക്രിസ്തുമസ് കഴിഞ്ഞുള്ള ദിവസം. യാത്രാ ടിക്കറ്റുകൾക്കെല്ലാം വിലക്കുറവായിരിക്കും. അതുകൊണ്ട്

ഹാരിച്ചിൽ നിന്നും എസ്ബയിലേക്കുള്ള കപ്പലിൽ കയറി. പതിനെട്ടുമണിക്കൂർ യാത്ര. തിരിച്ചിതേ കപ്പലിൽത്തന്നെ മടക്കം.

'പത്രാസ്' എന്നോമനപ്പേരുള്ള ഗ്രീക്ക് സ്വീറ്റ് വൈൻ നുണഞ്ഞുകൊണ്ടിരിക്കുമ്പോൾ ഡെൻമാർക്കിലെ മഞ്ഞുവീഴ്ചയെക്കുറിച്ചോർത്തു. പടക്കപ്പലുകളുമായി യൂറോപ്പ് മുഴുവൻ കീഴടക്കാനെത്തിയിരുന്ന ഡെയ്നുകളെയും ഓർത്തു. കാര്യം സ്വീറ്റ് വൈനാണെങ്കിലും രണ്ടുമൂന്നു റൗണ്ട് കഴിഞ്ഞാൽ തലപെരുക്കും. എല്ലാവരെയും നോക്കിയൊന്നു പുഞ്ചിരിക്കാൻ തോന്നും.

മുമ്പിലിരിക്കുന്ന ജാപ്പനീസ് സുഷിയിലേക്ക് സൂക്ഷിച്ചുനോക്കി. കഴിക്കുമ്പോൾ പറയത്തക്ക രുചിയൊന്നും തോന്നാറില്ല. കപ്പൽയാത്രയിൽ വാരിവലിച്ചു തിന്നാതിരിക്കുന്നതാണു ഭേദം. വലിയ തോതിൽ കപ്പലാടുകയാണെങ്കിൽ വലിയവായിൽ വാളുവെയ്ക്കേണ്ടി വരും. പ്രിയപ്പെട്ട കരീബിയൻ ഭക്ഷണത്തിൽ നിന്നും ആവി പറക്കുന്നുണ്ട്. വിവിധതരം കടൽജീവികളെ പുഴുങ്ങിയും വെച്ചിട്ടുണ്ട്. കൂട്ടത്തിൽ ചോറും പരിപ്പുകറിയും കണ്ടു.

നാലാമത്തെ റൗണ്ട് പത്രാസ് ഗ്ലാസിലേക്കൊഴിച്ചപ്പോഴാണ് മുമ്പിൽ വന്നുനിൽക്കുന്ന ഒരു കുടുംബത്തെ കണ്ടത്. ഒഴിഞ്ഞുകിടക്കുന്ന കസേരകളിൽ അനുവാദം ചോദിക്കാതെ തന്നെ അവരിരുന്നു. രണ്ടു വയസ്സിനു താഴെയുള്ള ഒരു കൈക്കുഞ്ഞും അഞ്ചോ ആറോ വയസ്സിനു താഴെ മാത്രം പ്രായമുള്ള വേറെ രണ്ടു കുട്ടികളും. പത്രാസിന്റെ പവറായിരിക്കണം അവർക്കൊരു പുഞ്ചിരി സമ്മാനമായി നൽകി.

കപ്പൽ യാത്രയിൽ അവരാദ്യമായിട്ടാണെന്നു തോന്നുന്നു. ചെറിയൊരു പരിഭ്രമം കുടുംബത്തിനുമേൽ കാണുന്നുണ്ട്. കുട്ടികൾ അകാരണമായി ശാന്തരായിരുന്നു. അവർ അച്ചടക്കത്തോടെ നിരന്നിരിക്കുന്ന ഭക്ഷണത്തിലേക്ക് നോക്കിയിരുന്നു. എന്നാൽ ഗൃഹനാഥൻ മാത്രം ഒരു പാത്രത്തിൽ കുടുംബത്തിനു മൊത്തം ആവശ്യമുള്ള ഭക്ഷണം എടുത്തുകൊണ്ടുവന്നു. രണ്ടു വയസ്സിനു താഴെയുള്ള കുട്ടിയൊഴികെ ബാക്കിയെല്ലാവരും ഒരേ പാത്രത്തിൽ നിന്നുതന്നെ ഭക്ഷിച്ചു.

സംസാരിച്ചവരെ അസ്വസ്ഥരാക്കുന്നതിനേക്കാൾ നല്ലത് അവരുടെ നിശബ്ദതയെ ബഹുമാനിക്കുക എന്നുള്ളതായിരിക്കും. കാലിയായ വൈൻ ഗ്ലാസ്സെടുത്ത് വീണ്ടും പത്രാസ് നിറച്ചു. അഞ്ചാം റൗണ്ട്



തുടങ്ങിയപ്പോൾ വയർ കത്താൻ തുടങ്ങി.

വലതുഭാഗത്തെ ടേബിളിനരികിലിരുന്നൊരു യുവമിഥുനങ്ങൾ ഇടയ്ക്കിടെ ചുംബനങ്ങൾ കൈമാറുന്നുണ്ട്. അവർക്കിടയിൽ നിറച്ച രണ്ട് ഷാംപെയ്ൻ ഗ്ലാസുകൾ. അതിടയ്ക്കിടെ തുളുമ്പുന്നു. ഒരുപക്ഷേ അവരുടെ ഹൃദയവും ഇതുപോലെ പ്രേമത്താൽ തുടിക്കുന്നുണ്ടാവും.

പാത്രം കാലിയായപ്പോൾ അയാൾ വീണ്ടും അതേ പാത്രത്തിൽ ഭക്ഷണം നിറച്ചുകൊണ്ടു വന്നു. അവർ നാലുപേരും ഒരുമിച്ച് അതിൽ നിന്നു കഴിക്കുകയും മതിയായി എന്ന രീതിയിൽ തമ്മിൽത്തമ്മിൽ അർത്ഥവത്തായി നോക്കുകയും ചെയ്തു.

ഒരക്ഷരം ഉരിയാടാതെ പെട്ടെന്നവർ തീൻമേശയിൽ നിന്നെണീറ്റു പോയപ്പോൾ എവിടെനിന്നോ ഒരു ശൂന്യത കടന്നുവന്നു.

കപ്പലിലെ ഡൈനിംഗ് റൂമിൽ നിറയെ ആളുകൾ മേശയ്ക്കു ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കുകയും സംസാരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും കാറ്റിലും കോളിനുമിടയിൽ ഒരു ചെറുവഞ്ചിയിൽ കടലിലൊറ്റപ്പെട്ട പോലെ. മുമ്പിലിരുന്ന പത്രാസിന്റെ കുപ്പിയിലേക്കു നോക്കി. ആറാമതൊരെണ്ണം കൂടെ

ഒഴിക്കുന്നതായിരിക്കും ഇപ്പോഴുത്തമം എന്നു കരുതി കുപ്പി കൈയിലെടുത്തപ്പോൾ കപ്പലിലെ ഒരു ജോലിക്കാരൻ അരികിലേക്കു വന്നു.

കണ്ടാൽ മാന്യനും കുലീനനുമായ അയാൾ തന്റെ പ്രൗഢഗംഭീരമായ സ്വരം താഴ്ത്തി സ്വകാര്യമെന്നവണ്ണം ഭക്ഷണം കഴിച്ച് എഴുന്നേറ്റുപോയ കുടുംബത്തെക്കുറിച്ചു തിരക്കി. അവർ കൂട്ടത്തിലുള്ളതല്ലായെന്നും ഇവിടെ വെച്ചുമാത്രം കണ്ടു പരിചയമുള്ളവരാണെന്നും പറഞ്ഞപ്പോൾ അയാളുടെ മുഖം വിവർണമായി. അയാൾ ഭവ്യതയോടെ മടങ്ങിപ്പോവുകയും ബഫേ ടേബിളിനപ്പുറം കാത്തുനിന്നിരുന്ന മറ്റു രണ്ടു ജോലിക്കാരോടെന്തോ രഹസ്യമായി പറയുന്നതും കണ്ടു.

ആറാമത്തെ പത്രാസും കൈയിലെടുത്ത് കുറച്ചുനേരം ഡെക്കിൽ പോയി നിൽക്കാമെന്നു കരുതി. വെള്ളച്ചായ മടിച്ച ഇരുമ്പുപടികൾ ചവിട്ടിക്കയറി മുകളിലേക്കു കയറുമ്പോൾ സ്റ്റെയറിനടിയിൽ നിന്നും ഒരൽപം പരുക്കൻ ഭാഷയിലാരോ സംസാരിക്കുന്നതു കേട്ടു. നേരത്തെ സംസാരിച്ച ജോലിക്കാരനും പരിഭ്രമത്തോടെ കുടുംബവുമായി ഭക്ഷണം കഴിച്ചെഴുന്നേറ്റുപോയ ആ മനുഷ്യനുമാണ്.

ഭക്ഷണം കഴിച്ച് തിരിച്ചു റൂമിലേക്കു കയറാൻ സാധിക്കാതെ വാതിലടഞ്ഞുപോയതിന്റെ കാരണം തിരക്കിയുള്ള തർക്കമാണ്. കപ്പൽ ജോലിക്കാരന്റെ ക്ഷമയോടെയുള്ള സംസാരം തുടർന്നുകൊണ്ടേയിരുന്നു. മൂന്നു കുട്ടികളെയും കൊണ്ട് അയാളുടെ ഭാര്യ ഇടുങ്ങിയ കോറിഡോറിൽ വിഷാദത്തോടെ നിൽക്കുന്നുണ്ടായിരുന്നു.

കോറിഡോറിന്റെ ഇരുവശങ്ങളിലുമുള്ള റൂമുകളുടെ നമ്പറുകൾ അപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്. പന്ത്രണ്ടാം നമ്പറിനു ശേഷം പതിനാലാം നമ്പറാണ്. നിർഭാഗ്യത്തിന്റെ നമ്പറായ പതിമൂന്നിന് ഇവിടെയും സ്ഥാനമില്ല. പക്ഷേ പതിനാറിനുശേഷം പതിനെട്ടാണു കണ്ടത്. പതിനേഴിനേയും ഭാഗ്യക്കേടായാണ് കപ്പലുകാർ കാണുന്നത്. ഇറ്റാലിയൻ നാവികരുടെ കാഴ്ചപ്പാടിൽ പതിനേഴെന്ന നമ്പറിന്റെ അർത്ഥം 'ഞാനെന്റെ ജീവിതം ജീവിച്ചു തീർത്തു' എന്നാണ്. അത് ഈ കപ്പലിൽത്തന്നെ ആകാതിരിക്കാനാകണം പതിമൂന്നും പതിനേഴും നമ്പറുകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നത്.

ഡെക്കിലേക്കുള്ള ഇരുമ്പുവാതിലാരോ ശരിയായി അടയ്ക്കാതിരുന്നതുകൊണ്ട് തണുത്ത കാറ്റ് താഴേക്ക് അരിച്ചിറങ്ങിക്കൊണ്ടിരുന്നു. കടലിൽ തിരകളടിക്കുന്ന സ്വരമിപ്പോൾ വ്യക്തമായി കേൾക്കാം. അതിനിടയിൽ 'നിങ്ങൾ നാലുപേരും പൈസ കൊടുക്കാതെയാണ് ഭക്ഷണം കഴിച്ചതെ



ന്ന്' കപ്പൽ ജോലിക്കാരൻ പറയുന്നുണ്ട്. അതുകൊണ്ടാണ് അവർ റൂമിന്റെ വാതിൽ ലോക്ക് ചെയ്തതെന്നും.

രണ്ടുവയസ്സിനു താഴെയുള്ള കുട്ടിയുടെ സൗ



ജന്യഭക്ഷണമാണ് തങ്ങളെടുത്തതെന്ന് അയാൾ വാദിച്ചുകൊണ്ടിരുന്നു. കുട്ടികളെയും ചേർത്തു പിടിച്ചാ സ്ത്രീ ഇടനാഴിയിൽ അപ്പോഴും നിൽപ്പുണ്ടായിരുന്നു. അമ്മയോടു ചേർന്നുനിന്ന കുട്ടികൾ ഡെക്കിലേക്കുള്ള കോണിപ്പടിയിലേക്കാണു നോക്കുന്നത്. തങ്ങളുടെ പിതാവ് തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നത് അവരെ ഭയപ്പെടുത്തിയിരിക്കാം. പണം നൽകാതെ ഭക്ഷണം കഴിച്ചതിലുള്ള വിഷമം അവരെ വേട്ടയാടുന്നുണ്ടാകുമോ.

മേലെ വന്നു ഡെക്കിൽ നിൽക്കുമ്പോൾ കാറ്റിന്റെ വിലാപം കൂടിയതായി തോന്നി. അവ കടലലകളെ കീറിമുറിച്ചുപായുന്ന കപ്പലിനുനേരെ ശക്തിയായി വീശുകയും കപ്പലിനെ ആട്ടിയുലയ്ക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. രാത്രിയുടെ കനത്ത കരിമ്പടപുതപ്പിനടിയിൽ എവിടെനിന്നൊ ഒരു നീലവെളിച്ചം കടന്നുകൂടിയിരിക്കുന്നു.

താരകങ്ങളില്ലാത്ത ആകാശത്തെ നോക്കി, കൈയിലെ ഗ്ലാസിൽനിന്നും അവസാനത്തെ പത്രാസും നുണഞ്ഞിറക്കി കാറ്റുപാറ്റുന്ന ഈറനുമണിഞ്ഞ് ഡെക്കിലിരുന്നു. ഇനിയൊരേകാന്ത യാത്രയ്ക്കില്ലെന്നു ചിന്തിച്ചിരിക്കുമ്പോൾ അയാളടുത്തേക്കു വന്നു. തുറന്നുപിടിച്ച വാലറ്റിലേക്കയാൾ ക്രെഡിറ്റ് കാർഡിലൊരെണ്ണം അരിശത്തോടെ കുത്തിത്തിരുകുന്നുണ്ടായിരുന്നു.

'മുറിയുടെ ലോക്കിനെന്തോ തകരാറ്. മുറിയുടെ വാതിലൊന്നു തുറന്നുകിട്ടാൻ ജോലിക്കാരോട് ഒച്ചവെയ്ക്കേണ്ടി വന്നു.'

മുഖവരയൊന്നും കൂടാതെ ഇത്രയും പറഞ്ഞിട്ടയാൾ കാറ്റിനെതിരെ കൈ മറച്ചുപിടിച്ച് ലൈറ്റർ കത്തിച്ചൊരു സിഗരറ്റിനു തീകൊളുത്തി.

ആകാശത്ത് അപ്പോൾ മാത്രം മിന്നിയ ഒരു നക്ഷത്രത്തെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ചെങ്കിലും പത്രാസിന്റെ ലഹരിക്കു കീഴ്പ്പെട്ടതുകൊണ്ടതിനു കഴിഞ്ഞില്ല.



**വിജി സുഭാഷ്**



# ഇര

ഇരയെന്നിവൾക്കാരു പേരു നൽകി
ഇവൾ ഇരവിന്റെ പുത്രിയാണെന്നൊ?
ഇരുൾവീണവീഥിയിലിടറുന്ന മനവുമായ്
ഇഴയുന്ന ആത്മാക്കളേറെ.

കാമക്കഴുകന്റെ നെറികെട്ട കണ്ണുകൾ
അമരുന്നു പെണ്ണിന്നുടലിലായി,
മാലിന്യമുള്ളിൽ നിറയ്ക്കുന്ന ചിന്തയാൽ
കർമ്മങ്ങൾ നീചമാകുന്നു.

കനിവിനായുഴലുന്ന അഴലിന്റെ നിഴലുകൾ
നേരിൻ നിലാവെട്ടം കൊതിക്കെ,
പിച്ചിയെറിയുന്ന മാനാഭിമാനത്തിൻ
കഥകൾ വിളമ്പുന്നു മാധ്യമങ്ങൾ.

പെണ്ണു പിഴച്ചെന്ന ശബ്ദമുയർത്താതെ
കനവുകൾ തല്ലിക്കൊഴിച്ചിടാതെ,
പേരും മുഖവും മറച്ചുപിടിക്കാതെ
നാരിതൻ മാനം കാത്തിടേണം.

വേട്ടയാടാതെന്നും കാവലാകാം
കരുതലായെന്നും ചാരെ നിൽക്കാം
സോദരി നിന്നോട് മാപ്പു ചോദിക്കുന്നു
ഇരയെന്നപേരും നമുക്കുവേണ്ട!



ഡോ. ലാലു പിള്ള




# ഒരു മിഥുൻ ചക്രവർത്തി ഫാൻബോയ്...

പത്താം ക്ലാസ് കഴിഞ്ഞു പ്രീ-ഡിഗ്രിക്ക് പഠിക്കുമ്പോൾ ആണ്, കൂട്ടുകാരനും നാട്ടുകാരനുമായ ബിജിലാലിന്റെ ബന്ധുവിന്റെ വീട്ടിൽ നിന്നും 'ഡിസ്കോ ഡാൻസർ' എന്ന സിനിമ വീഡിയോ കാസ്സറ്റിൽ കണ്ടത്. 83–84 കാലഘട്ടത്തിൽ ടി.വി യും വി.സി.ആറും ഒരു വീട്ടിൽ ഉണ്ടെന്നുവച്ചാൽ ഇന്നത്തെ ഏകദേശം മെഴ്സിഡസ് എസ് ക്ലാസ് വീട്ടിലുള്ളതിനു തുല്യം.

സിനിമ കണ്ടു, മിഥുന്റെ ഡാൻസ് കണ്ടു, പിന്നെ ഞാനൊരു മിഥുനാവാനങ്ങു തീരുമാനിച്ചു. മിഥുനെപോലെ കൃതാവ് അൽപ്പം പോലും താഴോട്ട് വയ്ക്കാതെ ഷേവ് ചെയ്യുക, മുടി സെന്റർ വച്ച് വകുപ്പിട്ടു രണ്ടു സൈഡിലേക്കും ചീകുക, തിളങ്ങുന്ന ഷർട്ടുകൾ ഇടുക എന്ന് വേണ്ട, നടപ്പിലും ഇരിപ്പിലും ഒക്കെ ഞാൻ മിഥുനെ അനുകരിച്ചു. ഞാനൊരു മിഥുനാണെന്ന് സ്വയമങ്ങു തീരുമാനിച്ചു. എന്റെ അന്നത്തെ രൂപം വച്ച് മിഥുനെങ്ങാനും ഇതറിഞ്ഞിരുന്നുവെങ്കിൽ ഇതെഴുതാൻ ഞാൻ കാണില്ലായിരുന്നു എന്ന് വിനയത്തോടെ പറഞ്ഞുകൊള്ളട്ടെ.

കോളേജ് ക്ലാസുകൾ മുഴുവനും കട്ട് ചെയ്തു പബ്ലിക് ലൈബ്രറിയിൽ പോയി 'സ്റ്റാർ ഡസ്റ്റ്', 'സ്റ്റാർ ആൻഡ് സ്റ്റൈൽ' എന്നീ മാസികകളിലെ മിഥുനെകുറി



അക്കാലത്തു കേരളത്തിലൊന്നും ഒരു നടനും ഫാൻസ് അസോസിയേഷനുകൾ ഉണ്ടായിരുന്നില്ല. ഈ ഒരു കാരണം കൊണ്ട് മാത്രം ജീവിച്ചിരിക്കുന്ന ഒരാളാണ് ഞാൻ. മിഥുന് അന്ന് ഫാൻസ് അസോസിയേഷൻ ഉണ്ടായിരുന്നെങ്കിൽ 'ഡാൻസ് ഡാൻസ്' എന്ന സിനിമയൊക്കെ ഇറങ്ങുമ്പോൾ മിഥുന്റെ കട്ട് ഔട്ടിൽ പാലഭിഷേകം നടത്താൻ മുകളിൽ കയറി ഏണിയിൽ നിന്നും വീണു നടുവൊടിഞ്ഞു പടമായേനെ. ആരാധന മൂത്തു മിഥുന്റെ 'കരാട്ടെ' എന്ന സിനിമ, ബി.എസ്സി സെക്കൻഡ് ഇയർ കെമിസ്ട്രി പരീക്ഷയുടെ തലേന്ന് കൈലി ഉടുത്തു തിരുവനന്തപുരത്തു പോയി കണ്ടിട്ടുണ്ട്. കൈലിയുടുക്കാൻ കാരണം പാന്റ്സിട്ടാൽ ഇവൻ എവിടെയോ പുറത്തു പോകുന്നു എന്ന് മനസ്സിലാക്കി അമ്മ പൊക്കും.

ബി.എസ്സിക്കും, എം.എയ്ക്കും ഒക്കെ മിഥുൻ എന്നിൽ സംഹാര താണ്ഡവമാടിക്കൊണ്ടേയിരുന്നു. 1991 ആഗസ്റ്റിൽ ഞാൻ അബുദാബിയിൽ എത്തി, ജീവിതത്തിന്റെ രണ്ടാം ഘട്ടം തുടങ്ങിയിട്ടും മിഥുനെ വിട്ടില്ല. ജോലിയൊന്നും കിട്ടാതിരുന്ന ഞാൻ എട്ട്, ഒമ്പത്, പത്തു തുടങ്ങിയ ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവ ട്യൂഷൻ എടുക്കാൻ തുടങ്ങി, അങ്ങനെ കയ്യിൽ കാശു വരാനും തുടങ്ങി. പിറ്റേന്ന് പഠിപ്പിക്കേണ്ട കാര്യങ്ങൾ ഞാൻ തലേന്ന് രണ്ടു ഗൈഡുകളിൽ നിന്നും നന്നായി പഠിക്കും, എന്നിട്ടു പോയി പഠിപ്പിക്കും. കുട്ടികളെ ഒരുവിധം വിരട്ടിയാണ് പഠിപ്പിക്കുന്നത്. കാരണം അങ്ങോട്ട് പഠിപ്പിക്കുന്നത് അവർ കേൾക്കുന്നതല്ലാതെ എന്നെ കുഴപ്പിക്കുന്ന ഒരു ചോദ്യം ഒരാളും ഇങ്ങോട്ടു ചോദിക്കാൻ പാടില്ല, കാരണം, ഈ പഠിച്ചിരിക്കുന്നതല്ലാതെ എന്തെങ്കിലും ഒന്ന് ചോദിച്ചാൽ ഞാൻ പെട്ടത്

ച്ചെഴുതിയ എല്ലാ കാര്യങ്ങളും വായിക്കുക, വീട്ടിൽ നിന്നും ഉച്ചക്ക് എന്തെങ്കിലും വാങ്ങി കഴിക്കാൻ തരുന്ന പൈസ നേരെ തിയേറ്ററിൽ കൊടുത്തു ഏറ്റവും മുന്നിലുള്ള സീറ്റിൽ ഇരുന്നു മിഥുന്റെ എല്ലാ സിനിമകളും ഒന്നൊഴിയാതെ കാണുക തുടങ്ങിയ കലാപരിപാടികൾ നടന്നുകൊണ്ടേയിരുന്നു. ഇഷ്ട നടിയായ ശ്രീദേവിയെ മിഥുൻ കല്യാണം കഴിക്കാൻ ഞാനൊരുപാട് നേർച്ചകൾ നേർന്നിട്ടുണ്ട്.

തന്നെ. ഇത് നന്നായറിയാവുന്ന ഞാൻ കഠിനഹൃദയനും കർക്കശക്കാരനുമായ ഒരു അധ്യാപകനായി അവരുടെ മുന്നിൽ അവതരിച്ചു. ദിവസങ്ങൾ കടന്നുപോയി എന്റെ മാർക്കറ്റ് വാല്യൂ വല്ലാതങ്ങു കൂടി, ഞാൻ ചോദിക്കുന്നതായി എന്റെ ട്യൂഷൻ പ്രതിഫലം. 'മൂക്കില്ലാരാജ്യത്തെ മുറിമൂക്കൻ രാജാവാ'യി ഞാൻ വിലസി, ഈ അവസരത്തിലും മിഥുനെ വിട്ടില്ല. എല്ലാ ദിവസവും കാലത്തൊന്ന്, വൈകിട്ടൊന്ന് എന്ന രീതിയിൽ ഞാൻ ഓരോ മിഥുൻ സിനിമ കണ്ടുകൊണ്ടേയിരുന്നു. മാത്രമല്ല മിഥുന്റെ സിനിമ കണ്ടിട്ടില്ലാത്ത, മിഥുനെ കുറിച്ച് അധികം കേട്ടിട്ടില്ലാത്ത റൂമിൽ കൂടെ താമസിക്കുന്നവരെ ഒരു ലോഡ് പുച്ഛം വച്ച് നോക്കാനും പെരുമാറാനുമൊക്കെ തുടങ്ങി

1991-92 കാലഘട്ടത്തിൽ ഗൾഫിൽ അറബിക് ടി.വി ചാനൽസ് മാത്രമേയുള്ളൂ. ദിവസം നാലു മണിക്കൂർ ഹിന്ദി റേഡിയോ പ്രോഗ്രാം ഉണ്ട്. ഗൾഫിലുള്ള കുഞ്ഞുകുട്ടി ആബാലവൃദ്ധം ജനങ്ങളും ഈ റേഡിയോ കേൾക്കും നാട്ടിലെ വിശേഷങ്ങൾ അറിയാനും കൂടാതെ ഹിന്ദി പാട്ടുകൾ കേൾക്കാനും. അങ്ങനെ ഇരിക്കെ 1992 മാർച്ച് മാസത്തിൽ മിഥുൻ ചക്രവർത്തിയുടെ ഒരു സ്റ്റേജ് ഷോ വരുന്നു എന്ന് ഒരു റേഡിയോ അനൗൺസ്മെന്റ് വരുന്നു. 'ഐ ആം എ ഡിസ്കോ ഡാൻസർ' എന്നാണ് പ്രോഗ്രാമിന്റെ പേര്. ദുബായിൽ, അൽ നാസർ ലെഷർ ലാൻഡ് എന്ന സ്റ്റേജിലാണ് പ്രോഗ്രാം. കേട്ട് ഞാൻ ബോധംകെട്ടു വീണില്ലെന്നേയുള്ളൂ; ഇതാ എന്റെ വീരപുരുഷനെ, എന്റെ ആരാധനാമൂർത്തിയെ, അഭ്രപാളിയിലെ ദൈവത്തെ നേരിട്ട് കാണാൻ ഒരവസരം. ഞാൻ തീരുമാനമെടുത്തു, എന്ത് വന്നാലും പോയിരിക്കും ഈ പ്രോഗ്രാമിന്.

പോകാൻ ഞാനങ്ങു തീരുമാനിച്ചെങ്കിലും അത് അത്ര എളുപ്പമായിരുന്നില്ല. ഞാൻ എന്ന 22കാരൻ വഴിതെറ്റാതിരിക്കാൻ റൂമിൽ അളിയൻ പറഞ്ഞു ഏൽപ്പിച്ചിട്ടുള്ള ഒരു കണ്ണൂർക്കാരൻ ലോക്കൽ ഗാർഡിയൻ. പേര് പങ്കൻ ചേട്ടൻ.

കടമ്പ ഒന്ന്: നാട്ടിൽ നിന്നും വന്നിട്ട് ഏതാനും മാസങ്ങളെ ആയിട്ടുള്ളൂ. അബുദാബി പോലും ശരിക്കറിയില്ല. പിന്നെ ദുബായ് എന്ന മഹാനഗരത്തിന്റെ കാര്യം പറയണ്ടല്ലോ .

കടമ്പ രണ്ട്: ജോലി കിട്ടാതെ സ്റ്റേജ് ഷോ കാണാൻ പോയി എന്നറിഞ്ഞാൽ അവിടുത്തെ മലയാളിസമൂഹം മൊത്തം എന്നെ കുരിശ്ശിൽ കയറ്റി മൂന്ന് ആണിയടിക്കും.

കടമ്പ മൂന്ന്: ഒരു കിലോമീറ്റർ അപ്പുറം വസിക്കുന്ന അളിയനോ ചേച്ചിയോ അറിഞ്ഞാൽ എന്നെ വെട്ടിനുറുക്കും.

കടമ്പ നാല്: ഇതുമാത്രമോ, മുറി ഇംഗ്ലീഷ് അല്ലാതെ ഹിന്ദി, അറബിക് ഇവയൊന്നും ലവലേശം അറിയില്ല അങ്ങനെ എണ്ണിയാലൊടുങ്ങാത്ത കടമ്പകൾ. പക്ഷേ, ഞാനുണ്ടോ വിട്ടുകൊടുക്കുന്നു. രണ്ടും കൽപ്പിച്ചു പോകാൻ തീരുമാനിച്ചു.

അൽപ്പം സെന്റിമെന്റ്സുമായി ഞാൻ പങ്കൻചേട്ടനെ സമീപിച്ചു, ആ തൃപ്പാദങ്ങളിൽ വീണു. ഈ നിമിഷത്തിനു വേണ്ടിയാണു ഞാൻ ജനിച്ചതെന്നും ജീവിച്ചിരിക്കുന്നതെന്നും പറഞ്ഞു. പങ്കൻചേട്ടൻ വീണു. നമ്മൾ രണ്ടും മാത്രമറിഞ്ഞാൽ മതി എന്ന വാക്കിന്മേൽ പോകാൻ അനുവദിച്ചു. രണ്ടു ഫുൾ സൈസ് പേപ്പറിൽ കയറേണ്ട സ്ഥലം, ഇറങ്ങേണ്ട സ്ഥലം, ഹിന്ദിയിൽ എന്ത് പറയണം, എന്ത് പറയരുത് തുടങ്ങി പങ്കൻ ചേട്ടൻ തന്ന ക്ലാസ് അപ്പടി എഴുതിവച്ചു. കൂടാതെ ഈ ഷോയ്ക്കു വേണ്ടി മാത്രം ഒരു ബാഗ്ഗി ജീൻസ്, മിഥുൻ ഇടുന്ന പോലുള്ള ഒരു പളപളാ തിളങ്ങുന്ന ടീഷർട്ട് ഒക്കെ വാങ്ങി. ഇതൊക്കെ ഇട്ട് ഞാൻ റൂമിൽ നിന്നും കാലത്തു ഒരു ഒമ്പതു മണിക്ക് ഇറങ്ങി.

ഷോ വ്യാഴാഴ്ച വൈകിട്ട് 7 മണിക്കാണ്. അക്കാലത്തെ ദുബായിലെ വാരാന്ത്യം വ്യാഴം പകുതിയും വെള്ളിയുമാണ്. ഇന്നത്തെ ന്യൂജൻ വേർഡ് കടമെടുത്താൽ ഒരു മലങ്കൾട്ട് സ്റ്റൈലിൽ ഡ്രസ്സ് ചെയ്തു, അബുദാബി സ്റ്റാൻഡിൽ നിൽക്കുന്ന എന്നെ പ്രായഭേദമെന്യേ, രാജ്യഭേദമെന്യേ ആളുകൾ പലവട്ടം നോക്കുന്നുണ്ട്. പക്ഷേ എനിക്കതൊരു വിഷയമേ ആയിരുന്നില്ല. ഇവനൊന്നും മിഥുനെ അറിയാത്തത് എന്റെ കുഴപ്പമല്ലല്ലോ ഇതായിരുന്നു ലൈൻ,

ഒരു പാകിസ്താനി ഓടിക്കുന്ന, എ.സി ഇടാത്ത ഷെയറിങ് ടാക്സിയിൽ ഞാൻ കയറി. മൊത്തം 4 പേരാണ് യാത്രക്കാർ, ബാക്കിലത്തെ സീറ്റിൽ രണ്ടു പാകിസ്ഥാനികൾ എന്നെ നിർബന്ധിച്ചു നടുക്കിരുത്തി. എന്നോടുള്ള ബഹുമാനവും സ്നേഹവും കണ്ടു ഞാൻ അമ്പരന്നു, ഇവർ എത്രയോ നല്ല മനുഷ്യർ എന്ന് ഞാൻ വിചാരിച്ചു, ഇന്ത്യ-പാക് ബന്ധത്തിന്റെ നന്മയിൽ പൂത്ത ഈ അനുഭവം നാടുതോറും പറഞ്ഞു പരത്താൻ ഞാനങ്ങു തീരുമാനിച്ചു. വണ്ടിയോടി തുടങ്ങിയപ്പോൾ ഒരു



കാര്യം മനസ്സിലായി, സൈഡിലെ രണ്ടുപേരും വിൻഡോ താഴ്ത്തി നല്ലരീതിയിൽ കാറ്റുകൊള്ളുന്നു, നടുക്കിരിക്കുന്ന ഞാൻ വിയർത്തു കുളിക്കുന്നു, വിയർപ്പിൽ മിഥുന്റെ ടീ ഷർട്ട് എന്റെ ദേഹത്ത് ഒട്ടിപ്പിടിക്കുന്നു. സാർവദേശീയതയുടെ പുത്തൻ കഥ പറയാനിരുന്ന ഞാൻ ആ ചാപ്റ്റർ അപ്പോൾ തന്നെ അടച്ചുവക്കുന്നു പകരം ഒരു പട്ടാണി ചതിയുടെ കഥ എന്ന പുതിയ അദ്ധ്യായം തുറക്കുന്നു. കാർ മുന്നോട്ടു നീങ്ങുന്നു. ജീവിതത്തിൽ ആദ്യമായി മരുഭൂമിയും ഒട്ടകങ്ങളെയുമൊക്കെ കാണുന്നു.

ഒരു പതിനൊന്നരമണിക്ക് ഞാൻ ദെയ്റ (Deira) സിനിമയുടെ മുന്നിൽ ഇറങ്ങി, ആദ്യമായി ദുബായ് കാണുന്ന കൗതുകം. എങ്ങും മലയാളം മാത്രം. അവിടെ ഇവിടെ അല്പം ഹിന്ദിയും ഓടുന്നുണ്ട്. അമ്പതു ഫിൽസ് ചായ, ഒരു ദിർഹം പൊറോട്ട–ഓംലറ്റ് സാൻഡ്‌വിച് ഇങ്ങനെ പോകുന്നു ഭക്ഷണത്തിന്റെ റേറ്റ്. ഇവയെല്ലാം അബുദാബിയെക്കാൾ വളരെ വിലക്കുറവ്. മൊത്തത്തിൽ കൊല്ലം ചാമക്കട ഭാഗത്തു നിൽക്കുന്ന ഒരു ഫീൽ. ദുബായ് അങ്ങ് 'ക്ഷ' പിടിച്ചു. സമയം പാഴാക്കിയില്ല, മിഥുൻ യു.എ.ഇയിൽ ആദ്യമായി പെർഫോം ചെയ്യുന്നത് കൊണ്ട് ഗംഭീര തിരക്കായിരിക്കും എന്നറിയാവുന്ന ഞാൻ പെട്ടെന്ന് ഒരു മലയാളിയുടെ ടാക്സിയിൽ കയറി ഏകദേശം ഉച്ചക്ക് 12.30 ആയിക്കാണും, അൽ– നാസർ ലെഷർ ലാൻഡിൽ വന്നു.

ഗേറ്റ് പൂട്ടിക്കിടക്കുന്നു. മിഥുൻ ഫാൻസ് എല്ലാം ഏതാനും മണിക്കൂറിൽ എത്തും, ഇവിടം ജനസാഗരമാകും എന്നൊക്കെ ചിന്തിച്ചു ഞാൻ അൽപ്പം മുന്നോട്ടു നീങ്ങി ഒരു ഗ്രോസറി ഷോപ്പിന്റെ തണലിൽ ചേർന്ന് നിന്നു. മാർച്ച് മാസം ആണെങ്കിലും സാമാന്യം നല്ല ചൂടുണ്ട്, കൂടാതെ ഒരേ നിൽപ്പും. ഞാൻ തളർന്നു തുടങ്ങി. സമയം വൈകീട്ട് 5.30. ഓഡിറ്റോറിയത്തിന്റെ ഗേറ്റ് തുറന്നു. ഞാൻ ഓടി അകത്തു കയറി ടിക്കറ്റ് കൗണ്ടർ കണ്ടുപിടിച്ചു

ഒരു ടിക്കറ്റ് എടുത്തു. അപ്പോഴും എന്നെയും ചേർത്ത് ഒരു 10 പേർ മാത്രമേയുള്ളൂ. വരും, മിഥുൻ ആരാധകർ ഉടനിവിടെത്തും ഇവിടം ഇളകിമറിയും ഞാൻ എന്നോട് തന്നെ പറഞ്ഞുകൊണ്ടേയിരുന്നു.

സമയം 7 മണി. ഹാളിൽ മൊത്തം ഒരു പത്തു നൂറ്റമ്പതു പേർ, ഷോ അപ്പോഴും തുടങ്ങിയിട്ടില്ല. വി.ഐ.പി സീറ്റിൽ കുറച്ചു പേർ. പിന്നെ ഗാലറിയിൽ കുറച്ചു പേർ. ആ വലിയ ഹാളിൽ ഇവർക്കിടയിൽ ഞങ്ങൾ ഒരഞ്ചുപേർ. ഓഡിയൻസ് കപ്പാസിറ്റി കണ്ടു എനിക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത വിഷമം. സമയം 7.45. പതുക്കെ അവർ തുടങ്ങി, മിഥുൻ വന്നു ഡാൻസ് ചെയ്തു. കൂടെ വർഷ ഉത്ഗോക്കറും അയേഷ ജുൽകയും ഒക്കെ ഡാൻസ് ചെയ്യുന്നുണ്ട്. പക്ഷേ പരിപാടി പെറ്റതള്ള സഹിക്കില്ല, അറുബോർ. എന്നാലും എന്നിലെ മിഥുൻ ഫാൻ, ഞാൻ ജീവിതത്തിൽ കണ്ട ഏറ്റവും നല്ല പരിപാടിയാണിത് എന്ന് എന്നോട് നിരന്തരം കള്ളം പറഞ്ഞുകൊണ്ടേയിരുന്നു. എന്റെ ഭാഗത്തെ സെക്യൂരിറ്റികാരനെ ഞാൻ അങ്ങോട്ട് കയറി പരിചയപ്പെട്ടു. ഒരു വർക്കലക്കാരൻ. അയാളോട് അബുദാബി കാര്യങ്ങൾ വച്ച് കാച്ചി. മിഥുനെ ഒന്ന് നേരിട്ട് അടുത്ത് കാണണം എന്ന അഭ്യർത്ഥന മാനിച്ചു എന്നെ അയാൾ വി.ഐ.പി റോയിൽ ഇരുത്തി, കാരണം 75% വി.ഐ.പി സീറ്റ്സും കാലിയാണ്.

നിരാശ, വിഷമം, വിശപ്പ്, ദാഹം, ക്ഷീണം ഇവയൊക്കെ എന്നിൽ നിറഞ്ഞുനിൽക്കുന്നു. ഷോ തീർന്നയുടൻ അടുത്ത ടാക്സിയിൽ ദെയ്റ ടാക്സി സ്റ്റാൻഡിൽ എത്തുമ്പോൾ സമയം രാത്രി 11.30. എന്നെ ഞെട്ടിച്ചുകൊണ്ട് ഒരു വാർത്ത അറിഞ്ഞു, അബുദാബിയിലേക്കുള്ള അവസാന ടാക്സി 10.30നു പോയി എന്ന്. അടുത്തു കണ്ട മലയാളി കടക്കാരനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, പേടിക്കണ്ട, പ്രൈവറ്റ് കാറുകൾ ഇഷ്ടംപോലെ വന്നു ആളെടുക്കും എന്ന്. സമയം കടന്നു പോകുന്നു. പ്രൈവറ്റ് കാറുകൾ ഒന്നും തന്നെ വരുന്നില്ല. കയ്യിൽ എല്ലാം കൂടി ഒരു 100 ദിർഹം വരും. വലുതായൊന്നും കഴിച്ചിട്ടില്ല. നേരം പുലർന്നിട്ടാകെ ഒരു പൊറോട്ട സാൻഡ് വിച്ചും രണ്ടു ചായയും മാത്രമാണ് കഴിച്ചത്. മലയാളി കടക്കാരനും കടപൂട്ടി പോയി. മാത്രമല്ല, ടാക്സി സ്റ്റാൻഡിലെ എല്ലാ ലൈറ്റുകളും ഓഫ് ആക്കി. ആകെയുള്ള ഒരു ലൈറ്റിന്റെ അടിയിൽ ഞാൻ തറയിൽ ഇരുന്നു. മൈതാനം പോലെ കിടക്കുന്ന ദെയ്റ ടാക്സി സ്റ്റാൻഡിൽ ഞാൻ ഒരാൾ മാത്രം. അൽപ്പം ദൂരെ ധാരാളം ബസ്സുകൾ സ്റ്റാൻഡിൽ ഒതുക്കിയിട്ടിട്ടുണ്ട്. മറ്റു വാഹനങ്ങളൊന്നും തന്നെ വരുകയോ പോവുകയോ ചെയ്യുന്നില്ല. പങ്കൻ ചേട്ടനെ ഒന്ന് വിളിക്കാൻ എന്റെ കയ്യിൽ കോയിൻ ഇല്ല. ചേഞ്ച് വാങ്ങാൻ എല്ലാ കടകളും അടച്ചുപോയി. സമയം പോകുംതോറും ചേട്ടൻ ഞാൻ എത്താറായ സമയമായിട്ടും ഒരു ഫോൺ കാൾ പോലുമില്ലാത്തതിനാൽ വീട്ടുകാരെ വിളിച്ചു പറയുമോ എന്നുള്ള ഭയം വേറെ.

മിഥുനോടുള്ള കടുത്ത ആരാധന നിമിത്തം, ഷോ കാണാൻ എടുത്ത തീരുമാനത്തെ എന്തുകൊണ്ടോ അപ്പോഴും തള്ളിപ്പറയാൻ ഞാൻ തയ്യാറായിരുന്നില്ല. അറിയാത്ത നാട്, വളരെക്കുറച്ചു മാത്രം ലോകപരിചയം, പിന്നെ പൊതുവെ എന്നെ കണ്ടാലുള്ള ഒരു കള്ളലക്ഷണം. ഇതൊക്കെ ഇങ്ങനെ ഒരവസരത്തിൽ എന്റെ ശത്രുക്കളാകും എന്ന് വ്യക്തമായി അറിയാവുന്ന ഞാൻ 'അർജുനൻ ഫൽഗുനൻ പാർത്ഥൻ വിജയനും വിശ്രുതമായ പേർ പിന്നെ കിരീടിയും' എന്ന് ധൈര്യം കിട്ടാൻ സാമാന്യം ഉറക്കെ തന്നെ ചൊല്ലുന്നു. ഞാൻ ധൈര്യവാനാണ് എന്ന എന്റെ ധാർഷ്ട്യത്തിന് നേരെ വന്ന ഒരു സ്കഡ് മിസൈൽ പോലെ തോന്നി എനിക്കീ സംഭവവും ആ രാത്രിയും.

പെട്ടെന്ന് ഒരു പോലീസുകാരൻ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു, പോലീസുകാരൻ അറബിക്കിൽ 'താൽ' എന്ന വാക്കിനോടൊപ്പം കൈകൊണ്ട് ആംഗ്യം കൂടി കാണിച്ചതുകൊണ്ടു എന്നെ വിളിച്ചതാണെന്നു മനസ്സിലാക്കി ഞാൻ അടുത്തേക്ക് ചെന്നു. എന്തിനിവിടെ ഇരിക്കുന്നു എന്ന് ആദ്യം അറബിക്കിൽ ചോദിച്ചു. എനിക്ക് സ്റ്റേഷൻ പിടിക്കുന്നില്ല എന്ന് മനസ്സിലാക്കി, ഹിന്ദിയിൽ ചോദിച്ചു, അതിലും രക്ഷയില്ല എന്ന് കണ്ടപ്പോൾ അവസാനം അയാൾ അയാളുടെ മുറി ഇംഗ്ലീഷിൽ ചോദിച്ചു. വിറയ്ക്കുന്ന സ്വരത്തിൽ മിഥുൻ സംഭവം എല്ലാം ഞാൻ എന്റെ മുറി ഇംഗ്ലീഷിൽ അങ്ങോട്ട് പറഞ്ഞു.

ഇവിടെ ഇരിക്കാൻ ഒക്കില്ല അത് നിയമവിരുദ്ധമാണെന്നു പറഞ്ഞു, കാറിൽ കയറ്റി എന്നെ പോലീസ് സ്റ്റേഷനിൽ കൊണ്ട് പോകാൻ തുടങ്ങി. വീര, ശൂര, ധീര പരാക്രമിയായ ഞാൻ അവരെ സധൈര്യം, സാകൂതം, നെഞ്ചു വിരിച്ചുനിന്നു നേരിട്ടു എന്നൊന്നും പറയുന്നില്ല. എനിക്ക് ചുറ്റും



ഭൂമി കറങ്ങി, അന്നത്തെ കാലത്തു ഗൾഫിലെ പോലീസ് സ്റ്റേഷനിൽ എന്തിനു കയറിയാലും പുറത്തിറങ്ങിയിട്ടേ ഇറങ്ങി എന്ന് പറയാൻ കഴിയൂ. ഇത് കൃത്യമായി അറിയാവുന്ന ഞാൻ, എന്റെ മാനാഭിമാനങ്ങളെ എല്ലാം കപ്പൽ കയറ്റി വിട്ടു, എന്നിട്ടു ഞാനവരുടെ കാലിൽ വീണു കേണപേക്ഷിച്ചു. അവർ അടുക്കുന്ന ലക്ഷണമില്ല, ഞാൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. അവസാനം എന്റെ ദൈന്യത കണ്ടു അവർ രണ്ടു പേരും ഒന്ന് താഴ്ന്നുവന്നു, കോംപ്രമൈസ് എന്ന നിലയിൽ അടുത്തുള്ള ഒരു ഹോട്ടൽ ചൂണ്ടിക്കാട്ടി അവിടെ പോയി റൂം എടുക്കാൻ പറഞ്ഞു. പെട്ടെന്ന് ഞാൻ എന്റെ പേഴ്സ് എടുത്തു എന്റെ സാമ്പത്തിക നില അവരുടെ മുന്നിൽ തുറന്നു കാട്ടി. കൂടാതെ പാന്റ്സിന്റെ രണ്ടു പോക്കറ്റും എടുത്തു പുറത്തിട്ടു. ഞാൻ ഒരു നികാരഗ്വ പാർട്ടി ആണെന്നും ഈ തറയിൽ കിടക്കാനുള്ള സാമ്പത്തിക സ്ഥിതി അല്ലാതെ മറ്റൊന്നും എന്റെ കയ്യിൽ ഇല്ലെന്നും ആണയിട്ടു പറഞ്ഞു. കുറെ നേരം അവർ ഒന്നും മിണ്ടിയില്ല. അപ്പോൾ സമയം രാത്രി 2.30 കഴിഞ്ഞു കാണും. ഇനി മൂന്നു മണിക്കൂറിന്റെ കാര്യമേ ഉള്ളൂ സർ, ആദ്യ ടാക്സിയിൽ ഞാൻ കയറി പൊയ്ക്കോളാം ഇങ്ങനെ ഒക്കെ പറഞ്ഞു ഞാൻ അവരെ കൺവിൻസ് ചെയ്യാൻ നിരന്തരം ശ്രമിച്ചു. അവസാനം എന്റെ ഐഡന്റിറ്റി കാർഡ് ഡീറ്റെയിൽസ് അവർ എഴുതിയെടുത്തു, പിന്നെ എന്ത് കഴിച്ചു എന്ന് ചോദിച്ചു. ഒന്നും കഴിച്ചില്ല എന്ന് പറഞ്ഞപ്പോൾ എനിക്ക് അവരുടെ ഫ്ളാസ്കിൽ നിന്നും ഒരു കപ്പ് സുലൈമാനി (ബ്ലാക്ക് ടീ) തന്നു. അവരുടെ അനുകമ്പയിൽ പിടിച്ചു കയറി ഞാൻ മാക്സിമം മുതലെടുക്കാൻ തീരുമാനിച്ചു. ഞാൻ പറഞ്ഞു, അത്യാവശ്യമായി ഒരു ഫോൺ ചെയ്യണം, ചേഞ്ച് ഇല്ല, ഒരു 10 ദിർഹത്തിനു ചേഞ്ച് ഉണ്ടോ സർ എന്ന് ചോദിച്ചു. എന്നെ അടിമുടി ഒന്ന് നോക്കിയിട്ടു അതിലൊരാൾ എനിക്ക് ഒരു ദിർഹം ഫ്രീ ആയി തന്നു (ഇന്നത്തെ 23 രൂപ). അവരുടെ മുന്നിൽ വച്ച് തന്നെ ഞാൻ പങ്കൻ ചേട്ടനെ ഫോൺ ചെയ്തു ഞാൻ സേഫ് ആണ് എന്ന് പറഞ്ഞു. ആ സംഭവബഹുലമായ രാത്രി കഴിഞ്ഞു രാവിലെ ഒരു 7.30നോട് അടിപ്പിച്ചു ഞാൻ റൂമിൽ വന്നു.

വർഷം 2014. എന്റെ ഒരു ഗ്ലോബൽ മീറ്റ് ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗ് എന്ന സ്ഥലത്തു നടക്കുന്നു, റഷ്യയിൽ നിന്നും വന്ന മറീന എന്ന കുട്ടി അവരുടെ സോവിയറ്റ് യൂണിയൻ ദിനങ്ങളുടെ കാര്യങ്ങൾ പറഞ്ഞു. ഇംഗ്ലീഷ് സിനിമകൾ റഷ്യയിൽ ബാൻ ചെയ്തിരുന്നകാലം, ബി.ബി.സി ഉൾപ്പെടെയുള്ള മാധ്യമങ്ങൾ നിരോധിച്ചിരുന്ന കാലം. റഷ്യക്കാരുടെ ഏറ്റവും വലിയ എന്റർടൈൻമെന്റ് ആയിരുന്നത്രേ ഇന്ത്യൻ സിനിമകൾ. കൂട്ടത്തിൽ ഒന്ന് കൂടി പറഞ്ഞു, അവളുടെ അമ്മ ഒരു ഹാർഡ് കോർ മിഥുൻ ഫാൻ ആയിരുന്നത്രേ. ഡിസ്കോ ഡാൻസർ അമ്പതു തവണ കണ്ടു എന്ന് പറഞ്ഞു അവൾ എന്നെ നോക്കി 'ജിമ്മി ജിമ്മി ജിമ്മി ആജാ ആജാ ആജാ' എന്ന് പാടി. പെട്ടെന്ന് ഒരു ഇരുപത്തിരണ്ടുകാരൻ ഭയന്ന് വിറച്ചു ഒരു വലിയ ബസ് സ്റ്റാന്റിൽ ഒറ്റയ്ക്ക് ഒരു ലൈറ്റിന്റെ വെട്ടത്തിൽ തറയിൽ ഇരിക്കുന്നത് എനിക്കോർമ്മ വന്നു, തൊട്ടുമുന്നിൽ വന്നുനിൽക്കുന്ന ഒരു പോലീസ് കാറും.



ജിജി അനിൽ



# ഒരുമഴ

ചിറകൊടിഞ്ഞ
ആകാശത്തിനു കീഴിൽ
ഒരു പക്ഷിയുടെ
പൊൻതൂവൽ
ആളൊഴിഞ്ഞ
മേഘക്കെട്ടുകൾക്കിടയിൽ
നിലവിളിയുടെ ശബ്ദം
ഭൂമിപെണ്ണിന്റെ
നാഭിയെ
ഇക്കിളിയാക്കുന്ന
മഴത്തുള്ളികൾ
പകലോന്റെ വെളിച്ചത്തിൽ
കൂടുവിട്ട് എവിടേയ്ക്കോ
പറന്നുപോകുന്ന
പറവകൾ
മുറ്റത്തെ
മന്ദാരാപൂവിതളുകളിൽ
ഉമ്മവയ്ക്കുന്ന
തണുത്ത കാറ്റ്

ഇലകൾ കൊഴിഞ്ഞ
മേപ്പിൾമരങ്ങൾക്ക് മേലെ
സ്വപ്നങ്ങൾകൊണ്ടൊരു
മഴവില്ല്
ഉടൽ നനച്ചെത്തിയ മഴ
കവിതക്കെട്ടുകളെ
വകഞ്ഞുമാറ്റി
ആർത്തിയോടെ
ചുംബിച്ചു
ദാഹമകറ്റുന്നു
നനഞ്ഞൊട്ടിയ
കടലാസ്സുതോണികൾ
പുഴ നീന്തിക്കടക്കാൻ
ശ്രമിക്കുന്നു
നോക്കൂ,
ഒരുവൾ നഗ്നതയെ
പുതച്ചുറങ്ങുന്നു
നിശബ്ദമായ്!



ദിവ്യ റിനീഷ്

# ദൈവം കണ്ണടയ്ക്കുന്ന ചില നിമിഷങ്ങൾ



'അവസാനത്തിന്റെ ആരംഭമാണ് ജീവിതം...' സേവ്യർ പതുക്കെപ്പറഞ്ഞു. റോഡിൽ അപ്പോൾ മഴപെയ്തു തോർന്നിട്ട് അധികനേരമായിരുന്നില്ല. തണുത്ത കാറ്റിനൊപ്പം വഴിമരങ്ങൾ പതുക്കെ പെയ്യാൻ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ.

പാന്റിന്റെ പോക്കറ്റിൽ നിന്നും ഒരു വെളുത്ത ടവൽ പുറത്തെടുത്ത് അയാൾ മടക്കുകൾ നിവർത്തി തലയിലൂടെ ചെവിയിലേക്ക് ഊർന്നിറങ്ങിയ വെള്ളത്തുള്ളികൾ തുടച്ചെടുത്തു. കീശയിൽ നിന്നെടുത്ത വെളുത്ത ടവലിലേക്ക് നോക്കിക്കൊണ്ടിരിക്കെ പെട്ടെന്നയാൾ സനിതയെ ഓർത്തു. എത്ര ഭംഗിയായിട്ടായിരുന്നു അവൾ തനിക്ക് ടവൽ മടക്കിത്തരാറുണ്ടായിരുന്നത്...

മഴ നനഞ്ഞതു കാരണം അയാൾക്ക് നടക്കാൻ ബുദ്ധിമുട്ട് തോന്നി. കഴിഞ്ഞ ശനിയാഴ്ച അങ്ങാടിമുക്കിലെ സോമേട്ടന്റെ 'വിത്ത് യൂ ഫൂട്ട്വെയറിൽ' നിന്നും വാങ്ങിയ പുത്തൻ ചെരുപ്പ് നനഞ്ഞപ്പോൾ നന്നായി വഴുക്കാൻ തുടങ്ങിയിരിക്കുന്നു. നടക്കുമ്പോൾ കാൽമടമ്പുമായി കൂട്ടിയുരഞ്ഞ് അത് പ്രാക്... പ്രാക്...പ്രാക്ക്... എന്ന ഒരുതരം ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു.

നടന്നിട്ടും നടന്നിട്ടും എങ്ങും എത്താത്തത് പോലെ, വല്ലാതെ കിതയ്ക്കുകയും ചെയ്യുന്നു. ഇടയ്ക്കൊന്നു നിന്ന് കിതപ്പമർത്തുമ്പോഴും ജോലിസ്ഥലത്തെത്താനുള്ള തിടുക്കമായിരുന്നു അയാൾക്ക്. ചെങ്കുത്തായ റോഡിന്റെ അരികു പറ്റി നടക്കെ സേവ്യറിന്റെ ഫോൺ റിംഗ് ചെയ്തു. വർക്ക്ഷോപ്പിൽ നിന്നും എബിയാണ്. ബൈക്ക് റെഡിയായിട്ടുണ്ട്. വൈകുന്നേരം ഹോസ്പിറ്റലിൽ പോകുന്നതിനു മുമ്പ് അതെടുക്കണം എങ്കിലേ കാര്യങ്ങൾ വിചാരിച്ചപടി നടക്കൂ. വളവ് തിരിഞ്ഞു റോഡരുകിലെ കപ്പേളയിലേക്ക് കയറി മെഴുകുതിരി കത്തിച്ച് അയാൾ എന്നത്തേയും പോലെ പ്രാർത്ഥിച്ചു. 'മാതാവേ, എന്നും ഇതുപോലെ വന്ന് പ്രാർത്ഥിക്കാനുള്ള ആരോഗ്യം തരണേ'യെന്ന്.

സേവ്യറിന് കൂടിപ്പോയാൽ ഒരു നാല്പത് വയസ്സുകാണും. സുമുഖൻ, സൽഗുണ സമ്പന്നൻ... ആഴ്ചയിൽ ഒരിക്കലുള്ള ഡയാലിസിസ് ഒഴിച്ചാൽ ഈ ജീവിതം അയാളെന്തുകൊണ്ടും ആസ്വദിക്കുന്നു എന്ന് വേണമെങ്കിൽ പറയാം. കപ്പേള കഴിഞ്ഞുള്ള രണ്ടാമത്തെ വളവിലെ ആദ്യത്തെ ഹോട്ടലിലാണ് അയാൾ സീനിയർ ഷെഫ് ആയി ജോലിചെയ്യുന്നത്. ഡ്യൂട്ടിക്ക് കയറുമ്പോൾ സമയം ആറേ അൻപത്. പത്ത് മിനുട്ട് നേരത്തെയാണ്. ഫോണിലേക്ക് വന്ന ഇന്നത്തെ ഹോട്ടൽ മെനുവി

ലേക്ക് അയാൾ വെറുതെ ഒന്നു കണ്ണോടിച്ചു. നീണ്ട പത്ത് വർഷത്തെ സേവനം... അയാൾക്കതെല്ലാം ഹൃദ്യസ്ഥമായിരുന്നു. ഡ്രസ്സിംഗ് റൂമിൽ കയറി വെളുത്ത കോട്ടൺ ബനിയനും, ഓവർക്കോട്ടും, പാന്റും എടുത്തിട്ടു. ഏപ്രൻ ധരിച്ച് തലയിലിടാനുള്ള തൊപ്പി കയ്യിൽക്കരുതി അടുക്കളയിലേക്ക് നടന്നു.

''സേവ്യറച്ചായോ...''

അൻവർ. പുതിയ പയ്യനാണ്.

''ആ, നീയോ.''

''അച്ചായനെപ്പളാ ആശൂത്രിപ്പോന്നേ?''

''വൈകുന്നേരം നാലിനാണ്. ഡ്യൂട്ടി കഴിഞ്ഞ പാടേ ഇറങ്ങണം. നേരത്തേ പോയോണ്ട് ഒന്നാമത്തെ ടോക്കൺ തന്നെ കിട്ടി.''

''നാളെ ലീവാണോ?''

''ല്ലാ. പ്പന്താന്നറീല്ല കൊറച്ചൂസായിട്ട് വല്ലാത്ത ക്ഷീണാ.''

''ആ പിന്നേ, നെന്റെ വാടക വീടിന്റെ കാര്യം ഞാ ശെര്യാക്കീറ്റ്ണ്ട്. മറ്റന്നാള് ഉച്ചയ്ക്ക് മ്മക്കങ്ങോട്ടു പൂആം ന്തേ?.''

ശരിയെന്ന് ചിരിച്ചുകൊണ്ട് അൻവർ തലകുലുക്കി.

ഇന്ന് വെള്ളിയാഴ്ച. മട്ടൻ കൊണ്ടുള്ള സ്പെഷ്യലുകളാണ് അയാൾക്ക് തയ്യാറാക്കേണ്ടിയിരുന്നത്. എത്ര വർഷത്തെ എക്സ്പീരിയൻസുണ്ടെങ്കിലും അമ്മച്ചീടെ കയ്പ്പുണ്യത്തോളം വരില്ലായിരുന്നു അയാളുടെ ഒരു കറിയും.

ഫ്രീസറിൽ നിന്നും മട്ടനിറക്കിവെച്ച് അയാൾ പച്ചക്കറികളരിയാൻ തുടങ്ങി. പതിവുപോലെ അയാളുടെ പാചക കസർത്തുകളിലേക്ക് കണ്ണും നട്ട് ദിനേശനിരിപ്പുണ്ടായിരുന്നു. അയാളവിടെ വരുന്നതിനും എത്രയോ മുമ്പേ ദിനേശനവിടെ സ്ഥാനം പിടിച്ചതായിരുന്നു. മൂപ്പരിപ്പഴും പാത്രം കഴുകുന്ന ജോലി തന്നെയാണെന്ന് മാത്രം.

''അച്ചായന്റെ മട്ടൻ സൂപ്പിനെ വെല്ലാൻ ഈ ഏരിയയിൽ വേറെ ഷെഫുമാരൊന്നുമില്ല.'' ദിനേശൻ ഉറക്കെപ്പറഞ്ഞു.

''ദിനേശനിന്നെന്തോ കാര്യം സാധിക്കാനുണ്ടെന്ന് തോന്നുന്നല്ലോ.'' സേവ്യർ ചിരിച്ചുകൊണ്ട് പറഞ്ഞു.

''കാര്യൂണ്ടെന്ന് കൂട്ടിക്കോ.'' ദിനേശൻ പതുക്കെ ചിരിച്ചു.

''ഇച്ചായാ ഞാനെന്റെയാ പതിനഞ്ച് സെന്റ് വിൽക്കാൻ തീരുമാനിച്ചു. നിങ്ങള് പറ്റ്യോരു പാർട്ടീന ഒപ്പിച്ചു തരണം.''

''നോക്കട്ടെ.''

''ആ പിന്നേ, നിങ്ങളേന്ന് ഞാവാങ്ങിയ ആ ആയിരൂല്ലേ അത് നാളേക്കേ ഒപ്പിക്കാമ്പറ്റൂ. സാലറി കിട്ടാണ്ട് ഒരു രക്ഷ്യൂല്ല.''

''നിയ്യ് കിട്ടുമ്പോത്താടാ. ന്തായാലും ഈ രാത്രീന്നെ നീയെബേടേക്കും നാടുവിടാനൊന്നും പോണില്ലെന്നെനിക്കറിയാം.''

ദിനേശൻ പതുക്കെ ചിരിച്ചു.

അന്നേരമാണയാൾ സിബിച്ചനെ വിളിക്കാനോർത്തത്. ഫോണെടുത്ത് അയാളുടെ നമ്പർ ഡയൽ ചെയ്തെങ്കിലും അത് സ്വിച്ചോഫായിരുന്നു. വൈകുന്നേരത്തേക്കുള്ള ഡയാലിസിസിനുള്ള പണത്തിന്റെ പകുതിയേ കയ്യിലുള്ളു. ബാക്കി വരുന്ന തുക ഉച്ചയ്ക്ക് ഒരുമണിക്കെത്തിക്കാമെന്നാണ് സിബിച്ചൻ പറഞ്ഞിട്ടുള്ളത്. സ്ഥലം കച്ചോടാകുന്നതുവരെ ദിവസേന വിളിക്കുന്ന പുള്ളിയാ. ഉച്ചയ്ക്ക് രണ്ടര കഴിഞ്ഞാണ് സിബിച്ചൻ അയാളെക്കാണാൻ ഹോട്ടലിലെത്തിയത്.



''ഒരു മണികഴിഞ്ഞപ്പോൾ ഞാങ്കരുതി നീ മുങ്ങിക്കാണുമെന്ന്.''

സേവ്യർ ഒരല്പം ദേഷ്യത്തോടെയാണ് സംസാരിച്ചത്.

''നീ ചൂടാകാതെ, കാശ് തിരിമറിയാക്കാൻ ലേശം വൈകിപ്പോയി.''

സേവ്യർ പിന്നെയും എന്തൊക്കെയോ മുറുമുറുത്തു. ദേഷ്യം വന്നാൽ അയാളങ്ങനെയാണ് പിന്നെന്തൊക്കെയാ പറയുകയെന്നോ ചെയ്യുകയെന്നോ നിശ്ചയമുണ്ടാകില്ല.

വൈകുന്നേരം ബൈക്കെടുത്ത് വീട്ടിലേക്ക് തിരിക്കുമ്പോൾ എന്നത്തേയും പോലെ അയാളുടെ മനസ്സ് ശാന്തമായിരുന്നു. വീട്ടിലെത്തി കുളിച്ചു. അമ്മച്ചിയുടെ കയ്യോണ്ടൊരു കട്ടൻചായ. നീണ്ട മൂന്നു വർഷത്തെ പതിവാണത്. ചൂടു ചായയ്ക്കൊപ്പം മൊരിഞ്ഞ പക്കാവട കഴിക്കുമ്പോൾ എന്നത്തേയും പോലെ അയാളുടെ കണ്ണുകൾ ഈറനായി.

മഴക്കോളുള്ളതുകൊണ്ട് വണ്ടി വേഗത്തിലാണ് വിട്ടത്. കൃത്യം നാലിനു തന്നെ ഹോസ്പിറ്റലിൽ എത്തി. പതിവു പാലെ അയാളുടെ കാര്യങ്ങൾ ലക്ഷ്മി സിസ്റ്ററാണ് കൈകാര്യം ചെയ്തത്. നീണ്ട നാലു മണിക്കൂർ നേരത്തെ ഡയാലിസിസിന് ശേഷം മടങ്ങാനിരിക്കെ ഡോക്ടർ അയാളെ ക്യാമ്പിനിലേക്ക് വിളിപ്പിച്ചു.

''സീ മിസ്റ്റർ സേവ്യർ നിങ്ങളുടെ കണ്ടീഷൻ കുറച്ചു കൂടി സീരിയസ്സായി വരികയാണ്. ആഴ്ചയിൽ ഒരുപ്രാവശ്യം എന്നുള്ളത് രണ്ട് തവണയിലേക്ക് മാറ്റേണ്ടിയിരിക്കുന്നു.''

''ചെയ്യാം ഡോക്ടർ.''

ചെറുപുഞ്ചിരിയോടെ പുറത്തേക്കിറങ്ങിയ അയാൾ ഡോക്ടർക്ക് ഒരു അത്ഭുതമായിരുന്നു.

വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ തട്ടുകടയിൽ കയറി ഒരു മുട്ട പുഴുങ്ങിയതും കട്ടൻ ചായയും കഴിക്കുമ്പഴാണ് നാല് വയസ്സു തോന്നിക്കുന്ന ഒരാൺ കുട്ടി അയാളുടെ അടുത്തേക്ക് ഓടി വന്നത്. അനുസരണയില്ലാതെ അവിടമാകെ ഓടിനടന്നതിന് അവനെ വഴക്കു പറഞ്ഞുകൊണ്ട് അമ്മയും പിന്നാലെയുണ്ട്. പിറകിലേക്ക് തിരിഞ്ഞു നോക്കിക്കൊണ്ട് ഓടി വന്ന് അവൻ അയാളുടെ രണ്ടു കാൽമുട്ടുകളേയും ചേർത്ത് കെട്ടിപ്പിടിച്ചു. ഒരു നിമിഷം എന്തു ചെയ്യണമെന്നറിയാതെ അയാൾ പകച്ചു നിന്നു.

''എനിക്കതു വേണം.''

അവനയാളുടെ പ്ലേറ്റിലേക്ക് നോക്കി നുണച്ചു. ചിരിച്ചു കൊണ്ടയാൾ അവനെ കയ്യിലെടുത്തു.

''അയ്യോ ക്ഷമിക്കണേ അവന് വല്ല്യ കുറുമ്പാ.''

അതും പറഞ്ഞ് ആ സ്ത്രീ അയാളുടെ മുഖത്തേക്കു നോക്കി.

''ഇച്ചായൻ...''

അവളറിയാതെ ചുണ്ടുകൾ ചലിച്ചു.



''സനിത ആകെ മാറിയിരിക്കുന്നു.''

അയാൾ പതുക്കെപ്പറഞ്ഞു.

മഞ്ഞയിൽ ചുവപ്പു ബോർഡറുള്ള ഒരു സാരിയായിരുന്നു അവളുടെ വേഷം. നീണ്ടു വിടർന്ന കണ്ണുകളിൽ കരിമഷിക്ക് പകരം മറ്റെന്തോ ആണ് ഇട്ടിരുന്നത്. മുടിയുടെ നീളം കുറച്ച് പകുത്തെടുത്തു രണ്ട് ചുമലുകളിലുമായി ഇട്ടിരിക്കുന്നു.

ചിരിച്ചുകൊണ്ടയാൾ മറ്റൊരു മുട്ടയ്ക്ക് കൂടിപ്പറഞ്ഞു.

അയാളിരുന്നതിന്റെ തൊട്ടടുത്ത് കുഞ്ഞിനെപ്പിടിച്ചിരുത്തി മടിയിൽ പ്ലേറ്റ് വച്ചു കൊടുക്കുമ്പോൾ സേവ്യർ എന്തെന്നില്ലാത്ത സന്തോഷത്തിലായിരുന്നു.

''ഇച്ചായന് പെൺകുഞ്ഞുങ്ങളെയാണോ ആൺകുഞ്ഞുങ്ങളെയാണോ കൂടുതലിഷ്ടം?''

കടൽക്കരയിൽ അയാളുടെ മടിയിൽ തലവെച്ച് കിടക്കുമ്പോൾ സനിത ചിരിച്ചു കൊണ്ട് ചോദിച്ചു.

''അങ്ങനൊന്നുമില്ല.''

അയാൾ കണ്ണുകളിറുക്കി.

''എങ്കീ എനിക്കൊരാൺ കുഞ്ഞിനെ മതി. സേവ്യറിനെപ്പോലെ എപ്പഴും ചിരിക്കുന്ന വിരിഞ്ഞ നെറ്റിത്തടവും കുസൃതിക്കണ്ണുകളുമുള്ള ഒരാൺ



കുഞ്ഞിനെ.''

അതും പറഞ്ഞ് അവളുറക്കെ ചിരിച്ചു. ആ ചിരി ഇപ്പഴും അയാളുടെ കാതിൽ മുഴങ്ങുന്നുണ്ടായിരുന്നു.

''കല്ല്യാണമൊന്നു കഴിയട്ടേ ആദ്യം ഞാൻ നിന്റെയീ നീണ്ട മുടി മുറിച്ച് തോളറ്റം വരെയാക്കും.'' അയാൾ കപടഗൗരവത്തിലതു പറയുമ്പോൾ അവൾ കെറുവയ്ക്കുമായിരുന്നു. അതു കാണാൻ അയാൾക്ക് വലിയ ഇഷ്ടമായിരുന്നു.

''എവിടെപ്പോയതാ?''

പെട്ടെന്നുള്ള സനിതയുടെ ചോദ്യം അയാളെ ഓർമ്മകളിൽ നിന്നും മടക്കികൊണ്ടു വന്നു.

''ഞാൻ... ഞാൻ ഹോസ്പിറ്റലിൽ, ഡയാലിസിസിന്.''

അവൾ പിന്നൊന്നും ചോദിച്ചില്ല. അവളുടെ മൗനം അയാളെ വല്ലാതെ അലോസരപ്പെടുത്തി.

തെല്ലിട കഴിഞ്ഞാണ് ഒരല്പം പരുക്കനെന്നു തോന്നുന്ന ഒരാൾ അങ്ങോട്ടേക്ക് നടന്നു വന്നത്. ഏറിയാൽ അയാൾക്കൊരു മുപ്പത്തഞ്ചു വയസ്സു കാണും. കറുപ്പിൽ ചുവപ്പു വരകളുള്ള ഷേട്ടും ക്രീം കളർ പാന്റുമായിരുന്നു അയാളുടെ വേഷം. കയ്യിലെ തിളങ്ങുന്ന ബ്രെയ്സ്ലെറ്റ് അയാളൊരു ധനാഢ്യനാണെന്ന് വിളിച്ചോതുന്നുണ്ടായിരുന്നു.

''ഇവനൊരു കുറുമ്പനാ.''

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു.

''ഞാൻ സേവ്യർ. ഇവിടടുത്തൊരു ഹോട്ടലിൽ ചീഫ് ഷെഫാ.''

അയാളും സ്വയം പരിചയപ്പെടുത്തി. കുറച്ചെന്തൊക്കെയോ സംസാരിച്ചു. സനിത തലതാഴ്ത്തി നിന്നതല്ലാതെ ഒന്നും മിണ്ടിയില്ല.

യാത്ര പറഞ്ഞിറങ്ങുമ്പോൾ അയാൾക്ക് തെല്ലും സങ്കടം തോന്നിയില്ല. അന്നേരം കൺകോണിലൂറിയ നോവിന്റെ ഇത്തിരി നനവ് അയാളിൽ നിന്നൊളിപ്പിക്കാൻ സനിത പാടുപെടുകയായിരുന്നു.

വഴിയിലുടനീളം അയാൾ ചൂളം വിളിച്ചുകൊണ്ടിരുന്നു. ജീവിതം ആസ്വദിക്കണം, ഒന്നിലും തട്ടിത്തടഞ്ഞു നിൽക്കാതെ ഒരു പുഴ പോലെ ഒഴുകണം. മരണം ആർക്കു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും വരാം...

പതിനഞ്ചു വർഷം നീണ്ടുനിന്ന മനോഹരമായൊരു പ്രണയമായിരുന്നു അത്. ജാതിയുടേയും മതത്തിന്റേയും അതിർവരമ്പുകൾ ഭേദിച്ചുകൊണ്ടുള്ള അനശ്വര പ്രണയം. മാംസനിബന്ധമല്ലാത്ത നിഷ്കളങ്കമായ പ്രണയം... അയാളുടെ മുപ്പതാമത്തെ വയസ്സിൽ രണ്ട് വൃക്കകളും പ്രവർത്തനരഹിതമാകുന്നതുവരെ, അതുവരെ മാത്രം അയാളവൾക്ക് വാഗ്ദാനങ്ങൾ നൽകി. അന്നുവരെ മാത്രം കൂടെക്കൂട്ടാമെന്നുള്ള പതിവു പല്ലവികൾ ആവർത്തിച്ചുകൊണ്ടേയിരുന്നു. ദൈവം കണ്ണടച്ച ആ നിമിഷം വരെ അവളയാൾക്ക് സ്വന്തമായിരുന്നു.

ആശുപത്രിയിൽ അയാളുടെ കൈപിടിച്ച് പുറത്തിറങ്ങുമ്പോൾ ഇച്ചായനെ വിട്ട് എങ്ങോട്ടേക്കുമില്ലെന്ന് അവൾ കരഞ്ഞു പറഞ്ഞതായിരുന്നു. എനിക്ക് ജീവിക്കണം സ്വതന്ത്രമായി... ഭാരമില്ലാതെ പറക്കണം... നീ അതിനൊരു തടസ്സമാകരുതെന്ന് പറഞ്ഞപ്പോൾ അവൾ പിന്തിരിഞ്ഞു നോക്കാതെ ഓടിപ്പോവുകയായിരുന്നു. നീണ്ട പത്തു വർഷ

ങ്ങൾക്ക് ശേഷം വീണ്ടുമവളെക്കാണുകയാണ്..

ഏറെ സന്തോഷത്തോടെ അന്നയാൾ തെരുവിലൂടെ വണ്ടിയോടിച്ചു. നഗരം ശാന്തമായി ഉറങ്ങുകയായിരുന്നു. മുനിഞ്ഞു കത്തുന്ന തെരുവുവിളക്കുകളുടെ മഞ്ഞവെളിച്ചത്തിലൂടെ അയാൾ പുലരും വരെ ബൈക്കോടിച്ചു. പതുക്കെ വന്ന മഴച്ചാറലിൽ അയാൾ നനഞ്ഞു. മഴവെള്ളത്തിലാദ്യമായിറങ്ങുന്ന കുഞ്ഞിനേപ്പോലെ അയാളാർത്തുവിളിച്ചു... പുലർച്ചെ മഴനനഞ്ഞാണ് അയാൾ വീട്ടിലെത്തിയത്. ആധിയോടെ കാത്തിരുന്ന അമ്മച്ചിക്ക് ഒരു ചെറുചിരി സമ്മാനിച്ച് അകത്തേക്ക് നടക്കുമ്പോൾ അയാളേറ്റവും സന്തുഷ്ടനായിരുന്നു.

''ന്റെ സേവ്യറേ, നീയ്യാകെ നനഞ്ഞൂല്ലോ.''

അമ്മച്ചി സങ്കടത്തിന്റെ കെട്ടഴിച്ചിടുകയാണ്.

''നീയെന്തെ ന്നെപ്പറ്റി ഓർക്കാത്തേ? നെനക്കെന്തേലും പറ്റിയാ അമ്മച്ചിക്ക് പിന്നാരാ ഉള്ളേ?''

''അതിനും മാത്രം ഞാനിപ്പെന്താ ചെയ്തേ?''

അയാൾ വെറുതെ ഒച്ചവെച്ചു.

''ഇക്കറീലെന്റെ മാതാവേ ഇച്ചെക്കനിതെന്തും ബാവിച്ചോണ്ടാണെന്ന്. നെനക്കൊറക്കൊഴിയാമ്പാടില്ലാലോ, അതും പോരാണ്ട് മഴയും നനഞ്ഞ് വന്നേക്കുവാ.''

അമ്മച്ചി നീട്ടിപ്പിടിച്ച തോർത്തു വാങ്ങി പതുക്കെ അയാൾ തല തോർത്തി.

''അമ്മച്ചീ...''

അയാൾ പതുക്കെ വിളിച്ചു.

ഏറ്റവും ആർദ്രമായി.

''ഞാനിന്നലെ മ്മടെ സനിതേ കണ്ടമ്മച്ചീ.''

പെട്ടെന്ന് അവരുടെ കുറീയ കണ്ണുകൾ വികസിക്കുന്നതയാൾ കണ്ടു.

''ഓളൊറ്റക്കാ?''


''അല്ല ഭർത്താവും കുട്ടീം ഒക്കീണ്ടാർന്നു.''

പിന്നീടവരൊന്നും ചോദിച്ചില്ല. അടുക്കളയിലേക്ക് തിടുക്കപ്പെട്ട് നടക്കുമ്പോൾ നനഞ്ഞ കണ്ണുകൾ ഉടുമുണ്ടുകൊണ്ട് തുടയ്ക്കുന്നതയാൾക്ക് കാണാമായിരുന്നു.

മുകളിലേക്കുള്ള പടിക്കെട്ടുകൾ കയറവേ പ്രാർത്ഥനാ മുറിയിൽ കർത്താവ് കുരിശിനു മുകളിൽ കിടന്ന് അയാളെ എത്തിനോക്കുന്നുണ്ടായിരുന്നു...

ആ ആഴ്ചയിലെ രണ്ടാമത്തെ ഡയാലിസിസിന് ശേഷം അയാളാകെ ക്ഷീണിച്ച മട്ടായിരുന്നു. രാത്രിയിൽ ഇടയ്ക്കിടേ വരുന്ന പനി അതിന് ആക്കം കൂട്ടി കൊണ്ടിരുന്നു. ദിവസം കഴിയുന്തോറും പനി കൂടി വരികയായിരുന്നു. വിട്ടുമാറാത്ത പനി ന്യൂമോണിയയിലേക്ക് വഴിമാറിയപ്പോൾ അയാൾ തളർന്നു പോയിരുന്നു. നീണ്ട ഒരാഴ്ചത്തെ ആശുപത്രിവാസം സേവ്യറിന്റെ ഓർമ്മകളെ മങ്ങലേൽപ്പിച്ചു കൊണ്ടിരുന്നു. അയാളുടെ ആത്മവിശ്വാസത്തെ തകർത്തെറിഞ്ഞു കൊണ്ട് രോഗം ആ ശരീരത്തിലേക്ക് ആഴ്ന്നിറങ്ങി. അന്നൊരു വെള്ളിയാഴ്ചയായിരുന്നു ഓർമ്മകൾക്ക് മങ്ങലേറ്റു പോയ ആ ദിവസത്തിന്റെ ഏതോ ഒരു യാമത്തിൽ ജനിമൃതിയുടെ കാണിച്ചരടിൽ അയാളും കുരുങ്ങിപ്പോയിരുന്നു...

ചിലപ്പോൾ ദൈവം അങ്ങനെയാണ് ചില നേരങ്ങളിൽ നമ്മളെ നോക്കി കണ്ണുകളടയ്ക്കും...



# കേളി സഹായഹസ്തം




Samskara
PARIPPALLY
REG: NO. Q 716/97
RECEIPT
No. 795 M. No. Date 10/11/2015
Received with thanks from KELI ARTS, EAST HAM LONDON
a sum of Rupees TWETY FIVE THOUSAND only
by Cash / Cheque / DD / towards (SNEHA SPARSAM)

| | Rs. | Ps |
|---|---|---|
| Member ship fee | | |
| Subscription | | |
| Donation | | |
| Arrear | 25,000 | — |
| Other item | | |
| TOTAL | 25,000 | — |

President Secretary Treasurer


12 വർത്തമാനം
കരൾ ചുരുങ്ങുന്നു: അരുൺരാജ് ചികിത്സാ സഹായം തേടുന്നു
• നാട്ടുവർത്തമാനം •
മകന് കരൾ നൽകാൻ അമ്മയുണ്ട് പക്ഷ ശസ്ത്രക്രിയയ്ക്ക് പണമില്ല





കേളി സംഘടിപ്പിയ്ക്കുന്ന കേരളപ്പിറവിയാഘോഷം തികച്ചും സൗജന്യമായിട്ടാണ് നടത്തിവരാറുള്ളത്. എന്നാൽ അഭ്യുദയകാംഷികൾ നൽകുന്ന സംഭാവനയിൽ നിന്നും നാട്ടിൽ അർഹതപ്പെട്ടവർക്ക് ഏകദേശം 1,89000 രൂപ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. അതിലെ ചില നിമിഷങ്ങൾ.

## Word search

Nidhi Sasikumar

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Y | K | P | Q | K | W | A | M | N | G | E | O | E | E | H | B |
| H | A | M | W | U | D | A | K | H | K | G | N | E | D | C | V |
| P | T | J | T | M | O | H | I | N | I | Y | A | T | T | A | M |
| K | H | U | V | M | R | D | F | B | K | M | M | N | G | T | A |
| G | A | Y | X | A | F | Q | N | B | T | N | X | A | Z | F | H |
| V | K | H | C | A | G | G | A | T | H | A | M | Y | H | J | T |
| B | A | N | T | T | R | E | T | B | I | P | N | T | P | N | E |
| Q | L | J | N | I | W | E | R | B | R | Y | V | G | K | B | E |
| A | I | T | M | K | E | L | I | N | U | H | D | N | M | G | G |
| Z | G | G | J | A | T | R | H | Y | V | F | E | D | Y | T | N |
| D | Y | M | Y | L | H | V | T | B | T | S | Q | U | O | M | A |
| F | B | G | T | I | N | F | H | E | H | V | E | T | H | E | S |
| K | M | P | E | Q | M | R | E | G | I | F | T | T | B | W | A |
| A | P | A | C | S | G | B | Y | W | R | D | P | A | F | G | N |
| L | O | N | A | C | Q | G | Y | F | A | J | I | P | D | D | A |
| A | K | C | A | S | S | T | T | J | K | Y | Y | N | C | C | P |
| R | N | H | Q | P | X | N | A | B | A | T | R | A | B | V | O |
| I | B | A | W | U | C | H | M | V | L | E | B | V | T | R | S |
| P | E | V | D | L | F | Y | G | H | I | J | J | U | E | S | N |
| A | F | A | F | L | R | M | U | U | E | Q | H | L | D | Y | B |
| Y | B | D | G | I | Y | J | A | T | H | U | L | L | A | L | F |
| A | N | Y | Y | K | P | U | G | V | N | G | Y | U | T | R | E |
| T | I | M | U | A | L | I | R | T | E | Q | R | P | G | D | S |
| T | T | N | J | L | I | L | C | G | R | I | F | W | B | K | Y |
| U | D | B | N | I | O | P | T | T | O | P | P | A | N | A | O |

1. Pulikali
2. Sopanageetham
3. Kumatti Kali
4. Pulluvan Pattu
5. Mohiniyattam
6. Kathakali
7. Thiruvathirakali
8. Keli
9. Atham
10. Oppana
11. Kalaripayattu
12. Onam
13. Thullal
14. Theyyam
15. Panchavadam

# കേരളപ്പിറവി
# 2008




















# കേരളപ്പിറവി 2009





























# കേരളപ്പിറവി 2010



















# കേരളപ്പിറവി
# 2011





















# കേരളപ്പിറവി
# 2012










# കേരളപ്പിറവി
# 2013
























# കേരളപ്പിറവി 2014















# കേരളപ്പിറവി
# 2015























# കേരളപ്പിറവി 2016












# കേരളപ്പിറവി
# 2017




























## വാർധക്യത്തിലെ ഏകാന്തത
## സെമിനാർ









# സ്മൃതിസന്ധ്യ


















# സ്മൃതിസന്ധ്യ























# ഹർഷബാഷ്പം



ഹർഷബാഷ്പം
02-02-2025 SUNDAY 5 PM SREE NARAYANA GURU MISSION
16 BARKING ROAD EAST HAM, LONDON E6 3BP
ഏവർക്കും സ്വാഗതം




കേളി






കേളി




കേളി








# സദസ്സ്






















കെ.സി. അശോക് കുമാർ



# വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിൽ അധ്യാപകരുടെ പങ്ക്

**ഈ** വിഷയം അവതരിപ്പിക്കാൻ ഉണ്ടായ സാഹചര്യം ആദ്യമായി പറയട്ടെ. എന്റെ അച്ഛൻ തിരുവനന്തപുരത്തെ സ്കൂൾ ഓഫ് ആർട്സിൽ നിന്നും യോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ശേഷം തിരുവിതാംകൂർ സർക്കാരിന്റെ കീഴിൽ 1947 മുമ്പ് ഔദ്യോഗിക ജീവിതം തുടങ്ങിയ വ്യക്തിയായിരുന്നു. ഞാൻ ബി.എഡ് നേടിയ ശേഷം പത്ത് വർഷം കേരള സർക്കാരിന്റെ സ്കൂളുകളിൽ അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്തു സ്കൂൾ യുവജനോത്സവത്തിൽ ഏറ്റവും കൂടുതൽ സമ്മാനങ്ങൾ നേടിയിരുന്ന പാലക്കാട് ജില്ലയിലെ ഗവൺമെന്റ് മോയൻ മോഡൽ സ്കൂൾ ആയിരുന്നു എന്റെ പ്രവൃത്തിമണ്ഡലം. അവിടത്തെ അധ്യാപന ജീവിതം എന്റെ കലാവാസനകളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ സമഗ്രമായ വളർച്ചയ്ക്ക് പുസ്തകത്തിൽ നിന്നുള്ള അറിവും മാത്രം പോരാ. എന്റെ മുൻകാല അധ്യാപന ജീവിതത്തിന്റെ പശ്ചാത്തലത്തിൽ, ഇക്കാര്യത്തിൽ അധ്യാപകരുടെ പങ്കെന്താണ് എന്ന് ഇവിടെ അന്വേഷിക്കുകയാണ്.

അധ്യാപകർ കുട്ടികളുടെ സമഗ്ര വികസനത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. അവർ അക്കാദമിക് അറിവ് മാത്രം പകരുന്നതല്ല, സാമൂഹിക, മാനസിക, നൈതിക വളർച്ചയും പരിപോഷിപ്പിക്കുന്നു. പിന്തു



ണയും ഉൾക്കൊള്ളലും നിറഞ്ഞ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ, അധ്യാപകർ കൗതുകം, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാര കഴിവുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. ഇത് ബൗദ്ധിക വികസനത്തെ ശക്തിപ്പെടുത്തുന്നു. അതേസമയം, കൂട്ടായ പ്രവർത്തനം, കരുണ, ആശയവിനിമയം എന്നിവയിൽ അവരുടെ മാർഗനിർദേശം കുട്ടികൾക്ക് നല്ല ബന്ധങ്ങളും മാനസിക പ്രതിരോധ ശേഷിയും വളർത്താൻ സഹായിക്കുന്നു. ആദരവ്, ഉത്തരവാദിത്തബോധം, സ്ഥിരത എന്നിവ പോലുള്ള മൂല്യങ്ങൾ മാതൃകയാക്കുന്ന അധ്യാപകർ, കുട്ടികളുടെ വ്യക്തിത്വനിർമ്മാണത്തെ സ്വാധീനിക്കുന്നു. ഇത്തരത്തിലുള്ള സമഗ്ര സമീപനത്തിലൂടെ, അധ്യാപകർ കുട്ടികളുടെ സമതുലിതമായ വളർച്ചയ്ക്കും, സ്കൂളിലും ജീവിതത്തിലും വിജയിക്കാൻ അവരെ തയ്യാറാക്കുന്നതിനും വലിയ സംഭാവന നൽകുന്നു.

**ജീവിത മാതൃകയായി അധ്യാപകൻ**

ഒരു മാതൃകയായ അധ്യാപകൻ, വിദ്യാർത്ഥികളുടെ സ്വഭാവത്തെയും മൂല്യങ്ങളെയും രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. കുട്ടികൾ അധ്യാപകർ പറയുന്നതിൽ നിന്ന് മാത്രമല്ല, അവർ എങ്ങനെ പെരുമാറുന്നു, ഇടപെടുന്നു, സാഹചര്യങ്ങളെ നേരിടുന്നു എന്നതിൽ നിന്നു കൂടി പഠിക്കുന്നു. അധ്യാപകർ സത്യസന്ധത, കരുണ, സഹിഷ്ണുത, നിയന്ത്രണം, ആദരവ് തുടങ്ങിയ ഗുണങ്ങൾ കാണിച്ചുതരുമ്പോൾ, വിദ്യാർത്ഥികൾക്കും അവയുടെ സ്വാധീനത്തിൽ അതേ പെരുമാറ്റങ്ങൾ സ്വന്തമായി സ്വീകരിക്കാൻ പ്രചോദനം ലഭിക്കുന്നു. ഉന്നതമായ സത്യനിഷ്ഠയും ഉത്തരവാദിത്തവും പ്രദർശിപ്പിക്കുന്നതിലൂടെ, അധ്യാപകർ കുട്ടികൾക്ക് ശക്തമായ നൈതിക മൂല്യങ്ങളും ഒരു പോസിറ്റീവ് ദൃഷ്ടികോണവും വളർത്താൻ സഹായിക്കുന്നു. ഇങ്ങനെ, ഒരു അധ്യാപകൻ വെറും അറിവ് പകരുന്നയാളല്ല, മറിച്ച് ഒരു മാർഗദർശിയും, ഉപദേശകനും, വിദ്യാർത്ഥികൾ ഭാവിയിൽ ആയിത്തീരാൻ ആഗ്രഹിക്കുന്ന വ്യക്തിത്വത്തിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണവുമാണ്.








**വി. മുരളീധരൻ**

# എന്റെ ലണ്ടൻ സ്വപ്നം

**1971** കാലം. ഞാൻ ശിവഗിരി സ്കൂളിൽ ആറാം ക്ലാസിൽ പഠിക്കുകയാണ്. നാടകാഭിനയം എന്റെ സിരകളിൽ ഉണ്ടായിരുന്നതുകൊണ്ടാവാം സ്കൂൾ കലോത്സവത്തിൽ 'ചിറകറ്റ മാലാഖ' എന്ന ഏകാങ്ക നാടകത്തിൽ ഞാൻ അഭിനയിച്ചത്. ആശാൻ മെമ്മോറിയൽ സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ സംവിധാനസഹായിയായി പ്രവർത്തിക്കുകയും, പ്രധാന വേഷം ചെയ്യുകയും അതിലൂടെ ബെസ്റ്റ് ആക്ടർ അവാർഡ് കിട്ടുകയും ചെയ്തു.

ഉള്ളിൽ നിറയെ നാടകാഭിനിവേശവും, കുറച്ചു വീട്ടുകാര്യങ്ങളും, ഏറ്റവും കുറച്ചു പഠിത്തവുമായി കഴിയുന്ന കാലത്താണ് അച്ഛൻ ലണ്ടനിൽ നിന്നും അവധിക്ക് വരികയും ലണ്ടൻ ജീവിതത്തെക്കുറിച്ച് വിവരിക്കുകയും ചെയ്തത്. നല്ല വൃത്തിയുള്ള സ്ഥലം, ഓഫീസുകളിൽ എല്ലാ കാര്യങ്ങളും കൃത്യമായും നിയമപരമായും നടക്കുന്നു, കൈക്കൂലി ഇല്ല, ഫാക്ടറികളിൽ ജോലി കിട്ടാൻ എളുപ്പം, ക്ലറിക്കൽ ജോലിയേക്കാളും ശമ്പളം, ഏത് ജോലി ചെയ്യുന്നവരോടും എല്ലാവർക്കും പരസ്പര ബഹുമാനം, പ്രൊഫഷണൽ ജോലി ചെയ്യുന്നവർക്കും ഓഫീസിലെ ഉയർന്ന ജോലി ചെയ്യുന്നവർക്കും മാത്രമേ ഫാക്ടറി ജോലി ചെയ്യുന്നവരെക്കാളും ശമ്പളമുള്ളൂ, വാഹനങ്ങൾ നിയമം പാലിച്ചാണ് ഓടിക്കുന്നത്, ഹോൺ അടിക്കാറേയില്ല, തണുപ്പ് അഞ്ചാറു മാസം കാഠിന്യമുള്ളതാണ്, മഞ്ഞു ചിലപ്പോൾ പെയ്യും, നടക്കുമ്പോൾ ചിലപ്പോൾ വീഴും, വെള്ളക്കാർ പൊതുവേ സ്നേഹത്തോടെയാണ് പെരുമാറുന്നത്, സമരങ്ങൾ വിരളം. അങ്ങനെ പോയി ആ വിവരണം.

ഒരു മാസം കഴിഞ്ഞ് അച്ഛൻ തിരികെ പോയി. എനിക്ക് മനസ്സ് നിറയെ ലണ്ടൻ മോഹം. ഞാൻ അച്ഛന് ഒരു കത്ത് എഴുതി. എനിക്കും ലണ്ടനിൽ വരണം!

പഠിച്ച് ഒരു ഡിഗ്രി എടുക്കുക, എന്നിട്ട് നമുക്ക് ആലോചിക്കാം എന്നായിരുന്നു അച്ഛന്റെ മറുപടി. നിരാശ തോന്നി. കുറെ കത്തുകൾക്ക് ശേഷം അച്ഛൻ സമ്മതം മൂളി.

എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ ആവില്ല. ഇനി പഠിക്കേണ്ടല്ലോ എന്നോർത്തപ്പോൾ സന്തോഷം വർദ്ധിച്ചു. എന്റെ മൂത്ത സഹോദരൻ ഗോപിദാസ് എം.ബി.ബി.എസിന് പഠിച്ചുകൊണ്ടിരിക്കുന്നത് കൊണ്ട് അമ്മയും ഞാനും ഇളയ സഹോദരൻ ഗിരിധരനും സഹോദരി അനിതയും കൂടി 1973 മെയ് മാസം ലണ്ടനിൽ എത്തി.

ലണ്ടൻ എയർപോർട്ടിലെത്തുമ്പോഴുള്ള കാര്യത്തെക്കുറിച്ച് എനിക്ക് വ്യാകുലത ഉണ്ടായിരുന്നു. ഇമിഗ്രേഷൻ, വൈദ്യപരിശോധന, കസ്റ്റംസ്

എന്നിവ തരണം ചെയ്യണം. കൂടാതെ അച്ഛൻ എയർപോർട്ടിൽ വന്നില്ലെങ്കിലോ എന്നൊക്കെ ഭയപ്പെട്ടു. അവിടെ എത്തിയപ്പോൾ എമിഗ്രേഷൻ ഓഫീസർ ചോദിച്ച ചോദ്യങ്ങൾക്ക് ഒരു വിധം മറുപടി പറഞ്ഞു. എല്ലാപേരുടെയും മെഡിക്കൽ ഫോം പൂരിപ്പിച്ചു. എല്ലാം കഴിഞ്ഞ് പെട്ടിയുമെടുത്ത് ഇറങ്ങിയപ്പോൾ അതാ അച്ഛൻ നിൽക്കുന്നു. അപ്പോഴാണ് ശ്വാസം നേരെ വീണത്. അച്ഛൻ ഞങ്ങളെയും കൂട്ടി ശ്രീ ദേവദാസപണിക്കരുടെ വീട്ടിലെത്തി. അദ്ദേഹം എന്റെ കൊച്ചപ്പൻ കൂടിയായിരുന്നു. അവരുടെ വീട്ടിൽ താമസിച്ചിരുന്ന കൃഷ്ണൻകുട്ടി അങ്കിൾ, ശ്രീരാമൻ അങ്കിൾ, നടരാജൻ അങ്കിൾ, രാജൻ അങ്കിൾ എന്നിവരെ മാറ്റി ഞങ്ങൾക്കായി രണ്ടു മുറികൾ തന്നു. കൊച്ചപ്പൻ ഒറ്റയ്ക്കായിരുന്നു അവിടെ താമസം. ഒരു മുറിയിൽ ശ്രീ. വക്കം ബാബു അണ്ണനും കുടുംബവും താമസിച്ചിരുന്നു. അച്ഛൻ കാര്യങ്ങളൊക്കെ വിശദീകരിച്ചു തന്നു. അന്ന് ഈസ്റ്റ്ഹാമിൽ എൽ.സി.എസ് എന്ന ഒരു വലിയ കടയുണ്ടായിരുന്നു. അവിടെ കൊണ്ടുപോയി ഞങ്ങൾക്ക് വസ്ത്രങ്ങളൊക്കെ വാങ്ങി തന്നു. ബാബു അണ്ണനും ഞാനും വലിയ കമ്പനിയായി. അണ്ണന്റെ കൂടെയാണ് ഞാൻ ഷോപ്പിങ്ങിനു പോയിരുന്നത്. അങ്ങനെ കടകളൊക്കെ മനസ്സിലാക്കി. ഒരു സേഫ് വേ സ്റ്റോർ, വുഡ് വേർത്ത്, ബ്രിട്ടീഷ് ഹോം സ്റ്റോർ, സി ആന്റ് എ എന്നിവയായിരുന്നു പ്രധാന കടകൾ. ഈ കടകൾ ഞായറാഴ്ച തുറക്കില്ലായിരുന്നു. ശനിയാഴ്ച അഞ്ചുമണി കഴിഞ്ഞാൽ ഈ കടകൾ അടയ്ക്കും. ശനിയാഴ്ച ദിവസമാണ് മിക്കവരും ഷോപ്പിങ്ങിനിറങ്ങുന്നത്. നാട്ടിലെ സാധനങ്ങൾ, പച്ചക്കറി, പൊടിവർഗ്ഗങ്ങൾ മുതലായവ കിട്ടുന്ന കടകൾ, കാതറിൻ റോഡിലെ കാശ്മീരി സ്റ്റോർ, മാഹിൽ സ്റ്റോർ, ബാർക്കിംഗ് റോഡിലെ ഒരു സ്റ്റോർ എന്നിവയായിരുന്നു. ചാക്കിലെ അരിയും ഉള്ളിയും മിക്കവാറും ഇവിടെ നിന്നായിരുന്നു വാങ്ങിയിരുന്നത്.

അന്ന് വളരെ കുറച്ചു മലയാളികളെ ലണ്ടനിൽ ഉണ്ടായിരുന്നുള്ളൂ. മിക്കവരും സിംഗപ്പൂരിൽ നിന്ന് വന്നവരായിരുന്നു. ഭൂരിഭാഗം പേരും താമസിച്ചിരുന്നത് ഈസ്റ്റ്ഹാമിൽ ആയിരുന്നു. നല്ലൊരു ഭാഗം കൊയിഡോണിലും വളരെ കുറച്ചുപേർ സൗത്താളിലും ഓക്സ്ഫോർഡിലും താമസിച്ചിരുന്നു. സ്വന്തമായി വീടുള്ളവർ വളരെ വിരളം. മിക്കവരും ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. നോർത്ത്




ഇന്ത്യൻസിന്റെ വീടുകളിൽ മുറി വാടകയ്ക്കെടുത്തു രണ്ടുപേർ ഒരു മുറിയിൽ എന്ന നിലയിലാണ് മിക്കവരും താമസിച്ചിരുന്നത്. കുടുംബമായി താമസിച്ചിരുന്നവർ വളരെ കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്. അടുക്കളയിൽ പ്രവേശനം നിശ്ചിത സമയം മാത്രം. അതുപോലെ ടോയ്‌ലറ്റിലും ബാത്റൂമിലും നിശ്ചിത സമയം മാത്രം. മിക്കവരും പബ്ലിക് ബാത്റൂമിൽ ആയിരിക്കും കുളിക്കുന്നത്. അതും ആഴ്ചയിൽ ഒരിക്കൽ മാത്രം. തുണി കഴുകാൻ മിക്ക വീടുകളിലും അനുവാദം ഇല്ലായിരുന്നു. പബ്ലിക്ക് ലോൺട്രികളായിരുന്നു ശരണം. വിസിറ്റേഴ്സിന് ചില വീടുകളിൽ പ്രവേശന അനുമതി ഇല്ലായിരുന്നു. ചില വീടുകളിൽ കുറഞ്ഞ സമയം അനുവദിച്ചിരുന്നു. അതും നിശബ്ദത പാലിക്കണം. കുടുംബമായി താമസിച്ചിരുന്ന ചിലർ പല പീഡനങ്ങളും അനുഭവിച്ചിരുന്നു. വാടകക്കാരുടെ സാധനങ്ങൾ വീട്ടുടമസ്ഥൻ വാരി റോഡിലെറിഞ്ഞിട്ടുണ്ട്. ഇവിടെയാണ് ശ്രീ. ദേവദാസ് പണിക്കരുടെ സാമൂഹിക സേവനം പലർക്കും അനുഗ്രഹമായത്. അദ്ദേഹം ഒരു ബസ് കണ്ടക്ടർ ആയിരുന്നു. അദ്ദേഹം ജോലി വിട്ടു വരുന്നതും കാത്ത് ആളുകൾ ക്യൂ നിൽക്കുമായിരുന്നു. അദ്ദേഹം വന്നു കഴിഞ്ഞാൽ ഓരോരുത്തരെയായി കാണുകയും അവരുടെ പ്രശ്നങ്ങൾ ആരായുകയും അതിനു പരിഹാരം കാണുകയും ചെയ്തിരുന്നു. നല്ലൊരു ടൈപ്പിസ്റ്റ് കൂടിയായിരുന്നു അദ്ദേഹം. സോഷ്യൽ സെക്യൂരിറ്റി, ടാക്സ് ഓഫീസ്, ഹൗസിംഗ്, ഹോം ഓഫീസ് മുതലായ വിഷയങ്ങളിൽ സഹായിക്കുക, നാട്ടിൽ നിന്നും ഫാമിലിയെ വരുത്തുന്നതിനുള്ള എഴുത്തുകുത്തുകൾ ചെയ്യുക, വിവാഹ വിസ ആപ്ലിക്കേഷൻ തയ്യാറാക്കുക എന്നിങ്ങനെയുള്ള വിഷയങ്ങളിൽ എല്ലാവരെയും സഹായിക്കുമായിരുന്നു.

വാടകയ്ക്ക് താമസിക്കുന്നവരുടെ പ്രശ്നപരിഹാ

രത്തിനു അദ്ദേഹം പോലീസുമായും ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ് എന്നീ ഭാഷകൾ നന്നായി സംസാരിക്കാനും എഴുതുവാൻ കഴിവുണ്ടായിരുന്നു. തമിഴിൽ ചിലർക്ക് നാട്ടിലേക്ക് കത്തുകൾ എഴുതി കൊടുത്തിരുന്നു. ഈ സേവനങ്ങൾക്ക് ഒന്നും അദ്ദേഹം പ്രതിഫലം വാങ്ങിയിരുന്നില്ല. സാം ട്രാവൽസിന്റെ ഒരു സബ് ഏജന്റ് കൂടിയായിരുന്നു അദ്ദേഹം. മിക്ക മലയാളികളും അദ്ദേഹത്തിൽ നിന്നായിരുന്നു ആദ്യകാലത്ത് ടിക്കറ്റുകൾ വാങ്ങിയിരുന്നത്. രണ്ടു വർഷം ആ വീട്ടിൽ ഞങ്ങൾ താമസിച്ചു, കൊച്ചച്ഛൻ ഇല്ലാത്തപ്പോൾ ഫോൺ അറ്റൻഡ് ചെയ്യുക, വരുന്നവരിൽ നിന്നും മെസ്സേജ് എടുക്കുക എന്നിവ എന്റെ ജോലിയായിരുന്നു. അന്നുള്ള മിക്ക മലയാളികളെയും എനിക്ക് പരിചയപ്പെടാൻ ഇത് ഒരു അവസരമായി. കൂടാതെ എന്റെ അച്ഛൻ ശ്രീ. വിദ്യാധരൻ സുപരിചിതനും ബഹുമാനിതനും ആയിരുന്നു. അതിനാൽ എന്നോട് എല്ലാവരും വളരെ സ്നേഹത്തോടുകൂടി പെരുമാറിയിരുന്നത്.

ആ സപ്തംബർ മാസത്തിൽ ഈസ്റ്റ്ഹാം കോളേജിൽ ഞാൻ ഇംഗ്ലീഷ് പഠിക്കാൻ ചേർന്നു. സുഹൃത്തായ സുഭാഷിന്റെ അച്ഛൻ സദാശിവൻ അങ്കിൾ എന്നെ എഡ്യുക്കേഷൻ ഓഫീസിൽ കൊണ്ടുപോയി സ്കൂൾ വെയ്റ്റിംഗ് ലിസ്റ്റിൽ ചേർത്തു. നവംബർ മാസത്തിൽ കാനിംഗ് ടൗണിലെ ട്രിനിറ്റി സ്കൂളിൽ അഡ്മിഷൻ കിട്ടി. ആദ്യത്തെ രണ്ട് മാസം എന്നെയും അതുപോലെ പുറംരാജ്യങ്ങളിൽ നിന്നും വന്ന മറ്റ് ഏഴ് കുട്ടികളെയും കൂടി ഒരു സ്പെഷ്യൽ ക്ലാസിൽ ഇരുത്തി. മിസ്റ്റർ സിവിൽ എന്ന ഇന്ത്യയിൽ ബ്രിട്ടീഷ് ആർമിയിൽ ജോലിയുണ്ടായിരുന്ന ടീച്ചർ എല്ലാ വിഷയങ്ങളുടെയും അടിസ്ഥാനങ്ങൾ പഠിപ്പിച്ചു. പഠിക്കാൻ യാതൊരു ഉദ്ദേശ്യവുമില്ലാതെ ലണ്ടനിൽ വന്ന ഞാൻ നാട്ടിൽ പഠിച്ചതെല്ലാം പാടെ മറന്നിരുന്നു. ജനുവരിയിൽ പ്രോപ്പർ ഫിഫ്ത്ത് ഫോം ക്ലാസിലേക്ക് മാറ്റി. ഞാൻ ശരിക്കും 'സ്ട്രഗിൾ' ചെയ്തു. കാരണം ഇവിടുത്തെ സിലബസും നാട്ടിൽ പഠിച്ചതും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. ജൂണിൽ സി.എസ്.ഇ പരീക്ഷ എഴുതി. ശരിക്കും 'ഒ' ലെവൽ ആണ് മിടുക്കരായ കുട്ടികൾ എഴുതുന്നത്. കണക്കിൽ ഗ്രേഡ് വൺ കിട്ടി. അടുത്തവർഷം സിക്സ്ത് ഫോമിൽ ചേർന്നു. ഒരു വർഷ 'ഒ' ലവൽ കോഴ്സ് ചെയ്തു. കണക്കിൽ



'എ' ഗ്രേഡ് കിട്ടി. പിന്നെ രണ്ടു വർഷത്തെ എ' ലവൽ കോഴ്സ് ചെയ്തു. പ്യൂയർ മാത്ത്സ് (pure maths) അപ്ലൈഡ് മാത്ത്സ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ പരീക്ഷ എഴുതി. ആദ്യ രണ്ട് വിഷയങ്ങളും 'എ' ഗ്രേഡോടു കൂടി പാസായി. ആ സ്കൂളിൽ ആദ്യമായാണ് അപ്ലൈഡ് മാത്ത്സിൽ ഒരു കുട്ടിക്ക് 'എ' ഗ്രേഡ് കിട്ടുന്നത്. തുടർപഠനത്തിന് ലോകപ്രശസ്തമായ ഇംപീരിയൽ കോളേജിൽ കണക്കിന് അഡ്മിഷൻ കിട്ടി. 1980ൽ കണക്കിൽ ഓണേഴ്സ് ബിരുദവും 81 ൽ യൂണിവേഴ്സിറ്റി കോളേജ് ലണ്ടനിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ എം.എസ്.സി ബിരുദവും നേടി. യു.സി.എലിലെ സെക്കൻഡ് എം.എസ്സി ബാച്ചിലായിരുന്നു ഞാൻ. പേഴ്സണൽ കമ്പ്യൂട്ടർ പോലും ഇല്ലാതിരുന്ന ഒരു കാലം!

ഞാൻ ലണ്ടനിൽ വന്ന കാലത്ത് രാത്രി പുറത്തുപോകുന്നത് വളരെ വിരളമായിരുന്നു. കാരണം വംശീയ ആക്രമണങ്ങൾ കൂടുതൽ ഉണ്ടായിരുന്ന കാലമായിരുന്നു അത്. ഇന്ത്യക്കാരെ കണ്ടാൽ ചില തല്ലിപ്പൊളി പിള്ളേർ പാക്കി എന്ന് വിളിക്കും. പല മലയാളികളും ഉപദ്രവങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. സ്കൂളുകൾ സുരക്ഷിതമല്ലായിരുന്നു. ഇന്ത്യക്കാർ മിക്കപ്പോഴും ഒരുമിച്ച് നിൽക്കുന്നതുകൊണ്ട് ഉപദ്രവങ്ങൾ കുറവായിരുന്നു. എങ്കിലും ഒറ്റയ്ക്ക് വെള്ളക്കാരുടെ ഗ്യാങ്ങിൽ പെട്ടാൽ പണി പാളും.

കൊച്ചപ്പന്റെ വീട്ടിൽ താമസിക്കുന്ന കാലത്ത് ഞാനും ബാബു അണ്ണനും ചേർന്ന് നാട്ടിൽ നിന്ന് കഥാപ്രസംഗങ്ങളും സിനിമാഗാനങ്ങളും വരുത്തുമായിരുന്നു. എന്റെ കസിൻ ശ്രീകുമാർ ആണ് പലപ്പോഴും അവ ശേഖരിച്ച് നാട്ടിൽ നിന്നും വരുന്നവരുടെ കയ്യിൽ കൊടുത്തുവിട്ടിരുന്നത്. ഞങ്ങൾ സൗജന്യമായി പകർത്തി മലയാളികൾക്ക്

കൊടുക്കുമായിരുന്നു. അവർക്ക് വിശ്രമസമയങ്ങളിലെ പ്രധാന വിനോദം ആയിരുന്നു ഇത്. രണ്ടുമൂന്നു വർഷങ്ങൾ കഴിഞ്ഞപ്പോൾ പലരും കുടുംബങ്ങളെ വരുത്തുവാൻ തുടങ്ങി. ചിലർ വീടു വാങ്ങാൻ തുടങ്ങി. ഞങ്ങൾ വന്ന കാലത്ത് വീടിന് വില ഏകദേശം 8500 പൗണ്ട് ആയിരുന്നു. ആ കാലത്ത് കുട്ടികൾക്ക് ട്യൂഷൻ നൽകാൻ ആരും ഉണ്ടായിരുന്നില്ല. ആദ്യം മുതലെ എന്റെ സഹോദരൻ ഗിരിധറിനെയും സുഭാഷിനെയും ഞാൻ കണക്കു പഠിപ്പിക്കുമായിരുന്നു. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന സമയം മുതൽ കൂടുതൽ കുട്ടികളെ ചർച്ചിലെ മുറികൾ വാടകയ്ക്കെടുത്ത് ഞാനും ശ്രീ. രവീന്ദ്രനും ശ്രീ. അനിൽ ആനന്ദനും പഠിപ്പിക്കുമായിരുന്നു. ഞാൻ 'എ' ലവൽ വരെ പഠിപ്പിച്ചു. കൂടാതെ വാരാന്ത്യങ്ങളിലും ക്ലാസ്സെടുത്തു. ഞാൻ പഠിപ്പിച്ചവരിൽ മിക്കവരും ബിരുദധാരികൾ ആയിത്തീർന്നതിൽ അഭിമാനിക്കുന്നു.

ഞാൻ വന്ന കാലത്ത് മിക്ക മലയാളികളും ഫോർഡ്, ടി.സി.എൽ, പോർട്ട് ലാൻഡ് എന്നീ കമ്പനികളിലായിരുന്നു ജോലി ചെയ്തിരുന്നത്. പഠിക്കുന്ന കാലത്ത് എനിക്ക് സോഷ്യൽ ലൈഫ് കുറവായിരുന്നു. ഫോറസ്റ്റ് ഗേറ്റിൽ ഗംഗാധരൻ മാമന്റെ വീട്ടിൽ പോകുമായിരുന്നു. രുഗ്മിണി അപ്പച്ചിക്കും മാമനും എന്നോട് വലിയ കാര്യമായിരുന്നു. എനിക്ക് നരേന്ദ്രനുമായിട്ടായിരുന്നു കൂടുതൽ അടുപ്പം. ഞങ്ങളാണ് ആദ്യമായി യൂണിവേഴ്സിറ്റിയിൽ ചേർന്ന മലയാളികൾ. ശ്രീധരൻ മാമൻ വഴി പോർട്ട് ലാൻഡിൽ മൂന്നര ആഴ്ച ജോലി ചെയ്ത ശമ്പളം ഉപയോഗിച്ച് നാട്ടിൽ പന്ത്രണ്ട് സെന്റ് സ്ഥലം വാങ്ങി. ഇതാണ് എന്റെ നാട്ടിലെ ഏക സമ്പാദ്യം. ഡിഗ്രിക്ക് പഠിച്ചപ്പോൾ ടവർ ഹാംലെറ്റ് കൗൺസിലിൽ വേനൽ അവധിക്കാലത്തു ഒരു ജോലി കിട്ടി. അടുത്ത വർഷം മുതൽ സുഭാഷിനെയും ഗിരിധരനെയും ഞാൻ അവിടെ ജോലിക്ക് കയറ്റി. അക്കാലത്തു ധാരാളം മലയാളികളെ പലരീതിയിൽ സഹായിച്ചിട്ടുണ്ട്.

ഡിഗ്രിക്ക് രണ്ടാം വർഷം പഠിക്കുമ്പോഴാണ് ശ്രീനാരായണ ഗുരു മിഷൻ സ്ഥാപിതമാകുന്നത്. അതിന്റെ ഫൗണ്ടിംഗ് കമ്മിറ്റിയിൽ എന്നെയും ചേർത്തു. പഠനം കഴിഞ്ഞതിനു ശേഷം അസിസ്റ്റന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ, ഇനാഗുറേഷൻ കമ്മിറ്റി ചെയർമാൻ, സ്പെഷ്യൽ സോവനീർ കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ബിൽഡിംഗ് ഇനാഗുറേഷൻ വരെയുള്ള 10 വർഷം ആ പ്രോജക്ടിന് നേതൃത്വം നൽകി. അതിനു മുമ്പ് വാങ്ങിയ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക് നേതൃത്വം നൽകി.

ആദ്യകാലത്ത് കൈരളി കലാസമിതി എന്ന സംഘടന നിരവധി നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സെക്രട്ടറി ശ്രീ. ദേവദാസ് പണിക്കരായിരുന്നു. 1980 മുതൽ അവരുടെ നാടകങ്ങളിൽ ഞാനും അഭിനയിക്കാൻ തുടങ്ങി. പിന്നെ വി.കെ. അങ്കിളിന്റെ സഹായത്തോടെ മിഷനിലും നിരവധി നാടകങ്ങൾ അവതരിപ്പിച്ചു. കൂടാതെ ഞാൻ ലണ്ടൻ മലയാളി ജീവിതത്തെ ആസ്പദമാക്കി ഒരു നാടകം എഴുതുകയും അത് മിഷൻ ഹാളിൽ അവതരിപ്പിക്കുകയും ചെയ്തു. സീനിയർ ഐ.ടി. പ്രോജക്ട് മാനേജരായി 2020ൽ വിരമിച്ചു.

ഇപ്പോൾ M.A.U.K, കൊച്ചിൻ കലാഭവൻ ലണ്ടൻ തുടങ്ങിയവയുടെ നാടകത്തിൽ അഭിനയിക്കുന്നു. നിരവധി ഇംഗ്ലീഷ് ഷോർട്ട് ഫിലിം, ഫീച്ചർ ഫിലിം, കൊമേഴ്സ്യൽസ്, മ്യൂസിക് വീഡിയോസ് എന്നിവയിലും ശശിനായർ നിർമിച്ച അനന്തപുരം ഡയറീസ് എന്ന മലയാള സിനിമയിലും അഭിനയിച്ചു. നീണ്ട 52 വർഷത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ലണ്ടനിൽ വരാൻ സാധിച്ചതിൽ, അച്ഛൻ വരുത്തിയതിന്റെ പേരിൽ ജീവിതം പ്രതീക്ഷയ്ക്കുമപ്പുറത്തേക്ക് മാറിമറഞ്ഞു. പലരും അതിനു ശേഷം കുടുംബങ്ങളെ വരുത്താൻ തീരുമാനിച്ചു. ആദ്യ തലമുറയിലുള്ളവരെ പലവിധത്തിൽ സഹായിക്കാനും അവരുടെ സ്വപ്നമായ മിഷൻ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വം കൊടുക്കാനും സാധിച്ചു. ആദ്യമായി യൂണിവേഴ്സിറ്റിയിൽ പഠിച്ചത് രണ്ടാം തലമുറയിലെ പലർക്കും പഠിക്കുവാൻ താല്പര്യം ജനിക്കുന്നതിനും കാരണമായി. കൂടാതെ ധാരാളം പേരെ ട്യൂഷൻ വഴി ഉയർത്തുവാനും സാധിച്ചു എന്നോർക്കുമ്പോൾ മനസ്സിൽ അഭിമാനവും സന്തോഷവുമുണ്ട്. എന്റെ അച്ഛനേയും അമ്മയേയും, വാസുദേവൻ അപ്പൂപ്പ, മിഷന്റെ ആദ്യ ജനറൽ സെക്രട്ടറി ശ്രീ. രവീന്ദ്രൻ, ആദ്യ പ്രസിഡന്റ് ശ്രീ. കെ.ടി.വി ശ്രീധരൻ, മിഷന്റെ ലീഡിങ് സ്ഥാപകൻ ശ്രീ. വി.കെ നാരായണൻ എന്നിവരെ സ്നേഹപൂർവ്വം സ്മരിക്കുകയും അവരുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.


കേളി UK
കേരളപ്പിറവി – 2025
ഡോ. ആരതിറാം ശശികല
Achievement Award
For Pioneering Research in
Piezoelectroceatis
2025 ലെ കേളി
പുരസ്കാരത്തിന് അർഹരായവർ
വി. മുരളീധരൻ
( നാടക - സിനിമ നടൻ )
ആർട്ടിസ്റ്റ് ശിവാനന്ദൻ
കണ്വാശ്രമത് അനുസ്മരണ പുരസ്കാരം
സലീന സദാശിവൻ
( നാടകകൃത്ത്, സംവിധായിക )
സോണിയ അരുൺ
( നാടകകൃത്ത്, സംവിധായിക )
രശ്മി പ്രകാശ്
( കവയിത്രി )
കെ. നാരായണൻ
( നാടക സംവിധായകൻ )
അശോക് കുമാർ
1st Malayali Completed All
World Marathon Majors
പ്രിയവ്യതൻ
( കവി )
2025 നവംബർ 1 -ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണി മുതൽ
സ്ഥലം. Ripple Centre Ripple Road, Barking 1G ll 7PB



കേളി
UK
കേരളപ്പിറവി – 2025
SWAYAM
PROPERTY SERVICES LTD
neil
travel & tours ltd
0208 548 1210
ദൃശ്യകല
MAUK
അവതരിപ്പിക്കുന്ന നാടകം
Theyyam
തെയ്യം
അണിയറ ശില്പികൾ
RAJAN KIZHAKKANELA
VIJAYAN KADAMBERY , PRANAVAM MADHU, A.G. KULAMADA
JOI GOPI, SUBHASH KUMAR, SREEVALSALAN, SAMBASIVAN
SASI S KULAMADA
Ripple Centre, Ripple Rd Barking Ig ll 7 FB
2025 Saturday 08 th November
07956466490
07941024129

# ONE STOP SHOP FOR ALL YOUR PROPERTY NEEDS

Tel : 02084717049

since 1999

SWAYAM

PROPERTY SERVICES LTD

www.swayam.co.uk

## YOUR TRUSTED LETTING PARTNER

WITH OVER 25 years OF EXPERIENCE

info@swayam.co.uk

NRLA NATIONAL RESIDENTIAL LANDLORDS ASSOCIATION

UK ALA

| | | LETTINGS | MANAGEMENT | MAINTENANCE | MORTGAGES | | |